# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ഏപ്രിൽ 28 | ദീപം 55 | നാളം 8 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org




## ഈശോയുടെ മുറിവുകളെ ധ്യാനിക്കുമ്പോൾ

# സമാധാനം നമ്മുടെ കടമയാണ്

**ഈസ്റ്റർദിനത്തിൽ ഫ്രാൻസിസ് മാർ പാപ്പാ വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽനിന്നു നല്കിയ ഊർബി എത്ത് ഓർബി (നഗരത്തിനും ലോകത്തിനും) സന്ദേശത്തിൽനിന്ന്**

ക്രൂശിക്കപ്പെട്ട ഈശോ ഉയിർത്തെഴുന്നേറ്റു! ക്രൂശിൽ മരിച്ചു കല്ലറയിൽ അടക്കപ്പെട്ട ഈശോതന്നെയാണ് യഥാർത്ഥ ഈശോ. ഭയവും വേദനയും വിലാപവും നിറഞ്ഞവരുടെ അടുത്തുവന്ന് ഉത്ഥിതൻ പറഞ്ഞു: നിങ്ങൾക്കു സമാധാനം. ശിഷ്യന്മാരുടെ അവിശ്വസനീയമായ കണ്ണുകൾക്കുമുന്നിൽ അവൻ ആവർത്തിക്കുന്നു: 'നിങ്ങൾക്കു സമാധാനം!'

'ക്രിസ്തു ഉയിർത്തെഴുന്നേറ്റു! അവൻ സത്യമായും ഉയിർത്തെഴുന്നേറ്റു!' അതൊരു മിഥ്യയല്ല, നമ്മുടെ ഭാവനയുടെ ഫലവുമല്ല. ഇന്ന്, എന്നത്തേക്കാളും, നമുക്ക് അവനെ ആവശ്യമുണ്ട്. നമുക്കു സ്നേഹത്തിന്റെ വിജയത്തിൽ വിശ്വസിക്കാനും അനുരഞ്ജനത്തിനായി പ്രത്യാശിക്കാനും ക്രൂശിക്കപ്പെട്ടതും ഉയിർത്തെഴുന്നേറ്റതുമായ കർത്താവിനെ ആവശ്യമുണ്ട്. ഇന്ന്, എന്നത്തെക്കാളും, അവൻ നമ്മുടെ ഇടയിൽ നിൽക്കുകയും നമ്മോട് ആവർത്തിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്: 'നിങ്ങൾക്കു സമാധാനം!'

ഇന്ന് നമ്മോടു സമാധാനത്തെക്കുറിച്ചു സംസാരിക്കാനുള്ള അവകാശം അവനുണ്ട്. ഈശോയ്ക്കു മാത്രമേ അതിനു കഴിയൂ. കാരണം, അവൻ നമ്മുടെ മുറിവുകൾ വഹിക്കുന്നു, അവ നമ്മോടുള്ള അവന്റെ സ്നേഹത്തിന്റെ മായാത്ത മുദ്രയാണ്, ശാശ്വതമായ ഒരു മദ്ധ്യസ്ഥപ്രവൃത്തിയാണ്, അങ്ങനെ സ്വർഗസ്ഥനായ പിതാവ് അവയെ കാണുമ്പോൾ നമ്മോടും ലോകം മുഴുവനോടും കരുണ കാണിക്കും. ഉയിർത്തെഴുന്നേറ്റ ഈശോയുടെ ശരീരത്തിലെ മുറിവുകൾ അവൻ നമുക്കായി പൊരുതി ജയിച്ച, സ്നേഹത്തിന്റെ ആയുധങ്ങൾകൊണ്ടു നേടിയ യുദ്ധത്തിന്റെ അടയാളമാണ്, അങ്ങനെ നമുക്കു സമാധാനമുണ്ടാകാനും സമാധാനത്തിൽ നിലനിൽക്കാനും സാധിക്കുന്നു. ആ മഹത്തായ മുറിവുകളെ നാം ധ്യാനിക്കുമ്പോൾ, നമ്മുടെ അവിശ്വസനീയമായ കണ്ണുകൾ വിടർന്ന്, കഠിനമായ ഹൃദയങ്ങൾ തുറന്ന് ഈസ്റ്റർ സന്ദേശത്തെ നാം സ്വാഗതം ചെയ്യുന്നു: 'നിങ്ങൾക്കു സമാധാനം!'

സഹോദരീസഹോദരന്മാരേ, ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ജീവിതത്തിലും വീടുകളിലും രാജ്യങ്ങളിലും പ്രവേശിക്കാൻ നമുക്ക് അനുവദിക്കാം!

യുദ്ധത്തിൽ തകർന്ന യുക്രെയ്നു സമാധാനമുണ്ടാകട്ടെ, യുക്രെയ്ൻ വലിച്ചിഴയ്ക്കപ്പെട്ട ക്രൂരവും വിവേകശൂന്യവുമായ യുദ്ധത്തിന്റെ അക്രമവും നാശവുംകൊണ്ട് കഠിനമായി പരീക്ഷിക്കപ്പെട്ടു. കഷ്ടപ്പാടുകളുടെയും മരണത്തിന്റെയും ഭയാനകമായ ഈ രാത്രിയിൽ, പ്രത്യാശയുടെ ഒരു പുതിയ പ്രഭാതം ഉടൻ പ്രത്യക്ഷപ്പെടട്ടെ! സമാധാനത്തിന് ഒരു തീരുമാനമുണ്ടാകട്ടെ. ആളുകൾ കഷ്ടപ്പെടുമ്പോൾ ശക്തിപ്രകടനത്തിന് അറുതി വരട്ടെ. ദയവായി, ദയവായി, നാം യുദ്ധം ചെയ്യരുത്! നമ്മുടെ മുകപ്പുകളിലും തെരുവീഥികളിലും നിന്നു സമാധാനത്തിനായി മുറവിളി കൂട്ടാൻ നമുക്കെല്ലാവർക്കും പ്രതിജ്ഞാബദ്ധരാകാം! സമാധാനത്തിനായുള്ള ജനങ്ങളുടെ അഭ്യർത്ഥന രാഷ്ട്രനേതാക്കൾ കേൾക്കട്ടെ. ഏതാണ്ട് എഴുപതുവർഷംമുമ്പ് ശാസ്ത്രജ്ഞർ ഉന്നയിച്ച ആ വിഷമകരമായ ചോദ്യം അവർ ശ്രദ്ധിക്കട്ടെ: 'നമ്മൾ മനുഷ്യരാശിയെ ഇല്ലാതാക്കുമോ, അതോ മനുഷ്യവർഗം യുദ്ധം ഉപേക്ഷിക്കുമോ?' (റസ്സൽ - ഐൻസ്റ്റീൻ മാനിഫെസ്റ്റോ, 9 ജൂലൈ 1955).

അനേകം യുക്രെയ്നിയൻ ഇരകൾ, ദശലക്ഷക്കണക്കിന് അഭയാർത്ഥികൾ, ആന്തരികമായി കുടിയൊഴിപ്പിക്കപ്പെട്ടവർ, വിഭജിച്ച കുടുംബങ്ങൾ, പ്രായമായവർ, തകർന്നു നിലംപൊത്തിയ നഗരങ്ങൾ എന്നിവയെല്ലാം ഞാൻ എന്റെ ഹൃദയത്തിൽ സൂക്ഷിക്കുന്നു. യുദ്ധത്തിൽനിന്നു പലായനം ചെയ്യുന്ന അനാഥരായ കുട്ടികളുടെ മുഖങ്ങൾ ഞാൻ കാണുന്നു. നാം അവരെ നോക്കുമ്പോൾ, നമ്മുടെ ലോകമെമ്പാടും കഷ്ടപ്പെടുന്ന മറ്റെല്ലാ കുട്ടികളുടെയും വേദനയുടെ കരച്ചിൽ കേൾക്കാതിരിക്കാൻ നമുക്കു കഴിയില്ല.

പ്രിയ സഹോദരീസഹോദരന്മാരേ, എല്ലാ യുദ്ധവും അതിന്റെ അനന്തരഫലങ്ങളും മുഴുവൻ മനുഷ്യകുടുംബത്തെയും ബാധിക്കുന്നു. യുദ്ധത്തിന്റെ തുടർച്ചയായ അടയാളങ്ങളും ജീവിതത്തിന്റെ വേദനാജനകമായ നിരവധി തിരിച്ചടികളും അഭിമുഖീകരിക്കുമ്പോൾ, പാപത്തിന്റെയും ഭയത്തിന്റെയും മരണത്തിന്റെയും വിജയിയായ യേശുക്രിസ്തു, തിന്മയ്ക്കും അക്രമത്തിനും കീഴടങ്ങരുതെന്ന് നമ്മെ ഉദ്ബോധിപ്പിക്കുന്നു. സഹോദരീസഹോദരന്മാരേ, ക്രിസ്തുവിന്റെ സമാധാനത്താൽ നാം വിജയിക്കട്ടെ! സമാധാനം സാധ്യമാണ്; സമാധാനം ഒരു കടമയാണ്; സമാധാനം എല്ലാവരുടെയും പ്രാഥമികോത്തരവാദിത്വമാണ്! ■

# ഇടിയും മിന്നലുമായി ഇലക്ട്രിസിറ്റി ബോർഡ്!



ഡിജോ കാപ്പൻ

വൈദ്യുതി ബോർഡ്, റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, വാട്ടർ അതോറിട്ടി, തദ്ദേശഭരണസ്ഥാപനങ്ങൾ തുടങ്ങിയ പബ്ലിക് യൂട്ടിലിറ്റി സർവീസുകളുടെ സേവനപരമായ പ്രവർത്തനങ്ങൾ ലാഭനഷ്ടം കൂടാതെയായിരിക്കണമെന്നതാണു സങ്കല്പം. ഇതുകൊണ്ട് ഇവരുടെ സേവനം പൂർണമായും സൗജന്യമായിരിക്കണമെന്ന് ആരും ആഗ്രഹിക്കുന്നുണ്ടാവില്ല. പ്രവർത്തനത്തിനാവശ്യമായ തുക ഉപഭോക്താക്കൾ നൽകാൻ തയ്യാറുമാണ്. പക്ഷേ, ഇങ്ങനെ ഈടാക്കുന്ന തുകകൊണ്ട് പ്രസ്തുതസ്ഥാപനങ്ങൾക്ക് ഒരിക്കൽപ്പോലും നല്ല നിലയിൽ മുന്നോട്ടുപോകാൻ കഴിയുന്നില്ലെന്നതാണ് അനുഭവസാക്ഷ്യം. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയും ധൂർത്തും അഴിമതിയുംമൂലം ചില സ്ഥാപനങ്ങൾ മുമ്പോട്ടുപോകാൻ കഴിയാത്തവിധം സാമ്പത്തികപ്രതിസന്ധിയിൽ എത്തിയിരിക്കുകയാണ്. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണം കെ.എസ്.ആർ.ടി.സിയാണ്. പ്രതിവർഷം ആയിരം കോടി നൽകിയിട്ടും പിടിച്ചുനിൽക്കാൻ പറ്റുമോ എന്ന കാര്യത്തിൽ ഗതാഗതമന്ത്രിക്കുപോലും വിശ്വാസമില്ല.

പ്രവർത്തനച്ചെലവിനു പണമില്ലാതെ വരുമ്പോൾ ഇവരെല്ലാം ചെയ്യുന്നത് ഒന്നുതന്നെ. വരുമാനം വർദ്ധിപ്പിക്കാൻ, വൈദ്യുതിചാർജായാലും യാത്രക്കൂലിയായാലും, അവയിലെ ചാർജുവർദ്ധന നടത്തും. നിരക്കുകൾ വർദ്ധിപ്പിക്കേണ്ടതുണ്ടോ, വർദ്ധന നീതീകരിക്കാവുന്നതാണോ, വരുമാനവർദ്ധനയ്ക്കു മറ്റു മാർഗങ്ങളുണ്ടോ എന്നൊന്നും ആലോചിക്കാറില്ല. ഓരോ വിഭാഗത്തിലുംപെട്ട ഉപഭോക്താക്കളെ കുത്തിപ്പിഴിഞ്ഞ് നിരക്കുകൾ വർദ്ധിപ്പിക്കുന്നതാണു മുൻകാലാനുഭവം. വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അനുവാദമില്ലാതെ വൈദ്യുതിനിരക്ക് വർദ്ധിപ്പിക്കാൻ നിയമം അനുവദിക്കാത്തതുകൊണ്ടാണ് ഊതിപ്പെരുപ്പിച്ച കണക്കുകളുമായി വൈദ്യുതിബോർഡ് കമ്മീഷനെ സമീപിക്കുന്നത്. അടുത്ത അഞ്ചു വർഷത്തേക്കുള്ള താരിഫ് നിശ്ചയിക്കുന്നതിലേക്കായി ബോർഡ് കമ്മീഷനു മുമ്പാകെ സമർപ്പിച്ചിരിക്കുന്നത് കള്ളക്കണക്കുകളാണെന്ന ആരോപണവുമായി ബോർഡിലെ 4500 ഓഫീസർമാരിൽ 4000 പേരുടെ പിന്തുണയുണ്ടെന്ന് അവകാശപ്പെടുന്ന ഓഫീസേഴ്സ് അസോസിയേഷൻപോലും രംഗത്തു വരുകയുണ്ടായി.

▶10



# അഗ്നിശുദ്ധിയിൽ ദീപ്തമായ 95 വർഷങ്ങൾ





**ഡോ. ജോർജ് തയ്യിൽ**

**തൊ**ണ്ണൂറ്റിയഞ്ചു വയസ്സിന്റെ നിറവിലാണ് പരിശുദ്ധ ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ. കത്തോലിക്കാസഭ കണ്ടതിൽവച്ച് ഏറ്റവും പ്രായംകൂടിയ മാർപാപ്പായെന്ന സവിശേഷതയും ബെനഡിക്ട് പതിനാറാമന്. 2022 ഏപ്രിൽ 16 ന് അദ്ദേഹത്തിന് 95 വയസ്സ് തികഞ്ഞു. 1927 ലായിരുന്നു ജനനം. ജർമനിയിലെ ബവേറിയൻ പ്രവിശ്യയിൽ മരിയൻ തീർത്ഥാടനകേന്ദ്രമായ അൽട്ടോട്ടിങ് പട്ടണത്തിൽനിന്നു പതിനഞ്ചു കിലോമീറ്റർ അകലെ മാർക്റ്റൽ അം ഇൻ എന്ന പ്രകൃതിമനോഹരമായ ഗ്രാമത്തിലാണ് ജോസഫ് റാറ്റ്സിങ്ങറുടെ ജനനം. പിതാവ് ജോസഫ് റാറ്റ്സിങ്ങർ സീനിയർ ഒരു പോലീസുകാരൻ, മാതാവ് മരിയ ഹോട്ടലിലെ പാചകക്കാരി, അവിവാഹിതയായ മൂത്ത സഹോദരി മരിയ ദീർഘകാലം അനുജന്മാരെ പരിചരിച്ചശേഷം 1991 ൽ മരണമടഞ്ഞു. ജ്യേഷ്ഠൻ മോൺസിഞ്ഞോർ ജോർജ് റാറ്റ്സിങ്ങർ റേഗൻസ്ബർഗ് കത്തീഡ്രലിലെ ഗായകസംഘമേധാവിയായിരുന്നു. 2020 ജൂലൈ ഒന്നിന് അദ്ദേഹം വർദ്ധക്യസഹജമായ രോഗങ്ങളാൽ മരണമടഞ്ഞു.



*ബനഡിക്ട് പാപ്പായോടൊപ്പം ലേഖകൻ (ഫയൽ ചിത്രം)*

റാറ്റ്സിങ്ങർ സഹോദരന്മാർ ഇരട്ടകളെപ്പോലെയാണു കഴിഞ്ഞിരുന്നത്. രൂപത്തിലും ഭാവത്തിലും നടപ്പിലും എല്ലാം അവർ ഏതാണ്ടൊരുപോലെതന്നെ. മൂന്നു വയസ്സിനു വ്യത്യാസമുണ്ടെങ്കിലും വൈദികപട്ടം സ്വീകരിച്ചത് ഒരേ ദിവസം, 1951 ജൂൺ 29 ന്. ജ്യേഷ്ഠൻ സംഗീതജ്ഞനും റേഗൻസ്ബർഗ് കത്തീഡ്രലിലെ 'കപ്പേൽമൈസ്റ്ററു'മായി. അനുജൻ കത്തോലിക്കാസഭയുടെ പരമാധ്യക്ഷനും. ബെനഡിക്ട് പതിനാറാമനെ 'ജോസഫ്' എന്ന പഴയ പേരെടുത്തു വിളിക്കുന്ന ഒരാൾ മാത്രമേ ഈ ഭൂമുഖത്തുണ്ടായിരുന്നുള്ളൂ. അതു ജ്യേഷ്ഠൻ ജോർജ് റാറ്റ്സിങ്ങറായിരുന്നു. 2020 ജൂൺ അവസാനം മരണാസന്നനിലയിലായിരുന്ന ജ്യേഷ്ഠനോടൊപ്പം ചെലവഴിക്കാൻ സ്ഥാനത്യാഗം ചെയ്തശേഷം ആദ്യമായി ശാരീരികബലഹീനതകൾ അവഗണിച്ചു പാപ്പാ എമിരറ്റസ് വത്തിക്കാൻ വിട്ട് റേഗൻസ്ബർഗിലെത്തി. ഒരുമിച്ചു പ്രാർത്ഥിച്ചും കുർബാന ചൊല്ലിയും അഞ്ചു ദിവസങ്ങൾ ചെലവഴിച്ചശേഷം പാപ്പാ 2020 ജൂൺ 22 ന് റോമിലേക്കു തിരിച്ചുപോയി. ജൂലൈ ഒന്നിന് ജ്യേഷ്ഠൻ മരിച്ചപ്പോൾ പാപ്പാ ഏറെ ദുഃഖിതനായി മാസങ്ങളോളം ചെലവഴിച്ചു.

വത്തിക്കാൻകുന്നിൽ അക്രുലോൺ ഫൗണ്ടനു സമീപം 1990ൽ പണികഴിപ്പിക്കപ്പെട്ട മനോഹരമായ മത്തേഎക്ലേസിയ ആശ്രമത്തിൽ പ്രാർത്ഥനയിലും ധ്യാനത്തിലും വ്യാപൃതനായി പാപ്പാ ബനഡിക്ട് സജീവമാണ്. ഏറെ വിശ്വസ്തനായ പ്രൈവറ്റ് സെക്രട്ടറി ആർച്ചുബിഷപ് ജോർജ് ഹേൻഷൈൻ സദാസമയവും കൂടെയുണ്ട്.

കൊളുത്തിവച്ച വിളക്കുപോലെ പ്രകാശപൂരിതമാണ് ബെനഡിക്ട് പാപ്പായുടെ ജീവിതരേഖ. പ്രശ്നകലുഷിതമായ ഒരു കാലഘട്ടത്തിലാണ് സഭാനൗകയെ നയിക്കാൻ ജോൺ പോൾ രണ്ടാമൻ പാപ്പാ നിയോഗിക്കപ്പെട്ടത്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിലനിന്നിരുന്ന വികലമായ ദൈവശാസ്ത്രചിന്തകളെ നിയന്ത്രിക്കാനും സഭയിലെ പുരോഗമനവാദികൾക്കു നേർവഴി കാണിച്ചുകൊടുക്കാനും പരിശുദ്ധ പിതാവ് ഏറെ പണിപ്പെട്ടു. തത്ത്വത്തിൽ ഒരു ദൈവശാസ്ത്രപണ്ഡിതനല്ലായിരുന്ന ജോൺ പോൾ രണ്ടാമന്, സഭയെ ആഗോളമായി ബാധിച്ചിരുന്ന വിശ്വാസശോഷണത്തിന്റെ പുനഃസ്ഥാപനത്തിനു പ്രാപ്തനായ ഒരു സഹായിയെ ആവശ്യമായി വന്നു. സ്വതവേ ലളിതഹൃദയനും ശാന്തനുമായിരുന്ന ജോൺപോൾ രണ്ടാമൻ പാപ്പാ, കത്തോലിക്കാസഭയ്ക്കു വെല്ലുവിളിയായിനിന്ന നിരവധി ദൈവശാസ്ത്രപരമായ തെറ്റുധാരണകള അകറ്റാനും അവയ്ക്കു സമുചിതമായ ഉത്തരങ്ങൾ നൽകാനും കണ്ടുപിടിച്ച വിശ്വസ്ത വ്യക്തിയായിരുന്നു കർദിനാൾ റാറ്റ്സിങ്ങർ. ദൈവവചനത്തിലും ആരാധനക്രമങ്ങളിലും സഭാപിതാക്കന്മാരുടെ പഠനങ്ങളിലും അടിസ്ഥാനമിടുന്നതായിരുന്നു റാറ്റ്സിങ്ങറുടെ പ്രഘോഷണശൈലി. അങ്ങനെ, ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ ഗൗരവമേറിയ ദൈവശാസ്ത്രപരമായ തീരുമാനങ്ങൾക്കു പിന്നിൽ തലച്ചോറായി വർത്തിക്കാൻ കർദിനാൾ റാറ്റ്സിങ്ങറെ വത്തിക്കാനിലേക്കു വിളിച്ചു. 1981 ൽ പാപ്പാ അദ്ദേഹത്തെ വിശ്വസനീയസംഘം, അന്താരാഷ്ട്ര ദൈവശാസ്ത്രക്കമ്മീഷൻ, പൊന്തിഫിക്കൽ ബിബ്ലിക്കൽ കമ്മീഷൻ എന്നീ സുപ്രധാനതസ്തികകളുടെ അധ്യക്ഷനായി നിയമിച്ചു.

വിശ്വാസതിരുസംഘത്തിന്റെ പ്രീഫെക്ട് ആയശേഷം കർദിനാൾ റാറ്റ്സിങ്ങറുടെ ആദ്യത്തെ ഉദ്യമം, 1980 കളിൽ പ്രബലമായിക്കൊണ്ടിരുന്ന വിമോചനദൈവശാസ്ത്രത്തിനെതിരേ (ലിബറേഷൻ തിയോളജി) സഭയുടെ നിലപാടു ശക്തമാക്കുക എന്നതായിരുന്നു. മാർക്സിസ്റ്റ് തത്ത്വശാസ്ത്രത്തിലെ 'വിമോചനം' എന്ന സങ്കീർണമായ വാക്കിന് അദ്ദേഹം ക്രിസ്തീയതലങ്ങളിൽ സമുചിതമായ പുനർനിർവചനം നൽകി. പിന്നീട് തൊണ്ണൂറുകളിൽ പൊന്തിവന്ന ആപേക്ഷിക സിദ്ധാന്തത്തെ സഭയുടെ അടിസ്ഥാനത്തിൽ പുനർനിർണയിക്കുക എന്നതായിരുന്നു അടുത്ത ദൗത്യം. പരമമായ സത്യം എന്നൊന്നില്ല എന്നു വാദിച്ചവരോടു സത്യം നിലനിൽക്കുന്നുവെന്ന് അദ്ദേഹം അടിസ്ഥാനപരമായി സ്ഥാപിച്ചു. റാറ്റ്സിങ്ങർ എപ്പോഴും ഏറ്റവും പ്രാധാന്യം നൽകി സംരക്ഷിച്ചുകൊണ്ടിരുന്നത് കത്തോലിക്കാസഭയുടെ ആരാധനക്രമത്തിന്റെ പുനഃപ്രതിഷ്ഠയായിരുന്നു.

വിമോചനദൈവശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കളായ ജർമൻ തത്ത്വചിന്തകൻ, മ്യൂണിക്കിലെ യോഹാൻ ബാപ്റ്റിസ്റ്റ് മെറ്റ്സും റ്റിബിങ്ങനിലെ യൂർഗൻ മോൾട്ട്മാനും തുടങ്ങിവച്ച സഭാവിമർശനങ്ങളെ പ്രതിരോധിക്കാൻ റാറ്റ്സിങ്ങർ പ്രബന്ധങ്ങളെഴുതി. മാർക്സിസത്തിൽനിന്നു വിപ്ലവാശയങ്ങൾ സ്വീകരിച്ചു ക്രിസ്തീയവിശ്വാസത്തെ വികലമാക്കാൻ ശ്രമിച്ചവരിൽനിന്നു സഭയെ അദ്ദേഹം പരിരക്ഷിച്ചു. ആരാധനക്രമത്തിന്റെ ഔന്നത്യവും പ്രബുദ്ധതയും ചരിത്രത്തെയും കാലത്തെയും അതിജീവിക്കുന്ന ശ്രേഷ്ഠതയും പുനർവ്യാഖ്യാനം ചെയ്യുന്നതിനും അതു സഭയുടെയും ക്രിസ്തീയജീവിതത്തിന്റെയും കേന്ദ്രബിന്ദുവാകാൻ സഹായിക്കുന്നതിനും റാറ്റ്സിങ്ങർ രചിച്ച പുസ്തകമാണ് 'ആരാധനക്രമത്തിന്റെ ആത്മാവ്' (Der Geist der Liturgie).

സ്വവർഗരതി, ഗർഭച്ഛിദ്രം, ഗർഭനിരോധനം, സ്ത്രീപൗരോഹിത്യം തുടങ്ങിയവയ്ക്കെതിരായി ശക്തമായ നിലപാടുകൾ റാറ്റ്സിങ്ങർ എടുത്തിരുന്നു. വൈദികരുടെ ബ്രഹ്മചര്യത്തെയും അദ്ദേഹം ശക്തിയുക്തം പിന്താങ്ങിയിരുന്നു. കർക്കശമായ തീരുമാനങ്ങളും മതാനുഷ്ഠാനങ്ങളും മൂലമല്ലേ ധാരാളം ആളുകൾ സഭ വിട്ടുപോകുന്നത് എന്ന ചോദ്യത്തിന്, രണ്ടായിരത്തിൽപ്പരം വർഷങ്ങളായി സഭയെപ്പോലെ കെട്ടുറപ്പോടെ നിലനിൽക്കുന്ന മറ്റേതെങ്കിലും സംഘടനയോ പ്രസ്ഥാനമോ ഒന്നുംതന്നെയില്ലെന്നും സഭയുടെ നിലനില്പിന്റെ ആവശ്യംതന്നെ കർക്കശമായി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുക എന്നുമായിരുന്നു റാറ്റ്സിങ്ങറുടെ മറുപടി. കത്തോലിക്കാവിശ്വാസം സംരക്ഷിക്കുന്ന തികഞ്ഞ യാഥാസ്ഥിതിക പുരോഗമനവാദിയായിരുന്ന റാറ്റ്സിങ്ങർ കത്തോലിക്കാസഭയ്ക്കു കോട്ടം തട്ടുന്ന ഒരു തീരുമാനത്തെയും വകവച്ചിരുന്നില്ല.

വിശ്വാസതിരുസംഘത്തിന്റെ പ്രീഫെക്റ്റ് എന്ന നിലയിൽ തനിക്കാവുന്നതെല്ലാം ചെയ്തശേഷം റേഗൻസ്ബർഗിലേക്കു മടങ്ങണമെന്നും പെന്റ്ലിങ്ങിലെ സ്വവസതിയിൽ പ്രാർത്ഥനയും വായനയും എഴുത്തുമായി ശിഷ്ടകാലം ചെലവഴിക്കണമെന്നും ആഗ്രഹം പ്രകടിപ്പിച്ച റാറ്റ്സിങ്ങറെ മടങ്ങാൻ അനുവദിച്ചില്ലെന്നു മാത്രമല്ല, കൂടുതൽ ചുമതലകൾ നൽകി കർദിനാൾ തിരുസംഘത്തിന്റെ ഡീൻ ആയി ജോൺപോൾ രണ്ടാമൻ നിയമിച്ചു. 2005 ഏപ്രിൽ രണ്ടിന് എൺപത്തിനാലാമത്തെ വയസ്സിൽ പാപ്പാ കാലം ചെയ്തപ്പോൾ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിലേക്ക് 265-ാമത്തെ പിൻഗാമിയായി കർദിനാൾ റാറ്റ്സിങ്ങർ തിരഞ്ഞെടുക്കപ്പെട്ടു.

പിന്നീട് നാം കാണുന്നത് ചരിത്രമാണ്. 2013 ഫെബ്രുവരി 28 ന് സ്ഥാനത്യാഗം ചെയ്യുന്നതുവരെ സഭയെ അഗ്നിശുദ്ധി ചെയ്യാൻ ബെനഡിക്ട് പാപ്പാ എഴുതിക്കൂട്ടിയത് 66 ഐതിഹാസികഗ്രന്ഥങ്ങളാണ്. 1963 മുതൽ 2012 വരെയുള്ള കാലയളവിലാണ് പാപ്പാ തന്റെ പ്രധാനപ്പെട്ട എല്ലാ ഗ്രന്ഥങ്ങളും എഴുതിയത്. 1968 ൽ റ്റീബിങ്ങൻ യൂണിവേഴ്സിറ്റിയിൽ തിയോളജി പ്രൊഫസറായി സേവനമനുഷ്ഠിച്ചപ്പോൾ രചിച്ച 'ക്രൈസ്തവികതയുടെ ഒരാമുഖം' എന്ന ഇതിഹാസസമാനമായ ഗ്രന്ഥം അപ്പസ്തോലന്മാരുടെ വിശ്വാസപ്രമാണങ്ങളിലെ പന്ത്രണ്ടു ഭാഗങ്ങളുടെ ഗാഢമായ വ്യാഖ്യാനങ്ങളാണ്. ക്രിസ്തീയവിശ്വാസത്തെ അടിമുടി എതിർക്കുന്നവർക്കുള്ള ചുട്ടമറുപടിയാണീ പുസ്തകം. ആറു പതിറ്റാണ്ടിലേറെ ദൈവശാസ്ത്രജ്ഞനെന്ന നിലയിൽ വായിച്ചും പഠിപ്പിച്ചും അനുഭവിച്ചും അറിഞ്ഞ വിവരങ്ങൾ മുഴുവൻ സംക്ഷിപ്തമായി വിവരിക്കുന്ന റാറ്റ്സിങ്ങറുടെ മാസ്റ്റർപീസ് മൂന്നു വാല്യങ്ങളായി എഴുതപ്പെട്ട 'നസ്രത്തിലെ യേശു' എന്ന കൃതിയാണ്. അദ്ദേഹത്തിന്റെ ആദ്യത്തെ ചാക്രികലേഖനമായ 'ദൈവം സ്നേഹമാകുന്നു (Deus Caritas Est) എന്ന തിരുവെഴുത്ത് പിന്നീട് കത്തോലിക്കാസഭയുടെ അടിസ്ഥാനപ്രമാണമായി മാറി. ബെനഡിക്റ്റ് പതിനാറാമനെ ലോകം സ്മരിക്കുക ദൈവശാസ്ത്രജ്ഞനായ മാർപാപ്പാ എന്ന രീതിയിലായിരിക്കും. മരുഭൂമിയിൽ ജ്വലിച്ചിറങ്ങുന്ന സൂര്യോദയംപോലെ അദ്ദേഹത്തിന്റെ കൃതികൾ എക്കാലവും വായിക്കപ്പെടും. വിശ്വാസസംരക്ഷണത്തിന്റെ കരങ്ങൾ ദുർബലമാകുമ്പോൾ ഭാവിയിൽ സഭാമേലധികാരികൾ അഭയം തേടുന്നത് റാറ്റ്സിങ്ങർ എഴുതിയ ഗ്രന്ഥങ്ങളിലായിരിക്കും.

2013 ഫെബ്രുവരി 11-ാം തീയതി നടത്തിയ സ്ഥാനത്യാഗപ്രഖ്യാപനത്തിൽ ബെനഡിക്ട് പാപ്പാ പറഞ്ഞു: വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിലെ ശുശ്രൂഷകൾ പൂർണമായി നിർവഹിക്കാൻ പ്രായാധിക്യംമൂലം സാധിക്കുന്നില്ലെന്നു ദൈവസന്നിധിയിൽ ആവർത്തിച്ചു നടത്തിയ ആത്മപരിശോധനയിൽ എനിക്കു മനസ്സിലായി. വിശ്വാസജീവിതത്തിന്റെ ദീപ്തമായ പ്രാധാന്യത്തെക്കുറിച്ചുള്ള വെല്ലുവിളികൾക്കും ചോദ്യങ്ങൾക്കും ഉചിതമായ ഉത്തരം കണ്ടുപിടിക്കാനും സുവിശേഷം പ്രഘോഷിക്കാനും മനസ്സിനും ശരീരത്തിനും ശക്തിയും കരുത്തും അനിവാര്യമാണ്. ആരോഗ്യം ശോഷിച്ചുവരുന്നതുകൊണ്ട് എന്നെ ഭരമേല്പിച്ചിരിക്കുന്ന സഭാശുശ്രൂഷകൾ സമുചിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. അങ്ങനെ, കത്തോലിക്കാസഭയിലെ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞൻ പൂർണവിശ്രമത്തിലേക്കു വിടവാങ്ങി, ശിഷ്ടകാലം സഭയ്ക്കും ലോകത്തിനുവേണ്ടി പ്രാർത്ഥിക്കാനും തപസ്സിരിക്കാനും. സ്മൃതിയുടെ സമയപരിധി കഴിഞ്ഞും എല്ലാക്കാലവും ഓർമയിൽ തിണർത്തു കിടക്കും ആ ഗുരുശ്രേഷ്ഠന്റെ ജീവിതരേഖ.

■

# യുക്രെയ്ൻ യുദ്ധം പുതിയ വഴിത്തിരിവിൽ



തോമസ് കുഴിഞ്ഞാലിൽ



**ഈസ്റ്റർദിന**ത്തിലെ വിശുദ്ധബലിയർപ്പണത്തിനുശേഷം വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ തടിച്ചുകൂടിയ ഒരു ലക്ഷം പേർ ശ്രവിച്ച 'ഉർബി എത്ത് ഓർബി' (നഗരത്തോടും ലോകത്തോടും) അഭിസംബോധനയിൽ യുക്രെയ്ൻ യുദ്ധത്തെ അപലപിക്കുകയും ലക്ഷക്കണക്കായ അഭയാർത്ഥികൾക്ക് അഭയംനൽകിയ രാജ്യങ്ങൾക്ക് കൃതജ്ഞത അറിയിക്കുകയും ചെയ്ത ഫ്രാൻസിസ് മാർപാപ്പ ഇങ്ങനെ കൂട്ടിച്ചേർത്തു: "യുദ്ധത്തിന്റെ ഈസ്റ്റർ നമ്മുടെ കണ്ണുകൾക്ക് അവിശ്വസനീയമാണ്. ഒരുപാടു രക്തവും അക്രമങ്ങളും നാം കണ്ടുകഴിഞ്ഞു. ശത്രുവിന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടാൻ അനേകം സഹോദരങ്ങൾ അടച്ചുപൂട്ടിയിരിക്കുമ്പോൾ നമ്മുടെ മനസ്സിലും ഭീതിയും വേദനയും നിറയുകയാണ്. വിവേകശൂന്യമായ യുദ്ധത്തിലേക്ക് വലിച്ചിഴക്കപ്പെട്ട യുക്രെയ്നിൽ സമാധാനം പുലരട്ടെയെന്നു പ്രാർത്ഥിക്കുന്നു."

രണ്ടാഴ്ചകൾക്കുമുമ്പ് സമാപിച്ച മാൾട്ട സന്ദർശനത്തിനിടയിലും യുദ്ധംമൂലം കഷ്ടപ്പെടുന്ന യുക്രെയ്ൻ ജനതയോടും പലായനം ചെയ്ത് അഭയാർത്ഥികളായവരോടുമുള്ള ഐക്യദാർഢ്യം പ്രകടിപ്പിച്ച് ഫ്രാൻസിസ് മാർപാപ്പ സന്ദേശം നൽകിയിരുന്നു. യുക്രെയ്നിലെത്തി അവിടത്തെ ജനങ്ങളെ ആശ്വസിപ്പിക്കാൻ ആഗ്രഹിക്കുന്നുണ്ടെന്നും അദ്ദേഹം വെളിപ്പെടുത്തി.

ഒഴിവാക്കാമായിരുന്ന ഒരു ദുരന്തമായി യുക്രെയ്നിലേക്കുള്ള റഷ്യയുടെ കടന്നുകയറ്റത്തെ വിലയിരുത്തുന്ന രാഷ്ട്രത്തലവന്മാരും രാഷ്ട്രീയനിരീക്ഷകരും ഏറെയാണ്. യുദ്ധം തുടങ്ങിയ ശേഷം റഷ്യൻപ്രസിഡന്റ് വ്ളാഡിമിർ പുടിനെ സന്ദർശിച്ചു ചർച്ചകൾ നടത്തി പാരീസിലേക്കു മടങ്ങിയ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോൺ പുടിനെ വിശേഷിപ്പിച്ചത് 'കപടവേഷധാരിയായ രാഷ്ട്രീയക്കാരൻ' എന്നാണ്.

റഷ്യയുടെ പ്രതിപക്ഷനേതാക്കളിൽ പ്രമുഖനും പുടിന്റെ കടുത്ത വിമർശകനുമായ അലക്സി നവൽനിയെ വിഷം കുത്തിവച്ചു വധിക്കാനുള്ള റഷ്യൻ രഹസ്യാന്വേഷണോദ്യോഗസ്ഥരുടെ പദ്ധതിക്കു പിന്നിൽ പുടിന് പങ്കുണ്ടെന്ന ആരോപണങ്ങളെക്കുറിച്ച് പ്രതികരിക്കവേ യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ പുടിനെ 'കൊലയാളി' എന്നു വിശേഷിപ്പിക്കുകയുണ്ടായി. പോളണ്ടിന്റെ തലസ്ഥാനമായ വാർസോയിലെത്തിയ ബൈഡൻ, റഷ്യയുടെ യുക്രെയ്ൻ അധിനിവേശത്തെ അപലപിച്ചുകൊണ്ട് പുടിനെ 'കൊള്ളക്കാരൻ' എന്നും 'കൊലയാളിയായ സ്വേച്ഛാധിപതി' എന്നും വിളിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ യുക്രെയ്ൻ തലസ്ഥാനമായ കീവ് നഗരത്തിൽ നിന്നും പ്രാന്തപ്രദേശത്തുള്ള ബുച്ചപട്ടണത്തിൽനിന്നും റഷ്യൻ പട്ടാളം പിന്മാറിയപ്പോൾ തെരുവുകളിൽ നൂറുകണക്കിനു മൃതശരീരങ്ങൾ കണ്ടെത്തിയതിനെക്കുറിച്ചു സംസാരിക്കവേ ബൈഡൻ പുടിനു നൽകിയ പേരുകളാണ് 'കശാപ്പുകാരൻ', 'യുദ്ധക്കുറ്റവാളി' എന്നിവ. ഇരുകൈകളും പിന്നിലേക്കു കെട്ടിയിട്ട നിലയിൽ തലയിൽ വെടിയുണ്ടകൾ തറച്ചു ദിവസങ്ങളായി മഞ്ഞിൽ പുതഞ്ഞുകിടക്കുന്ന മൃതശരീരങ്ങളുടെ കരളലയിക്കുന്ന ചിത്രങ്ങൾ വാർത്താമാധ്യമങ്ങളിൽ ഇടംപിടിച്ചിരുന്നു.

2020 ഓഗസ്റ്റ് 20-ാം തീയതിയായിരുന്നു അലക്സി നവൽനിയെ വിഷം കുത്തിവച്ചു വധിക്കാനുള്ള ശ്രമം നടന്നത്. മരണാസന്നനായ അദ്ദേഹത്തെ ജർമനിയിലെത്തിച്ചു വിദഗ്ധചികിത്സ നൽകിയശേഷമാണ് രക്ഷിക്കാനായത്. ആരോഗ്യം വീണ്ടെടുത്ത് റഷ്യയിൽ തിരിച്ചെത്തിയ നവൽനിയെ വഞ്ചനക്കുറ്റം ആരോപിച്ച് അറസ്റ്റു ചെയ്യുകയും 2021 ജനുവരി 18-ാം തീയതി രണ്ടരവർഷത്തേക്ക് ജയിലിലടയ്ക്കുകയും ചെയ്തു. വിദേശവിനിമയനിയമങ്ങൾ ലംഘിച്ചുകൊണ്ട് വിദേശത്തുനിന്ന് 47 ലക്ഷം യു.എസ്. ഡോളർ കൈപ്പറ്റിയെന്ന ആരോപണമുയർത്തി ഈ വർഷം ആദ്യം നവൽനിയെ വിചാരണ ചെയ്യുകയും 9 വർഷത്തെ കഠിന തടവിനു വിധിക്കുകയും ചെയ്തത് കഴിഞ്ഞ മാസം 22-ാം തീയതിയാണ്. അതോടൊപ്പം, നവൽനി സ്ഥാപിച്ച 'റഷ്യ ഫ്യൂച്ചർ' എന്ന രാഷ്ട്രീയപാർട്ടി നിരോധിക്കുകയും ചെയ്തു. അഴിമതിവിരുദ്ധപോരാട്ടങ്ങൾക്കു നേതൃത്വം നൽകിയിരുന്ന നവൽനി ജയിലിൽകിടന്നുകൊണ്ട് യുക്രെയ്ൻ അധിനിവേശത്തിനെതിരേ പ്രതിഷേധിക്കാൻ റഷ്യൻ ജനതയോട് ആഹ്വാനം ചെയ്തതാണ് പുടിന്റെ പ്രകോപനത്തിനു കാരണം. അറസ്റ്റു ചെയ്യുന്നതിനു മുമ്പ് നവൽനി നടത്തിയിരുന്ന അഴിമതിവിരുദ്ധപ്രക്ഷോഭങ്ങളിൽ ജയിലിലടച്ചവരേക്കാളധികം പേർ ഇക്കുറി ശിക്ഷിക്കപ്പെടുമെന്ന സൂചനകളുണ്ട്. ഇതിനുമുമ്പ് 2017 ഏപ്രിൽ 27-ാം തീയതിയും രാസവസ്തുക്കൾ കുത്തിവച്ച് നവൽനിയെ വധിക്കാനുള്ള ശ്രമം നടന്നിട്ടുള്ളതായി റിപ്പോർട്ടുകളുണ്ടായിരുന്നു. വാർത്താമാധ്യമങ്ങളോട് കടുത്ത നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന പുടിൻ യുക്രെയ്ൻ യുദ്ധത്തെക്കുറിച്ചുള്ള 'വ്യാജവാർത്തകൾ' പ്രചരിപ്പിക്കുന്നവർക്കെതിരേ കർശനമായ താക്കീത് പുറപ്പെടുവിക്കുകയും, നിയമലംഘകരെ 15 വർഷം വരെ തടവിലിടാനുള്ള നിയമനിർമാണം നടത്തുകയും ചെയ്തുകഴിഞ്ഞു. 'യുദ്ധം' എന്നെഴുതിയാൽപ്പോലും ശിക്ഷ ഉറപ്പാണ്.

യുക്രെയ്ന്റെ വടക്കുനിന്നും പടിഞ്ഞാറുനിന്നും തലസ്ഥാനമായ കീവിൽനിന്നുമുള്ള റഷ്യൻസൈന്യത്തിന്റെ പിന്മാറ്റത്തിനു ശേഷമാണ് വിവിധയിടങ്ങളിലെ കൂട്ടക്കൊലകളുടെയും കൂട്ടബലാത്സംഗം ഉൾപ്പെടെയുള്ള ക്രൂരകൃത്യങ്ങളുടെയും യഥാർത്ഥ ചിത്രങ്ങൾ പുറംലോകം കണ്ടത്. കീവിൽനിന്ന് ആയിരം മൃതശരീരങ്ങൾ കണ്ടെടുത്തതായും വാർത്തകളുണ്ട്. കഴിഞ്ഞ എട്ടു വർഷങ്ങളായി സ്വയംഭരണവകാശങ്ങൾക്കുവേണ്ടി യുക്രെയ്ൻ സർക്കാരുമായി ഏറ്റുമുട്ടിയിരുന്ന റഷ്യൻ അനുകൂലവിമതർ ഭൂരിപക്ഷമുള്ള കിഴക്കൻയുക്രെയ്നിലെ ഡോൺബാസ് മേഖലയെ റഷ്യയോടു ചേർക്കുകയെന്ന ലക്ഷ്യത്തോടെ കൂടുതൽ സൈന്യത്തെ അവിടേക്കു വിന്യസിക്കയാണെന്ന വാർത്തകളും വരുന്നു. ഡോൺബാസ് മേഖലയും മരിയൂ പോൾ തുറമുഖവും റഷ്യയോടു ചേർക്കാനായാൽ 2014 ൽ പിടിച്ചെടുത്ത ക്രീമിയ ഉപദ്വീപുമായി നേരിട്ടു ബന്ധപ്പെടാനുള്ള സുഗമമായ ഒരു പാത തുറക്കാനാവും.

ഇതിനിടെ, നാറ്റോയിൽ ചേരാൻ ഫിൻലൻഡും സ്വീഡനും നീക്കം തുടങ്ങിയതും പുടിനെ ചൊടിപ്പിച്ചിരിക്കുകയാണ്. യൂറോപ്പിന്റെ വടക്കുപടിഞ്ഞാറ് ഫിൻലൻഡുമായി 1,300 കിലോമീറ്റർ അതിർത്തി പങ്കിടുന്ന റഷ്യ, മിസൈൽ പ്രതിരോധസംവിധാനങ്ങളും ആയുധങ്ങളും ടാങ്കുകളുമായി നൂറുകണക്കിന് സൈനികരെ ഫിൻലൻഡ് അതിർത്തിയിൽ എത്തിച്ചതായി പാശ്ചാത്യമാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. ഫിൻലൻഡിന്റെയും സ്വീഡന്റെയും നാറ്റോ അംഗത്വത്തിനുള്ള നീക്കങ്ങൾ തങ്ങളുടെ സുരക്ഷയ്ക്കു ഹിതകരമല്ലെന്നാണ് ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ് പ്രതികരിച്ചത്. റഷ്യയുടെ സൈനികവിന്യാസം ശ്രദ്ധയിൽപ്പെട്ടതിനു പിന്നാലെ അതിർത്തിയിൽ നിരീക്ഷണം ശക്തമാക്കാൻ 16.30 കോടി യൂറോയുടെ യുദ്ധവിമാനങ്ങളും ഡ്രോണുകളും വാങ്ങുവാൻ ഫിൻലൻഡ് തീരുമാനിക്കുകയും ചെയ്തു.

യൂറോപ്യൻ യൂണിയനിൽ അംഗമായ ഫിൻലൻഡിന് നാറ്റോ രാജ്യങ്ങളുമായി വളരെ അടുത്ത ബന്ധമാണുള്ളത്. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം നിഷ്പക്ഷനിലപാടെടുത്തിട്ടുള്ളതിനാൽ നാറ്റോയിലോ സോവിയറ്റ് യൂണിയൻ നേതൃത്വം നൽകിയ വാർസോ സഖ്യത്തിലോ ചേരില്ലെന്ന് 1948 ൽ തന്നെ ഫിൻലൻഡ് തീരുമാനമെടുത്തിരുന്നു. സ്വീഡനാകട്ടെ, ശീതയുദ്ധത്തിനുശേഷം നിഷ്പക്ഷനിലപാടാണ് സ്വീകരിച്ചുപോന്നത്. 1814 നുശേഷം ഒരു യുദ്ധത്തിൽപ്പോലും നേരിട്ടു പങ്കെടുക്കാതെ മാറിനിന്നിട്ടുള്ള രാജ്യവുമാണ് സ്വീഡൻ. റഷ്യയുടെ യുക്രെയ്നുമേലുള്ള കടന്നുകയറ്റമാണ് രണ്ടു രാജ്യങ്ങളുടെയും നിലപാടുമാറ്റത്തിനു കാരണമായത്. നിലവിലെ സാഹചര്യം പരിഗണിച്ച് ഇരുരാജ്യങ്ങളും അപേക്ഷ നൽകുന്ന മുറയ്ക്ക് ഉടൻ തീരുമാനമുണ്ടാകുമെന്ന് നാറ്റോ വൃത്തങ്ങൾ അറിയിച്ചു.

**നാറ്റോ-ഉത്തര അറ്റ്ലാന്റിക് ഉടമ്പടി സഖ്യം**

ഉത്തരഅറ്റ്ലാന്റിക് സമുദ്രം അതിരിടുന്ന വടക്കേ അമേരിക്ക മുതൽ യൂറോപ്പുവരെയുള്ള രാജ്യങ്ങളുടെ രാഷ്ട്രീയവും സൈനികവുമായ സ്വാതന്ത്ര്യവും സുരക്ഷയും ഉറപ്പാക്കുന്നതിന് യു.എസിന്റെ നേതൃത്വത്തിൽ 1949 ൽ രൂപവത്കരിച്ച സൈനികസഖ്യമാണ് നാറ്റോ. ബെൽജിയം, കാനഡ, ഡെന്മാർക്ക്, ഫ്രാൻസ്, ഐസ്ലൻഡ്, ഇറ്റലി, ലക്സംബർഗ്, നെതർലൻഡ്സ്, നോർവേ, പോർച്ചുഗൽ, യു.കെ., യു.എസ്. തുടങ്ങി 12 രാജ്യങ്ങളാണ് സ്ഥാപകാംഗങ്ങളായി ചേർന്നത്. പിന്നീട് വിവിധ കാലഘട്ടങ്ങളിലായി അൽബേനിയ, അൽബിനോ, ബൾഗേറിയ, ക്രൊയേഷ്യ, ചെക്ക് റിപ്പബ്ലിക്, ഹങ്കറി, പോളണ്ട്, എസ്റ്റോണിയ, ലാത്വിയ, ലിത്വാനിയ, ഗ്രീസ്, അർമേനിയ, ആസ്ട്രിയ, യുഗോസ്ലാവിയ, അയർലണ്ട്, ബോസ്നിയ, തുർക്കി, നോർത്ത് മാസിഡോണിയ തുടങ്ങിയ 18 രാജ്യങ്ങൾക്കൂടി അംഗങ്ങളായി. ഒരു ശത്രുരാജ്യം ഏതെങ്കിലും അംഗരാജ്യത്തെ ആക്രമിക്കുന്ന പക്ഷം അതിന്റെ രക്ഷയ്ക്കായി എല്ലാ അംഗരാജ്യങ്ങളും ഒന്നിച്ചു നിന്ന് പോരാടും എന്നായിരുന്നു വ്യവസ്ഥ. വാസ്തവത്തിൽ, വൻശക്തി രാഷ്ട്രമായി വളർന്നുകൊണ്ടിരുന്ന സോവിയറ്റ് യൂണിയന്റെ സ്വാധീനം തടയുകയായിരുന്നു പാശ്ചാത്യരാജ്യങ്ങളുടെ ആത്യന്തികലക്ഷ്യം. എന്നാൽ, നാറ്റോയ്ക്ക് ബദലായി സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിൽ 1955 ൽ വാർസോ സഖ്യം രൂപീകരിച്ചതോടെ ശീതയുദ്ധവും തുടങ്ങി. അൽബേനിയ, ബൾഗേറിയ, ചെക്കസ്ലോവാക്കിയ, കിഴക്കൻ ജർമനി, ഹങ്കറി, പോളണ്ട്, റൊമേനിയ തുടങ്ങിയ ഏഴു രാജ്യങ്ങളും സോവിയറ്റ് യൂണിയനും ചേർന്ന കമ്യൂണിസ്റ്റ് സഖ്യവും നാറ്റോ രാജ്യങ്ങളും തമ്മിലുള്ള ആയുധമത്സരത്തിന്റെ തുടക്കമായിരുന്നു അത്. 1989 ലെ ജർമൻ ഏകീകരണത്തിനും 1991 ലെ സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുംശേഷം വാർസോ സഖ്യം പിരിച്ചുവിടുകയും ശീതയുദ്ധത്തിന് അന്ത്യംകുറിക്കുകയും ചെയ്തു. കമ്യൂണിസ്റ്റു ചേരിയിലുണ്ടായിരുന്ന ബൾഗേറിയയും ഹങ്കറിയും പോളണ്ടും, സോവിയറ്റ് യൂണിയനിൽനിന്ന് സ്വാതന്ത്ര്യം നേടിയ ബാൾട്ടിക് രാജ്യങ്ങളായ എസ്റ്റോണിയയും ലാത്വിയയും ലിത്വാനിയയുംകൂടി നാറ്റോയിൽ അംഗങ്ങളായി ചേർന്നതോടെ റഷ്യൻ ഭരണാധികാരികളുടെ ചങ്കിടിപ്പും കൂടി. റഷ്യയുടെ ഭീഷണി തടയാൻ എല്ലാ അംഗരാജ്യങ്ങളിലും നാറ്റോയുടെ സൈന്യത്തെ വിന്യസിക്കുകയും സൈനികതാവളങ്ങൾ നിർമിച്ച് മിസൈലുകൾ ഉൾപ്പെടെയുള്ളവ സ്ഥാപിക്കുകയും ചെയ്തു. 35 ലക്ഷം സൈനികരുള്ള നാറ്റോ സേനയിൽ 13.50 ലക്ഷം ഭടന്മാരും യു.എസിൽ നിന്നുള്ളവരാണ്. (കര/വ്യോമ/നാവിക വിഭാഗങ്ങളിലെ ആകെ റഷ്യൻ സൈനികരുടെ എണ്ണം 8.50 ലക്ഷം മാത്രമാണ്). ബൽജിയത്തിന്റെ തലസ്ഥാനമായ ബ്രസ്സൽസിലാണ് നാറ്റോയുടെ ആസ്ഥാനമന്ദിരം സ്ഥിതിചെയ്യുന്നത്.

**സമാധാനം ഇനിയും അകലെ**

2008 മുതലുള്ള നാറ്റോ മോഹത്തിനൊപ്പം യൂറോപ്യൻ യൂണിയനിലും അംഗമാകാനുള്ള യുക്രെയ്ൻ നീക്കങ്ങളിൽ പുടിൻ അതൃപ്തി പ്രകടിപ്പിച്ചിരുന്നതാണ്. നാറ്റോയെപ്പോലുള്ള ഒരു സൈനികസഖ്യമല്ലാത്തതിനാൽ കടുപ്പിച്ചൊരു നിലപാട് പുടിൻ എടുത്തിരുന്നില്ല എന്നേ മനസ്സിലാക്കേണ്ടതുള്ളൂ. നാറ്റോയിൽ ചേരണമെന്ന പിടിവാശിയൊന്നും തനിക്കില്ലെന്നും അക്കാര്യത്തിൽ വിട്ടുവീഴ്ചയ്ക്കു തയ്യാറാണെന്നും പറയുമ്പോഴും തന്റെ രാജ്യത്തിനുവേണ്ടി മരണം വരെ പോരാടുമെന്നാണ് സെലെൻസ്കിയുടെ പ്രഖ്യാപനം. എന്നാൽ, പുടിൻ മുൻപോട്ടുവയ്ക്കുന്ന ആവശ്യങ്ങൾക്കു വഴങ്ങാൻ സെലെൻസ്കി ഒരുക്കവുമല്ലാത്തത് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാക്കുകയാണ്.

യുക്രെയ്ൻ അധിനിവേശം തുടങ്ങി രണ്ടു മാസം പൂർത്തിയാകുമ്പോഴും എവിടേക്കും ഒളിച്ചോടാതെ തന്റെ ജനങ്ങളുടെ ദുരിതങ്ങളിലും കഷ്ടപ്പാടുകളിലും പങ്കുചേർന്ന് അവരോടൊപ്പമായിരിക്കുന്ന പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കിയുടെ ആത്മധൈര്യം എടുത്തുപറയേണ്ടതാണ്. തങ്ങളുടേതിനേക്കാൾ പതിന്മടങ്ങു ശക്തമായ ശത്രുരാജ്യത്തെ നേരിടാനുള്ള കരുത്ത് യുക്രെയ്ൻ ജനതയ്ക്കു നൽകുന്നത് സെലെൻസ്കിയുടെ ആത്മാർത്ഥയും രാജ്യസ്നേഹവുമാണ്. മറ്റു രാഷ്ട്രത്തലവന്മാരുമായി വീഡിയോ കോൺഫെറൻസിങ് വഴി ബന്ധപ്പെടാനും നേരിട്ടെത്തി ഐക്യദാർഢ്യം പ്രകടിപ്പിക്കുന്ന നേതാക്കളുമായി സൗഹൃദം പങ്കിടാനും അദ്ദേഹം സമയം കണ്ടെത്തുന്നു. എന്നിരുന്നാലും, യുക്രെയ്ൻ യുദ്ധം അവസാനമില്ലാതെ നീണ്ടുപോകുന്നതിൽ ലോകം ആശങ്കയിലാണ്.

# പാരിസ്ഥിതികബോധത്തിന്റെ അടിസ്ഥാനശിലകൾ

31
പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

**ലോ**കചരിത്രത്തിന്റെ ഗതിവിഗതികളെ മാറ്റിയെഴുതിയ പ്രതിഭാശാലികളിൽ പ്രധാനികളാണ് മഹാത്മാഗാന്ധി, മാർട്ടിൻ ലൂഥർ കിങ്, ലിയോ ടോൾസ്റ്റോയി എന്നിവർ. ഈ മൂവരുടെയും ജീവിതങ്ങളിലും അവരുടെ ചിന്തകളിലും വ്യക്തമായ സ്വാധീനം ചെലുത്തിയ ഒരതുല്യപ്രതിഭയെക്കുറിച്ചുള്ള പ്രതിപാദ്യമാണ് ഈ ലേഖനം. പ്രത്യേകിച്ച്, ഇക്കാലഘട്ടത്തിൽ, വികസനതിമിരം കൊണ്ട് അന്ധമായിപ്പോയ പല കാഴ്ചപ്പാടുകൾക്കും നിയമനിർമാണസഭകളിൽ മേൽക്കൈ ലഭിക്കുകയും, ജനസാമാന്യത്തിന്റെ വിഹ്വലതകളും ആശങ്കകളും ആഗ്രഹങ്ങളും ഭയാനകമാംവിധം തമസ്കരിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുമ്പോൾ നൂറ്റാണ്ടുകൾക്കു മുമ്പേ കാലം കരുതിവച്ച ദർശനങ്ങളെ ഓർമിപ്പിക്കുക എന്ന എളിയ ദൗത്യമാണ് ഈ പരിചയപ്പെടുത്തലിലൂടെ നിർവഹിക്കുന്നത്. തന്റെ ഹ്രസ്വമായ ജീവിതകാലത്ത് പരീക്ഷണനിരീക്ഷണങ്ങളിലൂടെ ആർജിച്ചെടുത്ത അറിവുകളും എത്തിച്ചേർന്ന നിഗമനങ്ങളും പകർത്തിയെഴുതപ്പെട്ടപ്പോൾ അതു ദേശകാലങ്ങൾക്കതീതമായ സൗകുമാര്യം ചാർത്തുന്ന ദർശനങ്ങളായി മാറി. 1817 ജൂലൈ 12 ന് അമേരിക്കയിലെ കോൺകോഡിൽ ജനിച്ച് 1862 മേയ് 6 ന് തന്റെ 44-ാം വയസ്സിൽ ഈ ലോകത്തുനിന്നു വിട പറഞ്ഞ ഹെൻറി തോറോ എന്ന മഹാദാർശനികന്റെ കാമ്പുള്ള ചിന്തകളിലേക്കാണു ക്ഷണം.

പ്രകൃതിയെയും ജീവിതത്തെയും ഇത്ര ഗൗരവമായും സത്യസന്ധമായും വിശകലനം ചെയ്ത മറ്റൊരാൾ വേറേയുണ്ടാവില്ല. പ്രകൃതിയെ വളരെ സൂക്ഷ്മമായി കണ്ടു മനസ്സിലാക്കുകയും അനുഭവിക്കുകയും അതുതന്നെ തന്റെ ജീവിതമാക്കി മാറ്റുകയും ചെയ്ത തത്ത്വചിന്തകനായിരുന്നു ഡേവിഡ് തോറോ. അദ്ദേഹം മുന്നോട്ടുവച്ച തത്ത്വശാസ്ത്രം പ്രാവർത്തികമാക്കാനുള്ള ചങ്കൂറ്റം അധികമാരും കാണിച്ചില്ല എന്നതാണ് ഖേദകരം. തത്ത്വശാസ്ത്രം പഠിപ്പിക്കുന്ന ധാരാളം പ്രഫസർമാർ നമുക്കുണ്ട്. എന്നാൽ, അത് ജീവിക്കുന്ന തത്ത്വചിന്തകരില്ല എന്ന് തോറോ പരിതപിക്കുമ്പോൾ, പറഞ്ഞതിൽ പതിരില്ല എന്നു നാം തിരിച്ചറിയും. ജീവിതത്തിൽ എന്താണു പ്രധാനപ്പെട്ടതെന്നും ഏതിനാണ് നാം പ്രാധാന്യം കല്പിക്കുന്നതെന്നും നമ്മുടെ അനുദിനജീവിതവുമായി ബന്ധപ്പെടുത്തി തോറോ പറഞ്ഞുവയ്ക്കുന്നുണ്ട്. അദ്ദേഹം ചോദിക്കുന്നു: "ഒന്നോ രണ്ടോ തുന്നലുകളുള്ള ഉടുപ്പ് മടികൂടാതെ ധരിക്കാൻ ആർക്കു സാധിക്കും? അങ്ങനെ വല്ലതും ചെയ്താൽ തങ്ങളുടെ ഭാവിജീവിതത്തിന്റെ നന്മകളെല്ലാം നശിച്ചുപോയേക്കുമെന്നതുപോലെയാണ് പലരും പെരുമാറുന്നത്. ഒരാളുടെ കാലിന് എന്തെങ്കിലും അപകടം സംഭവിച്ചാൽ അത് അത് നേരേയാക്കാൻ ഉത്സാഹമുണ്ട്. എന്നാൽ അയാളുടെ കാലുറകൾക്ക് അതുപോലൊരപകടം സംഭവിച്ചാൽ അതു ശരിയാക്കാൻ തയ്യാറല്ല. യഥാർത്ഥത്തിൽ ബഹുമാന്യമായത് ഏതാണെന്നല്ല; ബഹുമാനിക്കപ്പെടുന്നത് ഏതാണെന്നാണ അയാൾ പരിഗണിക്കുന്നത്. ഒരേസമയം മനോഭാവങ്ങളിൽ വ്യക്തിക്കും സമൂഹത്തിനും വന്നുഭവിച്ച ശോഷണവും അതുവഴിയുണ്ടാകുന്ന ധൂർത്തും പരോക്ഷമായി തോറോ അടയാളപ്പെടുത്തിവയ്ക്കുന്നു. വസ്ത്രവും, സ്ഥാനമാനങ്ങളും അഴിച്ചുകളഞ്ഞാൽ ഓരോരുത്തരുടെയും ആപേക്ഷികമായ പദവി എത്രമാത്രം നിലനിർത്താൻ കഴിയുമെന്നത് ഇന്നും പ്രസക്തമായ ഒരു ചോദ്യമാണ്. ''എന്റെ മേൽക്കുപ്പായവും കാലുറയും തൊപ്പിയും ചെരിപ്പുകളും ഉള്ളിലുള്ള ഈശ്വരനെ ആരാധിക്കാൻ ഉതകുന്നതാണെങ്കിൽ അവ എനിക്കു മതിയാവും. മതിയാവില്ലേ? എന്ന് തോറോ ചോദിക്കുമ്പോൾ അഴിഞ്ഞുവീഴുന്നത്, വീഴേണ്ടത് നമ്മുടെ നാട്യങ്ങളും മുഖംമൂടികളുമാണ്.

പ്രകൃതിയുടെ വിശാലതയിൽനിന്ന് 'വീടി'ന്റെ സങ്കുചിതത്വത്തിലേക്കു വഴിമാറി നടന്ന മനുഷ്യനു നഷ്ടമാകുന്ന ഉത്സവങ്ങളെക്കുറിച്ച് തോറോ വാചാലനാകുന്നുണ്ട്. നാട്ടിൻപുറം നമുക്കു വച്ചുനീട്ടുന്ന ഒടുങ്ങാത്ത വിനോദങ്ങളാണ് മുകളിലെ ആകാശവും ചുറ്റുമുള്ള തടാകങ്ങളും പക്ഷികളും മരങ്ങളുമെന്ന് തോറോ പറയുമ്പോൾ ഇതൊന്നും ആസ്വദിക്കാനാവാതെ ഏതോ മൂഢസ്വർഗത്തിനായി രാപകൽ കഷ്ടപ്പെടുകയും വഴക്കടിക്കുകയും ചെയ്യുന്ന ആധുനികമനുഷ്യന്റെ വല്ലാത്ത തിരക്കിൽ ഞാനുമുണ്ടോ എന്ന ഒരാത്മശോധന നല്ലതാണ്. ശുദ്ധവായുവും ശുദ്ധജലവും ശുദ്ധഭക്ഷണവും വിഷമിട്ടു സംരക്ഷിക്കേണ്ട ഒരു ഗതികേടിലെത്തിനിൽക്കുന്നു നാം! തോറോയുടെ ചിന്തയിതാണ്: 'നമ്മുടെയും ആകാശഗോളങ്ങളുടെയും ഇടയിൽ യാതൊരു തടസ്സവും കൂടാതെ നമ്മുടെ ഏറിയ പങ്ക് രാപകലുകളെയും നാം ചെലവഴിക്കുകയാണെങ്കിൽ മേൽക്കൂരയ്ക്കടിയിലിരുന്ന് കവി ഏറെ സംസാരിക്കാതിരിക്കുകയാണെങ്കിൽ, കൂടാരത്തിനടിയിൽ സന്ന്യാസി ഏറെക്കാലം താമസിക്കാതിരിക്കയാണെങ്കിൽ ഒരുപക്ഷേ, അതു കൂടുതൽ നന്നായിരുന്നേനെ. പക്ഷികൾ പാടുന്നത് ഗുഹകളിലിരുന്നല്ല, പ്രാവുകൾ അവരുടെ നിർമലത വിളംബരം ചെയ്യുന്നത് പ്രാക്കൂടുകളിലിരുന്നുമല്ല!'' ഓരോ കുഞ്ഞുവാക്യങ്ങളിൽ



നിന്നും ചന്ദനക്കട്ടി കണക്കെ അർത്ഥവ്യാപ്തി തുളുമ്പുന്ന ദർശനപരിമളം പരന്നൊഴുകുകയാണ്.

കാർഷികവൃത്തിയെ ഒരു കലയായി കാണുന്ന തോറോ, മണ്ണിൽ പണിയെടുക്കുന്ന കർഷകന്റെ വിശുദ്ധിയെക്കുറിച്ചും പറഞ്ഞുവയ്ക്കുന്നുണ്ട്. മണ്ണിനെക്കുറിച്ചും കൃഷിയെക്കുറിച്ചും കാടിനെക്കുറിച്ചുമുള്ള തോറോയുടെ ചിന്തകൾ വായനയിൽനിന്നു മാത്രം രൂപംകൊണ്ടതല്ല. പ്രയോഗത്തിൽനിന്നു സ്വാംശീകരിച്ചതാണ്. കോൺകോഡിൽനിന്ന് അല്പം അകലെയുള്ള 'വാൾഡൻ' തടാകക്കരയിൽ ഒറ്റയ്ക്ക് ഒരു കുടിൽ കെട്ടി ഏകദേശം മൂന്നു വർഷക്കാലം അദ്ദേഹം നയിച്ച കാനനജീവിതമാണ് 'വാൾഡൻ ഓർ ലൈഫ് ഇൻ ദി വുഡ്സ്' എന്ന വിശ്വോത്തര രചനയ്ക്കു വഴിതെളിച്ചത്. പുസ്തകത്തിലൂടെ തോറോ പങ്കുവയ്ക്കുന്ന നേരറിവുകൾ പിന്നീട് പാരിസ്ഥിതികബോധത്തിന്റെ അടിസ്ഥാനശിലകളായി മാറി എന്നത് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ഒരു മനുഷ്യന് കൃഷി ചെയ്ത് എങ്ങനെ ലളിതമായി ജീവിക്കാമെന്നദ്ദേഹം പഠിപ്പിക്കുന്നു. അദ്ദേഹം നൂറ്റാണ്ടുകൾക്കുമുമ്പേ പ്രവചനം പോലെ പറഞ്ഞുവയ്ക്കുന്നു: "പഴങ്ങൾ ഒരിക്കലും തങ്ങളെ വില കൊടുത്തു വാങ്ങുന്നവനോ ചന്തയിൽകൊണ്ടുപോയി വിൽക്കുന്നവനോ യഥാർത്ഥ രുചി സമ്മാനിക്കാറില്ല. ഹക്കിൾബെറിയുടെ രുചി അറിയണമെങ്കിൽ കാലിച്ചെറുക്കനോടോ, തിത്തിരിപ്പക്ഷിയോടോ ചോദിക്കുക!" മനുഷ്യൻ അത്യാർത്തി കൊണ്ടും സ്വാർത്ഥത കൊണ്ടും മണ്ണിനെ സമ്പത്തായോ, സ്വത്ത് സമ്പാദിക്കാനുള്ള പ്രധാന ഉപാധിയായോ കണക്കാക്കുന്നു എന്നു തോറോ പറയുമ്പോൾ നാമിന്നെത്തിനിൽക്കുന്നതും ഇപ്പറഞ്ഞ 'ഭൂമാഫിയ' സംസ്കാരത്തിലാണ്. ലോകത്തിലെ എല്ലാ മനുഷ്യവർഗ്ഗത്തിനും ഉപയോഗമുണ്ടാകത്തക്കവിധത്തിൽ ലോകത്തിനു ചുറ്റും ഒരു തീവണ്ടിപ്പാത പണിയുന്നത് ഭൂഗോളത്തിന്റെ ഉപരിഭാഗം മുഴുവൻ വെട്ടിനിരപ്പാക്കുന്നതിനു തുല്യമാണ് എന്ന് 160 വർഷംമുമ്പ് തോറോ പറഞ്ഞെങ്കിൽ മത്സരബുദ്ധിയോടെ രാജ്യങ്ങളും സംസ്ഥാനങ്ങളും ഇന്നിത് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഇത്തരം പാതകങ്ങൾ ചെയ്യാത്തവർ ജനപ്രതിനിധികളായിരിക്കുവാൻ യോഗ്യരല്ലെന്ന് അഭ്യസ്തവിദ്യർ അലമുറയിടുന്ന ഈ കാലഘട്ടത്തിൽ തോറോയുടെ ചിന്തകൾ പ്രസക്തങ്ങളാണ് എന്നു പറയാനുള്ള ധൈര്യമെങ്കിലും നമുക്കുണ്ടാകണം. തോറോയെ വായിച്ച ഗാന്ധി മഹാത്മാവായെങ്കിൽ, ഇന്നും തോറോയുടെ തത്ത്വചിന്തകളുടെ ഗൗരവമുള്ള വായന മഹാത്മാക്കളെ സൃഷ്ടിക്കുകതന്നെ ചെയ്യും. പ്രിയ കൂട്ടുകാരേ, വാൾഡൻ എന്ന വിഖ്യാതപുസ്തകത്തിന്റെ ഗൗരവപൂർവമായ ഒരു വായനയിലേക്ക് നിങ്ങളെ ഞാൻ ക്ഷണിക്കുന്നു. പ്രകൃതിയെ നിരീക്ഷിക്കുക മാത്രമല്ല, അതിൽ പ്രവർത്തിക്കുകയും വേണമെന്ന ഒരാശയമാണ് തോറോ പങ്കുവയ്ക്കുന്നത്. കൃഷി ചെയ്യുമ്പോഴും മീൻ പിടിക്കുമ്പോഴും തോണി തുഴയുമ്പോഴും മലയണ്ണാനെ പിന്തുടരുമ്പോഴും സ്വായത്തമാക്കുന്ന ഒരറിവാണ് നമുക്കുണ്ടാകേണ്ടത്. അദ്ദേഹം പറയുന്നു: "അധ്വാനത്തിൽനിന്ന് ജ്ഞാനവും പരിശുദ്ധിയും ഉണ്ടാകുന്നു. അലസതയിൽനിന്ന് അജ്ഞതയും വിഷയാസക്തിയും." തോറോ നടത്തിയ പരീക്ഷണങ്ങൾ നമുക്കാവർത്തിക്കാനായാൽ, പുതിയൊരു ജീവിതക്രമത്തിന് തുടക്കമാകും. പുതിയൊരു ജീവസംസ്കാരത്തിന്റെ പച്ചപ്പിലേക്ക് ഒരു ജനതയെ ഉണർത്താനാകും.

## വായന

**ഡ്രൈവിംഗ് & ലേണേഴ്സ് ടെസ്റ്റ് പഠനസഹായി**



| | |
|---|---|
| പ്രസാധനം | : എസ്.എം. ബുക്സ് & പബ്ലിക്കേഷൻസ്, ചേർപ്പുങ്കൽ |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 50 രൂപ |

ഡ്രൈവിംഗ് പഠിക്കുന്ന ഏവരും വാഹനം ഓടിക്കുന്നതോടൊപ്പം അറിഞ്ഞിരിക്കേണ്ട കേരള മോട്ടോർ വാഹനനിയമത്തിലെ പ്രസക്തഭാഗങ്ങൾ ഈ പുസ്തകത്തിൽ സാധാരണക്കാരുടെ അറിവിലേക്കായി ചേർത്തിരിക്കുന്നു.

**പുലരിമഞ്ഞ്**



| | |
|---|---|
| ഗ്രന്ഥകർത്താ | : ഫാ. സ്റ്റാഴ്സൺ ജെ. കള്ളിക്കാടൻ |
| പ്രസാധനം | : വിമല ബുക്സ്, കാഞ്ഞിരപ്പള്ളി |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 130 രൂപ |

ഇരുളിന്റെ ദുരാത്മാക്കളിൽനിന്നു മനുഷ്യാത്മാവിനെ മുക്തമാക്കാൻ കാലമായിരിക്കുന്നു. പുതിയ തോൽക്കുടത്തിലേക്കു പുതുവീഞ്ഞിന്റെ രുചി പകരാൻ സമയമായിരിക്കുന്നു. ഇനി വിലാപകാവ്യങ്ങളില്ല, സങ്കടസന്ധ്യകളില്ല; ആനന്ദത്തിന്റെ നൃത്തോത്സവങ്ങൾ മാത്രം എന്നോർമിപ്പിക്കുന്ന കുറിപ്പുകളുടെ സമാഹാരം.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



കർത്താവിനെ കാത്തിരിക്കുന്നവരേ, ദുർബലരാകാതെ ധൈര്യം അവലംബിക്കുവിൻ.

സങ്കീർത്തനം 31:24

## എഡിറ്റോറിയൽ

# ചോരരാഷ്ട്രീയത്തിന് അറുതിയുണ്ടാവുമോ?

**ജീ**വന്റെ വിജയവും മഹത്ത്വവും പ്രഘോഷിക്കുന്ന ഈസ്റ്ററിന്റെ തലേദിനങ്ങളിൽ, പ്രതികാരരാഷ്ട്രീയത്തിന്റെ അഴിഞ്ഞാട്ടത്തിന്റെ ഫലമായി കേരളത്തിലരങ്ങേറിയ രണ്ട് അരുംകൊലകൾ അക്ഷരാർത്ഥത്തിൽ ജനമനസ്സുകളെ ഞെട്ടിച്ചു. ഇരുപത്തിനാലു മണിക്കൂറിനിടെ പതിനഞ്ചു കിലോമീറ്റർ മാത്രം അകലത്തിലായി പാലക്കാട്ട് പട്ടാപ്പകൽ നടന്ന കൊലപാതകങ്ങൾ വിരൽചൂണ്ടുന്നത് വെറുപ്പിന്റെ രാഷ്ട്രീയവൈറസുകൾ സംസ്ഥാനത്താകെ പടർന്നുപിടിക്കുന്നുവെന്ന അനിഷേധ്യമായ വസ്തുതയാണ്. ഈസ്റ്ററും വിഷുവും റംസാൻ വ്രതാനുഷ്ഠാനവും വഴി കേരളത്തിലെ നാനാജാതി മതസ്ഥരുടെ മനസ്സിൽ നന്മയും പുണ്യവും പുലരേണ്ട കാലത്ത്, മനുഷ്യക്കശാപ്പിന്റെ ദുരന്തവാർത്തകൾക്കു സംസ്ഥാനം സാക്ഷിയാകേണ്ടിവന്നത് അതീവലജ്ജാകരമെന്നേ പറയേണ്ടൂ.

ചോരപ്പകയുടെ രാഷ്ട്രീയച്ചേരിപ്പോരുകളും ആസൂത്രിത കൊലപാതകങ്ങളും കേരളത്തിലെ രാഷ്ട്രീയഭൂപടത്തിൽ പുതിയൊരു വാർത്തയല്ലായിരിക്കാം. പക്ഷേ, മനുഷ്യജീവനെ മാനിക്കുന്നവർക്കും മനുഷ്യനിൽ ഈശ്വരത്വം കല്പിക്കുന്നവർക്കും അതു നിസ്സാരവത്കരിക്കാനാവില്ല. മനുഷ്യനെ ആക്രമിക്കുന്നതും കുരുതി കൊടുക്കുന്നതും സാക്ഷരകേരളത്തിന്റെ വിരിമാറിൽ ഉണങ്ങാത്ത മുറിവായി എക്കാലവും അവശേഷിക്കും. മതഭ്രാന്തും വർഗീയവൈറസുകളും അതിനു കാരണമോ പ്രേരണയോ ആകുന്നെങ്കിൽ അതിനെ അടിച്ചമർത്താനുള്ള ഇച്ഛാശക്തി നാടു ഭരിക്കുന്നവർക്ക് ഉണ്ടായേ പറ്റൂ.

ആലപ്പുഴയിൽ പ്രതികാര രാഷ്ട്രീയത്തിന്റെ പേരിൽ നീചമായ കൊലപാതകങ്ങൾ നടന്നിട്ടു നാലു മാസമാകുന്നതേയുള്ളൂ. പന്ത്രണ്ടു മണിക്കൂറിനകമാണ് അവിടെ രണ്ടു കൊലപാതകങ്ങളും അരങ്ങേറിയത്. പാലക്കാട്ട് ആറു മാസം മുമ്പു നടന്ന രാഷ്ട്രീയക്കൊലയുടെ പകരംവീട്ടലാണ് ഈ ദുഃഖവെള്ളിയാഴ്ച അവിടെയുണ്ടായതെന്നു കരുതപ്പെടുന്നു. രണ്ടു വർഷംമുമ്പുള്ള സംഘട്ടനത്തിന്റെയും പ്രതികാരത്തിന്റെയും തുടർച്ചയാണു പാലക്കാട്ടെ കൊലകളെന്നാണു പോലീസിന്റെ അനുമാനം. വർഷങ്ങൾക്കു മുമ്പ് തലശേരി മേഖലകളിൽ നടന്ന രാഷ്ട്രീയക്കൊലപാതകപരമ്പരകളെ ഓർമിപ്പിക്കുന്ന ദുരന്തങ്ങളാണ് ഇപ്പോഴും ആവർത്തിക്കുന്നത്.

സംസ്ഥാനത്ത് കൊലപാതകങ്ങളും ഗുണ്ടാക്രമണങ്ങളും തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കേ, ക്രമസമാധാനത്തിനും സുരക്ഷയ്ക്കും സർക്കാർ അടിയന്തരപ്രാധാന്യം കൊടുത്തേ പറ്റൂ. മുഖ്യമന്ത്രിതന്നെ ആഭ്യന്തരവകുപ്പു കൈകാര്യം ചെയ്യുമ്പോൾ ചോരരാഷ്ട്രീയം ഏതു സൈദ്ധാന്തികപിൻബലത്തിലായാലും, ഏതു ജാതിരാഷ്ട്രീയ വിലപേശലിലായാലും ഇവിടെ സംഭവിക്കാൻ പാടില്ലാത്തതാണ്. മനുഷ്യത്വത്തെ ആദരിക്കുന്ന വിദ്യാഭ്യാസദാർശനികത ഉയർത്തിപ്പിടിക്കുന്നവരുടെയിടയിൽ വെറുപ്പിന്റെ രാഷ്ട്രീയം ആളിക്കത്താൻ ഉത്തരവാദിത്വപ്പെട്ട ആരും അനുവദിക്കരുത്. സർക്കാരിനും പോലീസിനും ഇന്റലിജൻസ് സംവിധാനത്തിനും നാണക്കേടുണ്ടാക്കുന്ന ഇത്തരം ദുരന്തങ്ങൾ ദൈവത്തിന്റെ സ്വന്തം നാടെന്ന് അഭിമാനിക്കുന്ന കേരളക്കരയിൽ ഇനിയെങ്കിലും സംഭവിക്കാതിരിക്കാൻ അതിജാഗ്രതയാണു വേണ്ടത്.

സംസ്ഥാനം ഗുരുതരക്രമസമാധാനത്തകർച്ചയിലേക്കാണു നീങ്ങുന്നതെന്ന റിപ്പോർട്ടുകളും നിരീക്ഷണങ്ങളും ഈയിടെ ആവർത്തിച്ചു കേൾക്കേണ്ടിവരുന്നത് നിർഭാഗ്യകരമാണ്. പ്രതികാരരാഷ്ട്രീയക്കൊലയ്ക്കു സാധ്യതയുണ്ടെന്ന് ഇന്റലിജൻസ് റിപ്പോർട്ടു നല്കിയിട്ടും സമയോചിതമായും ഫലപ്രദമായും ഇടപെടുന്നതിൽ പോലീസിനു ഗുരുതരവീഴ്ച പറ്റിയെന്നാണു പാലക്കാട്ടെ ദുരന്തം ഓർമിപ്പിക്കുന്നത്. മുമ്പും ഇത്തരം കൊലപാതകങ്ങൾ പാലക്കാട്ടും ആലപ്പുഴയിലും ഉണ്ടായപ്പോഴും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരേ നടപടി ഉണ്ടാകാത്തതും സംസ്ഥാനത്ത് അക്രമപരമ്പരകൾ ആവർത്തിക്കാൻ ഇടയാക്കിയതായി വിലയിരുത്തപ്പെടുന്നു. മാത്രമല്ല, സംസ്ഥാന പോലീസിൽ ഉയർന്ന തസ്തികകളിൽ രണ്ടു ഡസനോളം ഉദ്യോഗസ്ഥരുണ്ടെങ്കിലും ക്രമസമാധാന മേൽനോട്ടച്ചുമതലയിൽ മൂന്ന് ഉദ്യോഗസ്ഥർ മാത്രമേയുള്ളൂവെന്നും പറയപ്പെടുന്നു.

ചോരക്കളിയിലേക്കു നയിക്കുന്ന പ്രതികാരരാഷ്ട്രീയം കേരളക്കരയിൽ ഉണ്ടാവാതിരിക്കാൻ രാഷ്ട്രീയനേതൃത്വങ്ങൾ അനുയായികളെ പ്രബുദ്ധരാക്കുകയും സമാധാനത്തിന്റെയും സഹിഷ്ണുതയുടെയും സംയമനത്തിന്റെയും മറ്റും സിദ്ധാന്തങ്ങൾ പഠിപ്പിക്കുകയും ചെയ്യേണ്ട കാലമാണിത്. കൊലപാതകികളെയും ഗൂഢാലോചനക്കാരെയും നിയമത്തിന്റെ മുമ്പിലെത്തിക്കാൻ ജാതി,മത,സമുദായരാഷ്ട്രീയവും കൊടിയടയാളവും മറന്ന് ഉത്തരവാദിത്വപ്പെട്ടവർ ഒറ്റക്കെട്ടാകണം. ആശയങ്ങളെ അധികാരംകൊണ്ടും ആയുധംകൊണ്ടും തകർക്കാനാവില്ലെന്നു തിരിച്ചറിവുണ്ടായിട്ടും വിദ്വേഷവും പ്രതികാരവും രാഷ്ട്രീയക്കാർക്കിടയിൽ ചോരവീഴ്ത്തുന്നുണ്ടെങ്കിൽ രാഷ്ട്രീയവിദ്യാഭ്യാസം അവർക്ക് അനിവാര്യമാണെന്നു ചുരുക്കം. പ്രതികാരരാഷ്ട്രീയത്തിന്റെ പിണിയാളുകളെ പ്രതിക്കൂട്ടിലടയ്ക്കാൻ പ്രബുദ്ധരാഷ്ട്രീയനേതൃത്വത്തിന് ഇച്ഛാശക്തിയുണ്ടായാൽ കൊലപാതകപരമ്പരകൾക്ക് ഒരു പരിധിവരെയെങ്കിലും അറുതിയുണ്ടാവുമെന്നുറപ്പ്.

# വില കൊടുത്തു വാങ്ങുന്ന രോഗദുരിതങ്ങൾ

സമയക്കുറവോ തിരക്കോ അലസതയോ മൂലം ആഹാരം പാചകം ചെയ്യാതെ പായ്ക്കറ്റിലുള്ള പദാർത്ഥങ്ങൾ മതി എന്ന് മലയാളികൾ തീരുമാനിച്ചിട്ട് വർഷങ്ങളേറെയായി. അവയിൽ ഭൂരിഭാഗവും ഏതെങ്കിലും കാരണവശാൽ മലിനപ്പെട്ടതും മായം കലർന്നതും മാരകമായ രോഗങ്ങൾക്കു കാരണമാകുന്നതുമാണെന്ന് അറിയാമെങ്കിൽപ്പോലും പലരും അത് ഗൗനിക്കുന്നില്ല. ചെറിയ കുടിൽവ്യവസായത്തിൽ തുടങ്ങി വൻകിട ഫാക്ടറികളിൽ ഉത്പാദിപ്പിച്ചു പായ്ക്കു ചെയ്തിറക്കുന്ന പലതരം ഉല്പന്നങ്ങൾകൊണ്ട് നാട്ടിൻപുറത്തെ ചെറിയ വ്യാപാരസ്ഥാപനങ്ങൾ പോലും നിറഞ്ഞിരിക്കുന്നു. ഉപ്പിൽ മാലിന്യം. ഉപ്പിലിട്ടതിൽ മായം. പഴത്തിലും പച്ചക്കറിയിലും കൊടിയ വിഷം. പായ്ക്കറ്റിലെ പാലോ പ്ലാസ്റ്റിക് കുപ്പിയിലെ ദാഹശമനിയോ കഴിച്ചിട്ടു വയറുവേദന ഉണ്ടായില്ലെങ്കിൽ ദൈവാധീനമെന്നേ കരുതേണ്ടൂ. പേരെടുത്ത കമ്പനി പുറത്തിറക്കുന്ന ആട്ട കുഴയ്ക്കാൻ ചൂടുവെള്ളമൊഴിക്കുമ്പോൾ പാറക്കല്ലുപോലെ കട്ടിയാകുന്നു. വറുത്ത് പായ്ക്കു ചെയ്ത റവ കൊണ്ടുണ്ടാക്കുന്ന ഉപ്പുമാവ് വലിച്ചാൽ റബർപോലെ നീളുന്നു. എന്നോ നിർമിച്ചു പൂപ്പലേശാതെയും കേടാകാതെയും മാരകമായ കീടനാശിനി ചേർത്ത് സ്റ്റോക്ക് ചെയ്തിരിക്കുന്ന ബ്രഡ്, റസ്ക്, ബിസ്കറ്റ്, ജാം, സോസ്, ശീതളപാനീയങ്ങൾ തുടങ്ങിയവ ആവശ്യാനുസരണം പുറത്തെടുത്ത് ഭക്ഷ്യസുരക്ഷാവകുപ്പിന്റെ ലേബലൊട്ടിച്ച് വില്പനയ്ക്ക് എത്തിക്കുന്ന കച്ചവടതന്ത്രം ഇവ ഉപയോഗിക്കുന്നവരുടെ ആരോഗ്യത്തിനു ഭീഷണിയാകുന്നു. കഷണങ്ങളെണ്ണി വിലയിട്ട് വെച്ചിരിക്കുന്ന ചിക്കൻ ടോസ്റ്റും നൂഡിൽസും ജങ്ക്ഫുഡും മതിയെന്നായിരിക്കുന്നു നമ്മുടെ മക്കൾക്ക്. വലിയ വില കൊടുത്തു വാങ്ങി ഉപയോഗിക്കുന്ന മദ്യവും മയക്കുമരുന്നും സകല ആന്തരികാവയവങ്ങളുടെയും പ്രവർത്തനം താറുമാറാക്കുന്നു. എത്ര വില കൊടുത്താലും അവയെ പൂർവസ്ഥിതിയിൽ എത്തിക്കാനാവില്ല. ദീർഘനാളത്തെ ഗവേഷണങ്ങളും പഠനങ്ങളുംവഴി സ്ഥിരീകരിച്ചിരിക്കുന്ന ശാസ്ത്രീയമായ സത്യങ്ങളാണിവയൊക്കെ.



## പ്രതികരണം


പലവട്ടം വറുത്തു കോരിയ വില കുറഞ്ഞ എണ്ണയിലാണോ തീന്മേശയിലെത്തുന്ന വിശിഷ്ട വിഭവങ്ങൾ വറുത്തെടുക്കുന്നതെന്ന് ആരും അന്വേഷിക്കുന്നില്ലല്ലോ. ശീതളപാനീയങ്ങൾ ഗമയിലിരുന്നു വലിച്ചുകുടിക്കാൻ ഉപയോഗിക്കുന്ന സ്ട്രോയുടെ നിർമാണം ഒരിക്കൽ കണ്ടിട്ടുള്ള ആരും പിന്നെ ജീവിതത്തിൽ ആ സാധനം കൈകാര്യം ചെയ്യാൻ ധൈര്യപ്പെടുകയില്ല. കേക്കിനും ഐസ്ക്രീമിനും പൊറോട്ടയ്ക്കും മറ്റും മാവു കുഴയ്ക്കുന്ന തൊഴിലാളിയുടെ വിയർപ്പ് ഇറ്റിറ്റു വീഴുന്നതും ഈ മാവിലേക്കു തന്നെ. ഇങ്ങനെ വൃത്തികെട്ട സാഹചര്യങ്ങളിൽ ഉണ്ടാക്കിയെടുക്കുന്ന വിഭവങ്ങളാണ് നമ്മളും നമ്മുടെ മക്കളും ആർത്തിയോടെ വാരിവലിച്ച് അകത്താക്കുന്നത്.

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിലനിർത്താൻ ബാധ്യതയുള്ള ഒരു വകുപ്പ് നമുക്കുണ്ട്. വാർത്തകളിൽ ഇടം പിടിച്ച് കൈയടി നേടാനും പിടിച്ചടുക്കുന്ന സാമ്പിളുകളിൽ തിരിമറി നടത്തി വൻതുക കൈമടക്കു വാങ്ങാനുമല്ലാതെ ആ വകുപ്പുകൊണ്ട് പൊതുജനങ്ങൾക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകുന്നതായി കാര്യമായ വിവരങ്ങളൊന്നും പുറത്തു വരുന്നില്ല. പിന്നെ എന്തിന് ഇങ്ങനെയൊരു വെള്ളാന എന്നു ചോദിക്കരുത്. കാരണം ഇങ്ങനെയുള്ള ഒത്തിരി വെള്ളാനകളുടെ നാടാണിത്

**കൊഴുവനാൽ ജോസ്**
**മൂവാറ്റുപുഴ**

## പുളിമധുരം


പ്രതാപൻ പുളിമാത്ത്



# പതിതദുഃഖത്തിൽ പങ്കുചേർന്ന ഹൃദയകാരുണ്യം



**സിസ്റ്റർ ഡോ. എൽസാ ടോം എസ്. എച്ച്.**



### ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചൻ ജനിച്ചിട്ട് 2022 ഏപ്രിൽ 25 ന് 150 വർഷം

**പാ**ലായ്ക്കു സമീപം ഇടപ്പാടി ഗ്രാമത്തിൽ 1872 ഏപ്രിൽ 25-ാം തീയതിയായിരുന്നു ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ ജനനം. കദളിക്കാട്ടിൽ ചെറിയാൻ - റോസ ദമ്പതികളുടെ നാലുമക്കളിൽ രണ്ടാമൻ. പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും കുടുംബാന്തരീക്ഷം തന്റെ ദൈവവിളി തിരഞ്ഞെടുക്കുന്നതിന് അദ്ദേഹത്തെ സഹായിച്ചു. മാന്നാനം ആശ്രമത്തോടനുബന്ധിച്ചു നടത്തിവന്നിരുന്ന സെമിനാരിയിൽനിന്നു വൈദികപരിശീലനം പൂർത്തിയാക്കി 1901 ഫെബ്രുവരി 17-ാം തീയതി തിരുപ്പട്ടസ്വീകരണത്തിലൂടെ ഈശോയുടെ പ്രതിപുരുഷനായി. പാലായും സമീപപ്രദേശങ്ങളുമായിരുന്നു അച്ചന്റെ പ്രധാന ശുശ്രൂഷാരംഗങ്ങൾ.

പാലായുടെ ഹൃദയത്തുടിപ്പുകൾ വിവേചിച്ചറിഞ്ഞു ശുശ്രൂഷകൾക്കു തുടക്കം കുറിക്കാൻ മത്തായിയച്ചനു സാധിച്ചു. പട്ടിണിയും ദാരിദ്ര്യവും രോഗവും മൂലം വേദനിക്കുന്ന, ആരും സഹായത്തിനില്ലാത്ത വലിയൊരു വിഭാഗം ജനതയുടെ നിസ്സഹായാവസ്ഥ അദ്ദേഹത്തിന്റെ കരുണാർദ്രസ്നേഹത്തെ തൊട്ടുണർത്തി. “എന്റെ ഏറ്റവും എളിയ ഈ സഹോദരരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ, എനിക്കുതന്നെയാണു ചെയ്തു തന്നത്’’ (മത്താ. 25:40). ഈ തിരുവചനത്തിന്റെ സാക്ഷാത്കാരമായിരുന്നു ആ ധന്യജീവിതം. ജീവന്റെ ഉറവിടം ദൈവമായതുകൊണ്ട് അതു പരിപാവനവും അമൂല്യവുമാണെന്ന ഉറച്ച ബോധ്യം, അനാഥരും അവഗണിക്കപ്പെട്ടവരുമായ കുഞ്ഞുങ്ങളിലേക്കും അശരണരായ വൃദ്ധജനങ്ങളിലേക്കും അച്ചന്റെ ശ്രദ്ധ തിരിയാൻ കാരണമായി. നാനാജാതി മതസ്ഥരായ ഇവർക്കായി അനാഥമന്ദിരങ്ങളും വൃദ്ധഭവനങ്ങളും അദ്ദേഹം സ്ഥാപിച്ചു.

മത്തായിയച്ചന്റെ ജീവിതത്തിന്റെ കേന്ദ്രബിന്ദു തിരുഹൃദയഭക്തിയായിരുന്നു. ഈശോയുടെ തിരുഹൃദയത്തോട് അതിഗാഢവും വ്യക്തിപരവുമായ ബന്ധമാണു പുലർത്തിയിരുന്നത്. തിരുഹൃദയത്തിന്റെ തീക്ഷ്ണമായ സ്നേഹത്തെപ്പറ്റി ദീർഘസമയം പ്രസംഗിക്കുന്നതിലും കുടുംബങ്ങളെ ഈശോയുടെ തിരുഹൃദയത്തിനു പ്രതിഷ്ഠിക്കുന്നതിലും ഉത്സുകനായിരുന്നു. ‘ഓ, ഈശോയുടെ തിരുഹൃദയമേ, എന്റെ സമസ്തവിചാരങ്ങളും സകല പ്രവൃത്തികളും കാലടിപ്പാടുകൾ മുഴുവനും എന്റെ ഓരോ ഹൃദയമിടിപ്പുകൾപോലും ഞാൻ അങ്ങേക്കു പൂർണമായി സമർപ്പിക്കുന്നു’ എന്ന സുകൃതജപം കൂടെക്കൂടെ ജപിക്കണമെന്ന് അച്ചൻ നിഷ്കർഷിച്ചിരുന്നു. ‘തിരുഹൃദയദാസൻ’ എന്നു സ്വയം സംബോധന ചെയ്യുന്നതിൽ അദ്ദേഹം ആനന്ദം കണ്ടെത്തി. ഈശോയെ സ്നേഹിച്ചതു പോരാ എന്നുള്ള ചിന്തയോടെ അവിടുത്തെ കൂടുതൽക്കൂടുതൽ സ്നേഹിക്കാൻ ആ ഹൃദയം ആഗ്രഹിച്ചു. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിയുടെ അനശ്വരസ്മാരകമാണ് 1911 ൽ അച്ചൻ സ്ഥാപിച്ച തിരുഹൃദയ സന്ന്യാസിനീസമൂഹം. ദീർഘനാളുകളിലെ പ്രാർത്ഥനയ്ക്കും പരിചിന്തനത്തിനുംശേഷമാണ് ഒരു സന്ന്യാസിനീസമൂഹത്തിനു രൂപം കൊടുക്കാൻ മത്തായിയച്ചൻ തീരുമാനിച്ചത്.

മത്തായിയച്ചന്റെ സജീവ ശ്രദ്ധ പതിഞ്ഞ മറ്റൊരു മേഖലയാണ് കുട്ടികളുടെ മതബോധനം. ക്രാന്തദർശിയായ കദളിക്കാട്ടിലച്ചൻ കുഞ്ഞുങ്ങൾക്കു സുവിശേഷമൂല്യങ്ങൾ ലളിതമായി പറഞ്ഞുകൊടുത്തു പഠിപ്പിച്ചു. ഇതേപ്പറ്റി പാലാ രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ സാക്ഷ്യപ്പെടുത്തുന്നു: “ബഹു. മത്തായിയച്ചനെ എന്റെ ചെറുപ്പത്തിൽത്തന്നെ എനിക്ക് അടുത്തറിയാൻ ഇടയായിട്ടുണ്ട്. എല്ലാ കുട്ടികൾക്കും വേദപാഠപുസ്തകം ഉണ്ടായിരിക്കണമെന്ന് അച്ചൻ നിഷ്കർഷിച്ചിരുന്നു. ആ പുസ്തകം നോക്കി ബഹു. അച്ചൻ നമസ്കാരം ചൊല്ലിത്തരുകയും അത് ഉരുവിട്ടു പഠിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യുമായിരുന്നു. ആവശ്യമായ വിശദീകരണങ്ങളും നല്കും. സ്നേഹമുള്ള ഒരു പിതാവ് വാത്സല്യമുള്ള മക്കളെ പഠിപ്പിക്കുന്നതുപോലെയായിരുന്നു അച്ചന്റെ പാഠ്യരീതി. ഞാൻ നാലാം ക്ലാസിൽ പഠിക്കുന്ന കാലത്ത് എന്നെ അദ്ദേഹം കുമ്പസാരത്തിനും ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനും തയ്യാറാക്കി.” മത്തായിയച്ചൻ ജനങ്ങളെ ഇപ്രകാരം ഉപദേശിക്കുമായിരുന്നു: മതവിദ്യാഭ്യാസം നൽകപ്പെടാത്ത കുട്ടികൾ മുളച്ചുവരാൻ വെള്ളത്തിന്റെ സഹായമില്ലാതെ വാടിപ്പോകുന്ന ചെടികൾക്കു തുല്യമാകുന്നു. ഒരു നല്ല മതോപദേഷ്ടാവ് ലോകത്തിന്റെ വെളിച്ചംതന്നെയാണ്. നടക്കേണ്ട വഴി തിരിച്ചറിഞ്ഞ് ആ വഴിയിലൂടെ മുമ്പേ നടന്ന് പിന്നാലെ വരുന്നവരെ നയിക്കുന്ന യുവപുരോഹിനെയാണ് മത്തായിയച്ചനിൽ ദർശിക്കാൻ സാധിക്കുക. ജീവിതം വാങ്ങാനുള്ളതല്ല, കൊടുക്കാനുള്ളതാണ് എന്ന മഹദ്വചനം മത്തായിയച്ചനിൽ അന്വർത്ഥമായിരിക്കുന്നു. ‘കർത്താവ് എന്റെ ഇടനാകുന്നു. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല’ (സങ്കീ. 23:1) എന്ന സങ്കീർത്തനത്തിൽ അച്ചൻ അടിയുറച്ചു വിശ്വസിച്ചു. ഏറ്റവും നല്ല നിക്ഷേപം കഠിനാധ്വാനമാണ് എന്ന സാമാന്യതത്ത്വം അച്ചൻ മുറുകെപ്പിടിച്ചു.

ഇടവകയിൽ ജോലി ചെയ്യുന്ന വൈദികരുടെ മുഴുവൻ സമയവും ഇടവകജനത്തിനു വേണ്ടിയുള്ളതാണ്. ഇടവകയ്ക്കടുത്ത ഏതു സേവനത്തിനും ഇടവകവൈദികൻ ഏതു നേരവും ഒരുക്കമായിരിക്കണം. പതിവായി ഇടവകയിലെ കുടുംബങ്ങൾ സന്ദർശിക്കുക അച്ചന്റെ ശീലമായിരുന്നു. അവരുടെ വിഷമങ്ങൾ കേൾക്കാൻ ആ കണ്ണും കാതും മനസ്സും ഒപ്പം തുറന്നിരുന്നു. അവരുടെ ഹൃദയവികാരങ്ങളിൽ അലിഞ്ഞുചേരാൻ ആ ആർദ്രഹൃദയത്തിനു കഴിഞ്ഞു. ആരുമില്ലാത്തവർക്കും ആരുമല്ലാത്തവർക്കും അത്താണിയായി അച്ചൻ കൂടെനിന്നു. പാപസങ്കീർത്തനവേദിയിലൂടെ അനേകരെ ഈശോയുടെ തിരുഹൃദയത്തിലേക്ക് ആനയിച്ചു. അർഹിക്കുന്നവർക്കെല്ലാം വസ്ത്രം, ഭക്ഷണം, ചികിത്സാസഹായം തുടങ്ങിയ ക്ഷേമപദ്ധതികൾ ഇടവകയുടെ നേതൃത്വത്തിൽ ചിട്ടയായി നടപ്പാക്കി. തനിക്കു ലഭിച്ച പൗരോഹിത്യദൈവവിളിയോടു പ്രത്യുത്തരിച്ചുകൊണ്ടു പ്രവാചകധീരതയോടെ കർമപഥത്തിലേക്കു കടന്നുചെന്ന അച്ചൻ, ‘വിജനപ്രദേശവും വരണ്ടപ്രദേശവും സന്തോഷിക്കും. മരുഭൂമി ആനന്ദിക്കുകയും പുഷ്പിക്കുകയും ചെയ്യും’(ഏശ. 35:1) എന്ന തിരുവചനം പൂർത്തീകരിക്കുകയായിരുന്നു.

സ്ത്രീശക്തീകരണത്തിനായി അച്ചൻ സ്ഥാപിച്ചതാണ് ഇന്ന് പാലാ നഗരമധ്യേ ഉയർന്നു നിൽക്കുന്ന പാലാ സെന്റ് മേരീസ് ഹൈസ്കൂൾ. അദ്ദേഹത്തിന്റെ അനുകമ്പാർദ്രസ്നേഹത്തിനു പാത്രീഭൂതരായ വേറൊരു കൂട്ടരാണ് ഹരിജനങ്ങളും ഹരിജൻ ക്രൈസ്തവരും. കലാഭിരുചിയുള്ള, പിന്നാക്കവിഭാഗങ്ങളെ സംഘടിപ്പിച്ച് അവർക്കു ഗ്രാമീണകലകളിൽ അദ്ദേഹം പരിശീലനം നല്കി.

1935 മേയ് 23-ാം തീയതി മത്തായിയച്ചന്റെ പാവനാത്മാവ് സ്നേഹസാഗരമായ ഈശോയുടെ തിരുഹൃദയത്തിലലിഞ്ഞു ചേർന്നു, എന്നേക്കുമായി. കദളിക്കാട്ടിലച്ചൻ വിശ്രമമില്ലാതെ നടത്തിയ നിസ്വാർത്ഥസേവനങ്ങൾ ഒരു ദേശത്തിനു മുഴുവൻ വെളിച്ചം പകർന്നു.

## ഡി.സി.എം.എസ്. പാലാ രൂപതാഭാരവാഹികൾ



ബിനോയ് ജോൺ (പ്രസിഡന്റ്)



ബിന്ദു ആന്റണി (സെക്രട്ടറി)

2022-25 വർഷത്തേക്കുള്ള ഡി.സി.എം.എസ്. പാലാ രൂപതാഭാരവാഹികളുടെ തിരഞ്ഞെടുപ്പ് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ നടന്നു.

ബിനോയ് ജോൺ അമ്പലംകട്ടയിൽ(പ്രസിഡന്റ്), ഫെമിന സിബിച്ചൻ നാട്ടാർവയലിൽ (വൈസ് പ്രസിഡന്റ്), ബിന്ദു ആന്റണി വട്ടമറ്റത്തിൽ(സെക്രട്ടറി), ബിപിൻ ബേബി ഇടപ്പറമ്പിൽ (ജോ. സെക്രട്ടറി), മേരി എം.പി. കാക്കാലിമറ്റത്തിൽ(ഖജാൻജി), ബേബി ആന്റണി പാറയ്ക്കൽ (ഓർഗനൈസർ)എന്നിവരാണു പുതിയ ഭാരവാഹികൾ.

സംസ്ഥാന കൗൺസിൽ അംഗങ്ങളായി പി.ഒ. പീറ്റർ പാറയിൽ, ജസ്റ്റിൻ മാത്യു കുന്നുംപുറം, ബാബു പീറ്റർ പാണ്ടിമാക്കിൽ, ബൈജു ജേക്കബ് മണ്ണാമഠത്തിൽ, ജോസിമോൻ തുണ്ടത്തിൽ, ബിജി അഗസ്റ്റ്യൻ തെക്കേൽ എന്നിവരെയും കമ്മിറ്റിയംഗങ്ങളായി ജോയി മാത്യു കുത്തുപറമ്പിൽ, ഫ്രാൻസിസ് ജോസഫ് അറയ്ക്കപ്പറമ്പിൽ, എം.സി. ജോസ് മുണ്ടാട്ട് എന്നിവരെയും തിരഞ്ഞെടുത്തു.

തിരഞ്ഞെടുപ്പുകൗൺസിൽ യോഗം കെസിബിസി എസ്.സി./എസ്.ടി./ ബി.സി. കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്തു. തിരഞ്ഞെടുപ്പു യോഗത്തിൽ മോൺ സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ചു സന്ദേശം നൽകി. റിട്ടേണിങ് ഓഫീസർ ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ശ്രീ ജെയിംസ് ഇലവുങ്കൽ തിരഞ്ഞെടുപ്പിനു നേതൃത്വം നല്കി. ഡി.സി.എം.എസ്. പാലാ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് യോഗത്തിൽ സന്നിഹിതനായിരുന്നു.

# നാടു മുടിയട്ടെ; ഖജനാവു നിറയട്ടെ



അഡ്വ. ചാർലി പോൾ

മദ്യലഭ്യത ക്രമേണ കുറച്ചു കൊണ്ടുവരുമെന്നും വ്യാപകമായ ബോധവത്കരണത്തിലൂടെ, സമഗ്രപദ്ധതികളിലൂടെ മദ്യവർജനം എന്നതാണ് തങ്ങളുടെ മദ്യനയമെന്നും പ്രഖ്യാപിച്ചാണ് ഇടതുമുന്നണി തിരഞ്ഞെടുപ്പിനെ നേരിട്ടത്. പക്ഷേ, സർക്കാർ നിരന്തരം വാഗ്ദാനലംഘനം നടത്തി ജനങ്ങളെ പറ്റിക്കുകയായിരുന്നു. മദ്യത്തെ മാന്യവത്കരിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്ത് തലമുറകളെ മദ്യാസക്തരോഗികളാക്കി, അവന്റെ ആരോഗ്യവും ബുദ്ധിയും ധാർമികബോധവും കവർന്നെടുത്ത് ധനസമ്പാദനം മുഖ്യ അജണ്ടയാക്കുകയാണ് ഇടതുസർക്കാർ.

**മദ്യവർജനനയം ശുദ്ധതട്ടിപ്പ്:** മദ്യവർജനവും മദ്യനിരോധനവും രണ്ടു പ്രക്രിയകളാണ്. മദ്യവർജനമെന്നത് ഒരു വ്യക്തി സ്വമേധയാ എടുക്കേണ്ട നിലപാടു മാത്രമാണ്. അതിനു മദ്യനയവും മാനിഫെസ്റ്റോയും ആവശ്യമില്ല. മദ്യത്തിന്റെ ഉത്പാദനം, സൂക്ഷിപ്പ്, വിതരണം എന്നിവ സംബന്ധിച്ചു നിയമനിർമാണം നടത്താനും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്താനുമുള്ള അധികാരവും കടമയും ഉത്തരവാദിത്വവും ഉള്ളതു സർക്കാരിനു മാത്രമാണ്. ഇക്കാര്യത്തിൽ എന്തു നിലപാട് എന്നതാകണം സർക്കാർ പ്രഖ്യാപിക്കുന്ന മദ്യനയം. ആ നയം മദ്യനിരോധനത്തിലേക്ക് രാജ്യത്തെ ഘട്ടം ഘട്ടമായി കൊണ്ടുപോകാൻ പര്യാപ്തമാകണം. മദ്യലഭ്യത കുറച്ചുകൊണ്ടു മാത്രമേ മദ്യോപയോഗം കുറയ്ക്കാനാകൂ. ലഭ്യത വർദ്ധിച്ചാൽ ഉപഭോഗം വർദ്ധിക്കുമെന്നു സാമാന്യബുദ്ധിയുള്ള ആർക്കും മനസ്സിലാകും. ജനങ്ങൾ മദ്യം വർജിച്ചാൽ മതി; ഫലപ്രദമായ മദ്യനിയന്ത്രണവും നിരോധനവും അപ്രായോഗികമാണ് എന്നു വാദിക്കുന്നത് വഞ്ചനാപരമായ നിലപാടാണ്.

തിരഞ്ഞെടുവേളയിൽ, യു.ഡി.എഫിന്റെ കാലത്ത് അടച്ചുപൂട്ടിയ മദ്യശാലകൾ തുറക്കുമോ എന്ന ചോദ്യത്തിന് സി.പി.എം. ദേശീയ സെക്രട്ടറി സീതാറാം യെച്ചൂരി പറഞ്ഞു: “ഒരിക്കലും തുറക്കില്ല”. സി.പി.എം. സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു: “മദ്യത്തിന്റെ ലഭ്യത ഇന്നുള്ളതിനെക്കാൾ കുറച്ചുകൊണ്ടുവരുന്ന, മദ്യവർജനത്തിൽ അധിഷ്ഠിതമായ ഒരു നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിക്കാൻ പോകുന്നത്. ഇന്നു ലഭ്യമാകുന്ന മദ്യത്തിൽ ഒരു തുള്ളിപോലും അധികം ലഭ്യമാകാത്തവിധത്തിൽ, അതിനെക്കാൾ കുറയ്ക്കുന്ന വിധത്തിലുള്ള നടപടികളാണു സ്വീകരിക്കുക.” പറച്ചിലിനും നയത്തിനും എതിരായ അട്ടിമറി സമീപനമാണ് പിന്നീടു കണ്ടത്. സർക്കാർ അധികാരത്തിൽ വന്ന് നാളുകൾക്കുള്ളിൽ 3 സ്റ്റാർ ഉൾപ്പെടെയുള്ള മുഴുവൻ മദ്യശാലകളും തുറന്നു കൊടുത്തു. 2 സ്റ്റാറുകൾക്കെല്ലാം ബിയർ-വൈൻ പാർലറുകൾ അനുവദിച്ചു നൽകി. ദൂരപരിധിനിയമം ഇരുന്നൂറിൽ നിന്ന് 50 ആക്കി. ഒരു പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ അധികാരം നൽകുന്ന പഞ്ചായത്ത് രാജ്-നഗരപാലിക ബില്ലിലെ 232, 447 വകുപ്പുകൾ റദ്ദാക്കി. 10 ശതമാനം ബിവറേജ് ഔട്ട്‌ലറ്റുകൾ പൂട്ടിക്കൊണ്ടിരുന്നതു നിർത്തലാക്കി. ബവ്കോയുടെയും കൺസ്യൂമർഫെഡിന്റെയും സൂപ്പർ മാർക്കറ്റുകൾ തുറന്നു. പുതുതായി ബാറുകൾ അനുവദിച്ചു നൽകി. വിമാനത്താവളങ്ങളിലെ അന്താരാഷ്ട്രലോഞ്ചുകൾക്കൊപ്പം ആഭ്യന്തരലോഞ്ചുകളിലും വിദേശമദ്യം ലഭ്യമാക്കി. കൂടാതെ പോലീസ് ക്യാന്റീനുകൾക്കും മദ്യവില്പനയ്ക്ക് അനുമതി നൽകി. ഇങ്ങനെ മദ്യനയം നിരന്തരം അട്ടിമറിച്ച് സർക്കാർ ജനങ്ങളെ വെല്ലുവിളിക്കുകയാണ്.

**ഇന്നത്തെ സ്ഥിതി:** കേരളത്തിൽ മദ്യലോബി പിടിമുറുക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ അവസാന കാലത്ത് 29 പഞ്ചനക്ഷത്രഹോട്ടലുകളും 258 ഇന്ത്യൻ നിർമിത വിദേശമദ്യവില്പനകേന്ദ്രങ്ങളും മാത്രമാണ് ഉണ്ടായിരുന്നത്. ഇന്ന് 689 ബാറുകളും 295 ബിയർ പാർലറുകളും 270 ബവ്കോ ഔട്ട്‌ലെറ്റുകളും 39 കൺസ്യൂമർ ഫെഡ് ഔട്ട്‌ലെറ്റുകളും ഉണ്ട്. കൂടാതെ 43 ക്ലബുകൾക്കു ബാർ ലൈസൻസുണ്ട്. 11 ഡിസ്റ്റിലറികൾക്ക് (പ്രവർത്തനം ബ്ലെൻഡിങ് യൂണിറ്റുകളായി) ലൈസൻസുണ്ട്. 8 ബ്ലെൻഡിങ് യൂണിറ്റുകളുണ്ട്. ഒരു ബ്രൂവറിയും പ്രവർത്തിക്കുന്നു. 25 ബാർ ലൈസൻസുകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. ത്രീസ്റ്റാറിനു മുകളിലുള്ള ഹോട്ടലുകൾക്കു ബാർലൈസൻസ് നൽകുമെന്ന് മദ്യനയത്തിൽ ആവർത്തിച്ചതിനാൽ കൂടുതൽ ബിയർ പാർലറുകൾ ബാറുകളാക്കാൻ സാധ്യതയുണ്ട്. ഇതിനെല്ലാം പുറമേ നാലായിരത്തോളം കള്ളുഷാപ്പുകളും സംസ്ഥാനത്തു പ്രവർത്തിക്കുന്നുണ്ട്.

**സർക്കാർ പ്രധാന അബ്കാരി** : മദ്യവർജനമാണു ലക്ഷ്യമെന്നു പ്രഖ്യാപിക്കുകയും എന്നാൽ, മദ്യം പരമാവധി ലഭ്യമാക്കി നിത്യനിദാനച്ചെലവിനുള്ളതു സംഭരിക്കുകയും ചെയ്യുകയെന്ന രീതി ഉറപ്പിക്കുന്നതാണ് പുതിയ മദ്യനയം. പുതിയ നയത്തോടെ മദ്യത്തിന്റെ വില്പനക്കാർ മാത്രമല്ല പ്രധാന ഉത്പാദകരും സർക്കാർതന്നെയാകും. വില്പനയിലെ കമ്മീഷനും നികുതിയുമായി മാസത്തിൽ ആയിരം കോടിയിലധികം രൂപയാണ് ഖജനാവിൽ എത്തുന്നത്. മദ്യലഭ്യത കൂട്ടി വില്പന കൂട്ടുക; മദ്യപരുടെ എണ്ണം വർദ്ധിപ്പിക്കുക അതുവഴി പരമാവധി വരുമാനമുണ്ടാക്കുക എന്നതിനാണ് മദ്യനയത്തിൽ പ്രാധാന്യം നൽകിയിട്ടുള്ളത്. ഐ.ടി. പാർക്കുകളിൽ മദ്യം അനുവദിക്കുക, കൂടുതൽ വിദേശമദ്യശാലകൾ ആരംഭിക്കുക, മദ്യത്തിന്റെയും ബിയറിന്റെയും ഉത്പാദനം കൂട്ടുക, വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കാൻ അനുമതി നൽകുക എന്നിവയാണ് പുതിയ മദ്യനയത്തിന്റെ കാതൽ. ആവശ്യാനുസരണം ഇന്ത്യൻ നിർമിത വിദേശമദ്യവും ബിയർ അടക്കമുള്ള ഉത്പന്നങ്ങളും ലഭ്യമാക്കാൻ സർക്കാർ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള ഡിസ്റ്റിലറികളിൽ ഉത്പാദനം വർദ്ധിപ്പിക്കും. മദ്യനിർമാണത്തിനായി സ്പിരിറ്റ് ഉത്പാദനവും പൊതുമേഖലയിൽ തുടങ്ങുന്നു. ബിയറും വൈനും കൂടുതലായി ഉത്പാദിപ്പിക്കുന്നതിന് ബ്രൂവറികൾ അനുവദിച്ചുനൽകുന്നു. കൂടുതൽ ഔട്ട്‌ലെറ്റുകൾ തുറക്കുന്നു. പുതിയ ഔട്ട്‌ലെറ്റുകൾ പ്രീമിയം ഷോപ്പുകളായി മാറ്റി സ്ഥാപിക്കുന്നു. അങ്ങനെ മദ്യലഭ്യത സാർവത്രികമാക്കി ശതകോടികളുടെ വരുമാനമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. നാടുമുടിഞ്ഞാലും വ്യക്തികൾ നശിച്ചാലും ഖജനാവ് നിറയണം.




**വീര്യംകുറഞ്ഞ മദ്യമെന്ന കെണി** : കർഷകരെ രക്ഷിക്കാനെന്ന പേരിൽ കപ്പ, കശുമാങ്ങ, കൈതച്ചക്ക, ചക്ക, വാഴപ്പഴം എന്നിവയിൽനിന്നു വീര്യംകുറഞ്ഞ മദ്യം നിർമിച്ചു വിപണിയിൽ ഇറക്കാനാണ് സർക്കാർ നീക്കം. ഇത്തരം ഉത്പന്നങ്ങളിൽനിന്ന് മദ്യത്തെക്കാൾ വിലയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ പലതും നിർമിക്കാമെന്നിരിക്കെ അതൊന്നും പ്രോത്സാഹിപ്പിക്കാതെ മദ്യലോബിക്കു കർഷകരെക്കൂടി അടിയറ വയ്ക്കാൻ സർക്കാർ ശ്രമിക്കുകയാണ്. തൃശ്ശൂർ മാടക്കത്തറയിലുള്ള ‘കശുമാവ് ഗവേഷണകേന്ദ്രം’ കശുമാങ്ങയിൽനിന്ന് ഇരുപതിലേറെ വാണിജ്യമൂല്യമുള്ള ഉത്പന്നങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. ചക്കയുൾപ്പെടെ മറ്റു വസ്തുക്കളിൽനിന്നും നിരവധി ഉത്പന്നങ്ങൾ ഇപ്പോൾത്തന്നെ വിപണിയിലുണ്ട്. ഇനിയും മദ്യം കുടിക്കാത്തവരെ ആകർഷിച്ച് മുഴുക്കുടിയന്മാരാക്കുക എന്നതാണു വീര്യംകുറഞ്ഞ മദ്യത്തിലൂടെ ലക്ഷ്യം വയ്ക്കുന്നത്. വീര്യം കുറഞ്ഞ മദ്യം കുടിച്ചു ശീലിച്ചാൽ വീര്യംകൂടിയതു മനുഷ്യൻ ഉപേക്ഷിക്കുമെന്ന വാദം ബാലിശവും അടിസ്ഥാനരഹിതവുമാണ്. മറിച്ചാണു സംഭവിച്ചുകൊണ്ടിരിക്കുന്നത്. കൂടുതൽ കൂടുതൽ വീര്യമുള്ളത് അന്വേഷിച്ചു നടക്കുകയാണു മദ്യപർ. അവർക്കായി ട്രാവൻകൂർ ഷുഗേഴ്സിലെ ജവാൻ റം ഉത്പാദനം കൂട്ടാൻ സർക്കാർ തീരുമാനിച്ചിട്ടുമുണ്ട്. സ്ത്രീകളിലേക്കും കുട്ടികളിലേക്കും മദ്യപാനശീലം ഇല്ലാത്തവരിലേക്കും ഈ ദുശ്ശീലം വ്യാപിപ്പിക്കുവാനേ പുതിയ മദ്യനയം ഉപകരിക്കൂ. കള്ളവാറ്റും ഇതുവഴി വ്യാപകമാകും.

**ഐ.ടി. പാർക്കുകളിലെ മദ്യവത്കരണം:** ഐ.ടി. മേഖലയെ പ്രോത്സാഹിപ്പിക്കാനെന്ന പേരിൽ ക്ലബ് മാതൃകയിൽ മദ്യശാലകൾ അനുവദിക്കുന്നത് യുവ പ്രൊഫഷണലുകളെ തകർക്കാനേ ഉപകരിക്കൂ. കമ്പ്യൂട്ടറുകളെ നിയന്ത്രിക്കുന്ന വിദഗ്ദ്ധർ ഉണർവോടെ, ജാഗ്രതയോടെ ജോലി ചെയ്യേണ്ടവരാണ്. തൊഴിലിടങ്ങൾ മദ്യവത്കരിക്കുന്നത് സാമൂഹികഅരാജകത്വത്തിനു വഴിതെളിക്കും. തൊഴിലെടുക്കുന്നവരിൽ ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ, ഇടയ്ക്കിടെ ജോലിയിൽനിന്നു വിട്ടുനിൽക്കുന്ന ശീലം, ഉത്പാദനക്ഷമതയിലെ മാന്ദ്യം, സഹകരണമില്ലായ്മ, തീരുമാനമെടുക്കാൻ സാധിക്കാത്ത മാനസികാവസ്ഥ, ഉറങ്ങുന്ന ശീലം, അപകടങ്ങൾ, സംഘർഷങ്ങൾ എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ ഈ നയംമൂലം സംഭവിക്കും. തായ്‌ലന്റുപോലുള്ള രാജ്യങ്ങളിൽ വ്യഭിചാരംകൊണ്ട് ഉപജീവനം നടത്തുന്നുണ്ട്. ചില രാജ്യങ്ങളിൽ മയക്കുമരുന്നുപയോഗം കുറ്റകരമല്ല. അതുകൊണ്ട് മറ്റിടങ്ങളിൽ ഉള്ളതെല്ലാം ഇവിടെയാകാം എന്ന വാദഗതി തികച്ചും ബാലിശമാണ്. ഞങ്ങൾ ആരെയും നിർബന്ധിച്ചു കുടിപ്പിക്കുന്നില്ല എന്ന വാദവും അശാസ്ത്രീയവും യുക്തിരഹിതവുമാണ്. അധാർമികതയുടെ അടിമത്തത്തിലേക്കാണു ലഹരികൾ മനുഷ്യനെ നയിക്കുന്നത്.

**മദ്യനിരോധനം അപ്രായോഗികമോ?** ലോകത്തൊരിടത്തും മദ്യനിരോധനം വിജയിച്ചിട്ടില്ല. അതുകൊണ്ടത് അപ്രായോഗികമെന്ന വാദം നിരന്തരം ഉന്നയിക്കപ്പെടുന്നുണ്ട്. ഇന്ത്യയിൽതന്നെ ബീഹാർ, ഗുജറാത്ത്, നാഗാലാന്റ്, മിസോറാം എന്നീ സംസ്ഥാനങ്ങളിൽ ഇപ്പോൾ തന്നെ മദ്യനിരോധനം നിലനില്ക്കുന്നു. മദ്യനിരോധനം അവിടെ പ്രായോഗികമാണ്. രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടെങ്കിൽ ഏതു തീരുമാനവും ഫലപ്രദമായി നടപ്പാക്കാനാകും. കൊലപാതകിക്കു വധശിക്ഷ നല്കിയിട്ടും കൊലപാതകം കുറയുന്നില്ല. അതുകൊണ്ട് അതു പ്രായോഗികമല്ലെന്നു പറഞ്ഞ് ശിക്ഷ ഒഴിവാക്കി ബോധവത്കരണം മതിയെന്നു വച്ചാൽ എന്താകും സ്ഥിതി? വ്യാജ കറൻസി 30 ശതമാനത്തിലധികം ഉള്ളതിനാൽ കള്ളനോട്ട് നിയമവിധേയമാക്കുവാനോ, സ്ത്രീധനപീഡനങ്ങൾ വർദ്ധിക്കുന്നതുകൊണ്ട് വേശ്യാവൃത്തി നിയമവിധേയമാക്കുവാനോ സാധിക്കില്ല. ഒരു നിരോധനവും പൂർണതോതിൽ വിജയിക്കണമെന്നില്ല. അതുകൊണ്ട് അപ്രായോഗികം എന്ന വാദം ഉയർത്തരുത്. ഒരു രാജ്യത്തിന്റെ ധാർമികനിലവാരം കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിനാണ്.

**സർക്കാർ ചെയ്യേണ്ടത്** : മദ്യലഭ്യത വർദ്ധിപ്പിച്ചശേഷം മദ്യാസക്തരെ ഉപദേശിച്ചു മാറ്റാമെന്ന വിചിത്രന്യായം ഇനിയെങ്കിലും തിരുത്തണം. മനുഷ്യന്റെ ബലഹീനതയെ ചൂഷണം ചെയ്ത് വരുമാനം വർദ്ധിപ്പിക്കാമെന്ന അശാസ്ത്രീയവും അപകടകരവും അധാർമികവുമായ നയത്തിൽനിന്നു സർക്കാർ പിന്തിരിയണം. മദ്യശാലകളിലെ തിരക്ക് ഒഴിവാക്കാനല്ല, മദ്യം മൂലം തകർന്ന മനുഷ്യരെ, കുടുംബങ്ങളെ മദ്യത്തിൽനിന്നു വിമോചിപ്പിക്കാനുള്ള നടപടികളാണ് സർക്കാർ ആദ്യം ആവിഷ്കരിക്കേണ്ടത്. 17 ലക്ഷത്തോളം വരുന്ന മദ്യാസക്തരോഗികളെ ചികിത്സിച്ച് ആ കുടുംബങ്ങളെ രക്ഷപ്പെടുത്തുക. പുതിയ തലമുറയ്ക്ക് ലഹരിവിപത്തിനെതിരേ മുന്നറിയിപ്പു നല്കുന്നതിനായി വ്യാപകബോധവത്കരണം നടത്തുക. മയക്കുമരുന്നിനെതിരേ കർശനനടപടികൾ സ്വീകരിക്കുക. മദ്യം ഏറ്റവും വലിയ സാമൂഹികവിപത്താണെന്നു ബോധ്യമുള്ള സർക്കാർ പ്രകടനപത്രികയിൽ വാഗ്ദാനം നൽകിയപോലെ പടിപടിയായി മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും കുറച്ചുകൊണ്ടുവരിക. കേരളത്തെ രക്ഷിക്കുക. ■

ബാലനോവൽ 4 രാമപുരം മണി

# ധനുമാസത്തിലെ പൗർണമി



**രാ**ക്ഷസപ്രവീണൻ അന്നു വീട്ടിലെത്തിയപ്പോൾ സന്ധ്യകഴിഞ്ഞിരുന്നു. രാത്രി തന്റെ കറുത്ത കരിമ്പടം കൊണ്ടു ഭൂമിയെ മൂടി. വൻവൃക്ഷങ്ങളിൽ മുട്ടിത്തട്ടിയുലഞ്ഞ് ഒരു കാറ്റുവീശി. വലിയ രാക്ഷസൻ, അതായത്, പ്രവീണന്റെ അച്ഛൻ കറുപ്പച്ചൻ വീട്ടിലുണ്ടായിരുന്നു. അമ്മ കാമാച്ചിയമ്മ രാക്ഷസിയും സ്ഥലത്തുണ്ടായിരുന്നു.

"മണ്ടകുണ്ടന്മാരൊക്കെ എന്തിയേടീ കാമാച്ചീ."

മണ്ടൻ രാക്ഷസനും കുണ്ടൻ രാക്ഷസനും പ്രവീണന്റെ ഇളയവരാണ്. പിന്നെയൊരനിയത്തികൂടിയുണ്ടവർക്ക്, സ്വർണവല്ലി രാക്ഷസി.

ഒരു കറുത്ത സുന്ദരി. ഭയങ്കര സത്വം. അവൾ ചിരിച്ചാൽ മുത്തുചിതറും, അല്ലല്ല, അവൾ ചിരിച്ചാൽ പല്ലുമുഴുവൻ പുറത്തു ചാടും."

"എടീ കാമാച്ചിയേ."

"എന്തരേനു?"

"എടീ മണ്ടകുണ്ടന്മാരൊക്കെ എന്തിയേന്ന്. നിനക്കു ചെവി കേട്ടൂടേടീ. എപ്പം എന്തു ചോദിച്ചാലും എന്തരേനു കുന്തരേ..." കറുപ്പച്ചൻമൂത്തതിനു ദേഷ്യം വന്നു.

"അവമ്മാരു ദേ അപ്രത്തു കിടന്നുറങ്ങുന്നു."

"ആരാ അമ്മാച്ചീ," പ്രവീണൻരാക്ഷസൻ അങ്ങോട്ടു കടന്നുചെന്നു. അവൻ നല്ല സന്തോഷത്തിലാണ്. നീ രാവിലെ എണീറ്റു നായാട്ടിനുപോയതല്ലേടാ ശെർക്കാ. എന്നിട്ടിപ്പഴാണാ എഴുന്നള്ളുന്നെ."

"അമ്മാച്ചീ ഞാമ്പറയട്ടെ. ഞാനൊരു സുന്ദരിയെക്കണ്ടു. സുഗന്ധി രാജകുമാരിയെ."

"എന്നിട്ട്... എവിടെവച്ച്..." കാമാച്ചി രാക്ഷസി ചോദിച്ചു.

"പുഷ്പവനം കാട്ടിൽവച്ച്. അവിടെ അവളും നായാട്ടിനു വന്നതാരുന്നു."

"എന്തരേനു..."

"കുന്തം. കൊടച്ചക്രം.

"നീ പറേഡാ പ്രവീണാ അവളെ നെനക്കു പിടിച്ചോ."

"ഒവ്വ."

"പിന്നെന്തെരേനു." കാമാച്ചി രാക്ഷസി ചോദിച്ചു.

"ഞാൻ എന്റെ രാക്ഷസരൂപം വെടിഞ്ഞാണവളെ കണ്ടത്." രാക്ഷസപ്രവീണൻ പറഞ്ഞു.

"അതു നന്നായി ശെർക്കാ."

"അമ്മാച്ചീ കാമാച്ചീ ഞാനവളെ പ്രണയിച്ചുപോയി." പ്രവീണൻ സ്വപ്നലോകത്തിലാണ്. അവന്റെ പരുക്കൻ മനസ്സു നിറയെ രാജകുമാരിയോടുള്ള പ്രേമമാണ്. അവ



ളുടെ ചാമ്പക്കാച്ചുണ്ടുകൾ... തളിരുപോലുള്ള ആ മേനിയഴക്...

"നിനക്കവളെ രാശാവു കെട്ടിച്ചു തരുമോടാ പ്രവീണാ."

"കെട്ടിച്ചു തന്നില്ലെങ്കിൽ ഞാനവളെ കട്ടോണ്ടു പോരും. എനിക്കത്രയ്ക്കിഷ്ടമാണവളെ. മാന്തളിരേ.. മലർക്കൊടിയേ... എൻ രാശാത്തീ." പ്രവീണൻ ഉണർന്നിരുന്നു കിനാവുകാണുകയാണ്.

"ശെർക്കാ, ഒരാട്ടിൻകുട്ടിയെ പുഴുങ്ങിവെച്ചിട്ടുണ്ട് നീ ചെന്നതിനെ തിന്ന്. വെശപ്പുമാറട്ടെ. നായാട്ടിനു പോയപ്പം നീ വല്ലതും കഴിച്ചാരുന്നോടാ കുട്ടപ്പാ."

"ഞാനാ പെണ്ണിനെ തിന്നു, ജമന്തിയെ. നല്ല രുചിയായിരുന്നു. സുഗന്ധിരാജകുമാരിയുടെ തോഴിയായിരുന്നു അവൾ."

"എന്റെ ശെർക്കാ..." കാമാച്ചി രാക്ഷസി മൂക്കത്തു വിരൽവച്ചുപോയി. വിശന്നിട്ട് അവനൊരു പെണ്ണിനെ തിന്നുപോലും. അതും അവൻ പ്രണയിക്കുന്ന രാജകുമാരിയുടെ തോഴിയെ.

എവിടെ പ്രവീണൻ? കാമാച്ചി രാക്ഷസി എണീറ്റു ചെന്നു നോക്കി. വലിയ പാത്രത്തിൽ വേവിച്ചു വച്ചിരിക്കുന്ന ആട്ടിൻകുട്ടിയെ തിന്നുകയാണു പ്രവീണൻ.

"എടാ ശെർക്കാ, ആ ഒറങ്ങുന്ന മണ്ടകുണ്ടൻമാർക്കൂടെ കൊറച്ചു കൊടുക്കണം."

"ആട്ടിൻകുട്ടീടെ കാലു വെച്ചേക്കാം അവർക്ക്."

"അപ്പനോ?"

"കുറുപ്പച്ചൻമൂപ്പനാർക്കു ഞാനൊരു പന്നിയെ വേവിച്ചു കൊടുത്താരുന്നു."

"ഓഹോ അപ്പ അമ്മാച്ചിക്കോ. ആ പെണ്ണിനോ, സ്വർണ്ണവല്ലിക്ക്..." പ്രവീണൻ ചോദിച്ചു.

"നീ രണ്ടു കലമാനെയോ അഞ്ചാറു മുയലുകളെയോ പിടിച്ചോണ്ടു വാ മോനേ. ഞങ്ങൾക്കും വിശക്കുന്നു."

"ശരിയമ്മാ." തീറ്റ നിർത്തി ഭയങ്കര ശബ്ദത്തിൽ ഒരേ മ്പക്കം വിട്ട് പ്രവീണൻ കാട്ടിലേക്കോടി. പെട്ടെന്നുതന്നെ ആറുമുയലുകളുമായി രാക്ഷസപ്രവീണൻ വന്നു. കാമാച്ചി രാക്ഷസി ആ കാട്ടുമൃഗങ്ങളെ വേവിച്ചെടുത്തു.

ആവി പറക്കുന്ന മുയലിറച്ചി.

കാമാച്ചിയും സ്വർണവല്ലിയും അതിന്റെ മുമ്പിലിരുന്നു തീറ്റ തുടങ്ങി.

രാക്ഷസപ്രവീണൻ അതു കണ്ടു വെള്ളമിറക്കിക്കൊണ്ടുനിന്നു.

*(തുടരും)*




# റോബിൻസൺ ക്രൂസോ




ജോയിഷ് ജോസ്

**ലോ**കത്തിലെ ഒരു വലിയ സാഹിത്യശാഖയായി കുട്ടികളുടെ സാഹിത്യം മാറിയിട്ടുണ്ട്. ഓരോ ദേശത്തിനും അതിന്റെ വകഭേദങ്ങളുമുണ്ട്. നാടോടിക്കഥകളും മിത്തുകളും കോമിക്കുകളുമൊക്കെയായി അതൊരു വലിയ സാധ്യത തുറന്നിടുന്നുണ്ട്.

പാശ്ചാത്യസാഹിത്യത്തിന്റെ ചരിത്രത്തിൽ ഡാനിയേൽ ഡിഫോയുടെ റോബിൻസൺ ക്രൂസോയോളം വായിക്കപ്പെട്ട കൃതികൾ ചുരുക്കമാണ്. ഇത്രയേറെ പതിപ്പുകൾ വിറ്റഴിഞ്ഞ മറ്റൊരു പുസ്തകവുമില്ല. പൂർണരൂപത്തിലും സംഗ്രഹമായും പുനരാഖ്യാനമായും ചിത്രകഥയായും ബാലസാഹിത്യമായുമൊക്കെ നൂറുകണക്കിനു പതിപ്പുകൾ. ലോകത്ത് ഏറ്റവുമധികം വിവർത്തനം ചെയ്യപ്പെട്ട പുസ്തകങ്ങളിലൊന്നു റോബിൻസൺ ക്രൂസോയാണ്.

മാതാപിതാക്കളുടെ ആഗ്രഹത്തിനെതിരായി 1651 ഓഗസ്റ്റ്മാസം കപ്പൽയാത്രയ്ക്ക് ഇറങ്ങിത്തിരിച്ച റോബിൻസൺ ക്രൂസോയുടെ കപ്പൽ അതിഭയങ്കരമായ ഒരു കൊടുങ്കാറ്റിൽപ്പെട്ടു. തകർന്ന കപ്പലിൽനിന്നു രക്ഷപ്പെട്ട ക്രൂസോ ഒരു വിധത്തിൽ തന്റെ വീട്ടിൽ മടങ്ങിയെത്തി. പക്ഷേ, കടലിനോടും കടലിലെ സാഹസികയാത്രയോടുമുള്ള അടങ്ങാത്ത അഭിവാഞ്ഛമൂലം അയാൾ വീണ്ടും കപ്പൽയാത്രയ്ക്കിറങ്ങി. ഇത്തവണ ക്രൂസോ കടൽക്കൊള്ളക്കാരുടെ കൈയിലകപ്പെട്ടു. അവർ അയാളെ അവരുടെ അടിമയാക്കി. രണ്ടു വർഷത്തെ യാതനകൾക്കുശേഷം ക്സുരി എന്ന ഒരു കുട്ടിയുടെകൂടെ ഒരു ബോട്ടിൽക്കയറി അയാൾ രക്ഷപ്പെടുന്നു. കടലിൽ അലഞ്ഞുതിരിഞ്ഞ ക്രൂസോയെ ഒരു പോർച്ചുഗീസ് കപ്പിത്താൻ രക്ഷപ്പെടുത്തി ബ്രസീലിലെത്തിച്ചു. വളരെ നാളത്തെ കഠിനാധ്വാനത്തിലൂടെ അയാൾ അവിടെയൊരു തോട്ടം സമ്പാദിക്കുന്നു.




കുറച്ചു വർഷങ്ങൾക്കുശേഷം ആഫ്രിക്കയിൽനിന്ന് അടിമകളെ കൊണ്ടുവരുന്ന ഒരു പര്യവേക്ഷണക്കപ്പലിൽ ക്രൂസോ വീണ്ടും സാഹസികയാത്രയ്ക്കിറങ്ങുന്നു. ആ കപ്പലും അപകടത്തിൽപ്പെടുന്നു. ക്രൂസോയും ഒരു നായയും രണ്ടു പൂച്ചകളും മാത്രമാണ് അപകടത്തിൽ അവശേഷിച്ചത്. അവർ വിജനമായ ഒരു ദ്വീപിൽ വന്നടിഞ്ഞു. കപ്പലിൽനിന്നു വീണ്ടെടുത്ത കുറച്ചു സാധനങ്ങൾ ഉപയോഗിച്ച് ദ്വീപിൽ അയാൾ ഒരു ചെറിയ കുടിൽ കെട്ടി. അവിടെ മൃഗങ്ങളെ വേട്ടയാടിയും, കൃഷി ചെയ്തും അയാൾ തന്റെ ഏകാന്തമായ ജീവിതം കഴിച്ചുകൂട്ടി. വർഷങ്ങൾ കടന്നുപോയി. ദ്വീപിൽ ഇടയ്ക്കിടെ നരഭോജികൾ വന്നുപോകാറുണ്ടെന്നു ക്രൂസോ മനസ്സിലാക്കി. നരഭോജികളുടെ കൈയിൽനിന്നു വഴുതിപ്പോയ ഫ്രൈഡേ എന്ന ഒരു മനുഷ്യനെ ക്രൂസോ രക്ഷപ്പെടുത്തി. ക്രൂസോ അയാളെ ഇംഗ്ലീഷ് പഠിപ്പിക്കുകയും ക്രിസ്തുമതവിശ്വാസിയാക്കുകയും ചെയ്തു.

വീണ്ടും ദ്വീപിലെത്തുന്ന നരഭോജികളിൽ മിക്കവരെയും ക്രുസോയും ഫ്രൈഡേയും ചേർന്ന് കൊലപ്പെടുത്തി. ബാക്കിയുള്ളവർ ഓടി രക്ഷപ്പെട്ടു. നരഭോജികളുടെ കൈയിലകപ്പെട്ടിരുന്ന രണ്ടു തടവുകാരെ അവർ രക്ഷപ്പെടുത്തി. അവരിൽ ഒരാൾ ഫ്രൈഡേയുടെ അച്ഛനായിരുന്നു. മറ്റേത് ഒരു സ്പെയിൻകാരനായിരുന്നു. കപ്പലപകടത്തിൽപ്പെട്ട വേറേയും സ്പെയിൻകാർ ആ തീരത്തടിഞ്ഞിട്ടുണ്ടെന്ന് അവർ ക്രൂസോയോടു പറഞ്ഞു. അവരെയെല്ലാം ഒരുമിച്ചുകൂട്ടി ഒരു കപ്പൽ നിർമിച്ച് ദ്വീപിൽനിന്നു രക്ഷപ്പെടാൻ ക്രുസോ തീരുമാനിച്ചു.

പക്ഷേ, സ്പെയിൻകാർ എത്തുംമുമ്പ് ഒരു ബ്രിട്ടീഷ് കപ്പൽ അവിടെയെത്തി. ലഹളക്കാർ ആ കപ്പലിന്റെ നിയന്ത്രണം കയ്യടക്കിയിരിക്കുകയായിരുന്നു. ക്രൂസോ അതിന്റെ കപ്പിത്താനുമായി ഒരു ഉടമ്പടിയുണ്ടാക്കി. ലഹളക്കാരെ തോല്പിച്ചോടിച്ചശേഷം ആ കപ്പലിൽ അവർ ബ്രിട്ടനിലേക്കു മടങ്ങുകയും ചെയ്തു.




**മെയ് 1**
**ഉയിർപ്പുകാലം**
**മൂന്നാം ഞായർ**

**പുറ 3:1–12**
**എസെ 34:20–26**
**എഫേ 4:7–16**
**യോഹ 21:15–19**



# മിശിഹായെ പ്രഘോഷിക്കാനും സഭയെ സേവിക്കാനും



**ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ**

ഉയിർപ്പുകാലം മൂന്നാം ഞായറാഴ്ചയിലെ ദൈവവചനം ഉത്ഥിതനായ മിശിഹാ പത്രോസിനെ ഭരമേല്പിക്കുന്ന ഇടയദൗത്യത്തിലേക്കാണു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഇപ്രകാരം ഒരു ദൗത്യമേല്പിക്കലിന്റെ വിവരണമാണ് ഒന്നാം വായനയിൽ നാം ശ്രവിക്കുന്നത് (പുറ. 3:1–12). മോശ തന്റെ അമ്മായിയപ്പനായ ജത്രോയുടെ ആടുകളെ മേയിച്ചുകൊണ്ടു ഹോറെബിലെത്തിയപ്പോൾ ദൈവം പ്രത്യക്ഷപ്പെട്ടു തന്റെ ജനമായ ഇസ്രായേലിനെ നയിക്കാനുള്ള ഉത്തരവാദിത്വം അദ്ദേഹത്തെ ഏല്പിക്കുന്നു. കത്തിജ്ജ്വലിക്കുന്നുണ്ടായിരുന്നെങ്കിലും ചാമ്പലാകാതിരുന്ന ഒരു മുൾപ്പടർപ്പിന്റെ മധ്യത്തിൽ നിന്നു ജ്വലിച്ചുയർന്ന അഗ്നിയിലാണു ദൈവം പ്രത്യക്ഷപ്പെടുന്നത്. മുൾപ്പടർപ്പിൽനിന്നു കർത്താവിന്റെ ‘വചന’മാണു വെളിപ്പെടുത്തൽ നടത്തുന്നത്. ആ ‘വചന’മാണു പ്രവാചകന്മാരിലൂടെ സംസാരിച്ചതും പിന്നീട് മാംസം ധരിച്ചു മനുഷ്യനായി പിറന്നതും. കത്തുന്നുണ്ടെങ്കിലും എരിഞ്ഞുചാമ്പലാകാത്ത മുൾപ്പടർപ്പിൽ ദൈവം മോശയ്ക്കു പ്രത്യക്ഷപ്പെട്ടതിനെ, ദൈവത്വം നഷ്ടപ്പെടുത്താതെ ദൈവപുത്രൻ മനുഷ്യാവതാരം ചെയ്തതിന്റെ പ്രതിരൂപമായി സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട്.

ഇസ്രായേലിന്റെ ഇടയന്മാർ കർത്താവിന്റെ ഹിതം നിർവഹിക്കുന്നതിൽ പരാജയപ്പെട്ടപ്പോൾ കർത്താവ് ഇടപെടുന്നതും ഇടയദൗത്യം ഏറ്റെടുക്കുന്നതും അവിടത്തെ ഹിതമനുസരിച്ചു പ്രവർത്തിക്കുന്ന പുതിയ ഇടയനെ നിയോഗിക്കുന്നതുമാണ് എസെക്കിയേലിന്റെ പുസ്തകം 34–ാം അധ്യായം പ്രതിപാദിക്കുന്നത്. ഇസ്രായേൽ വിപ്രവാസികളായത്, നേതാക്കൾ വേണ്ടവിധം അവരെ നയിക്കാത്തതിനാലാണ്. അതിനാൽ, അവരുടെ നേതാക്കന്മാരെ പ്രവാചകൻ ശാസിക്കുന്നു. കർത്താവ് ദുർബലരുടെ ന്യായാധിപനും സംരക്ഷകനുമാണ്. ശക്തിയുള്ളതും ശക്തിയില്ലാത്തതുമായ ആട്ടിൻകൂട്ടമായി ഇസ്രായേലിനെ പ്രവാചകൻ ചിത്രീകരിക്കുന്നു. കർത്താവ് ബലഹീനരുടെ സംരക്ഷണം ഏറ്റെടുക്കുകയും പുതിയ ഇടയനെ നല്കുമെന്ന വാഗ്ദാനം കൊടുക്കുകയും ചെയ്യുന്നു. ‘ഞാൻ ഒരു ഇടയനെ, എന്റെ ദാസനായ ദാവീദിനെ നിയമിക്കും’ എന്ന കർത്താവിന്റെ വചനം പ്രത്യക്ഷത്തിൽ ദാവീദിനെക്കുറിച്ചാണെങ്കിലും യഥാർത്ഥത്തിൽ ഇതു ദാവീദുവംശത്തിൽ നിന്നു വരാനിരിക്കുന്ന രാജാവായ മിശിഹായിലേക്കാണു വിരൽ ചൂണ്ടുന്നത്.

വിശ്വാസികൾക്കുള്ള ഇടയധർമത്തെക്കുറിച്ചാണ് പൗലോസ് ശ്ലീഹാ സൂചിപ്പിക്കുന്നത്. വിവിധ ദാനങ്ങളും വരങ്ങളും സഭയിൽ പ്രദാനം ചെയ്തുകൊണ്ടാണ് ആത്മാവ് സഭയെ നിരന്തരം നവീകരിക്കുകയും പടുത്തുയർത്തുകയും ചെയ്യുന്നത്. മാമ്മോദീസ സ്വീകരിച്ച ഓരോ വിശ്വാസിയും സഭയുടെ നന്മയ്ക്കുവേണ്ടിയാകണം വരദാനങ്ങൾ ഉപയോഗിക്കുന്നത്. കൃപാവരങ്ങളിൽ വൈവിധ്യമുണ്ടെങ്കിലും നമുക്കു ലഭിച്ച വരദാനങ്ങൾ ഉപയോഗിച്ച് മിശിഹായുടെ ശരീരം പടുത്തുയർത്തണം. അതിനു നാമെല്ലാവരും സ്നേഹത്തിൽ വളരുകയും മിശിഹായ്ക്കു സാക്ഷ്യം വഹിക്കുകയും ചെയ്യണമെന്നു ശ്ലീഹാ ഓർമിപ്പിക്കുന്നു.

അവൻ ഉന്നതത്തിലേക്ക് ആരോഹണം ചെയ്തപ്പോൾ ബന്ധനത്തെ ബന്ധിതമാക്കി എന്ന സങ്കീർത്തകവചസ്സുകൾ (സങ്കീ. 68:18) പൗലോസ് ശ്ലീഹ ഉദ്ധരിക്കുന്നു. ഈജിപ്തിൽ നിന്ന് ഇസ്രായേൽക്കാർ ജറുസലേമിലെ സീയോൻ മലയിലേക്ക് ആനയിക്കപ്പെടുന്നതിനെക്കുറിച്ചാണു സങ്കീർത്തകൻ സൂചിപ്പിക്കുന്നതെങ്കിൽ ഈശോയുടെ സ്വർഗാരോഹണവുമായി ബന്ധിപ്പിച്ചാണ് ശ്ലീഹാ സങ്കീർത്തകവചസ്സുകൾ ഇവിടെ സൂചിപ്പിക്കുന്നത്. കാരണം, സ്വർഗാരോഹണത്തെത്തുടർന്നുള്ള പന്തക്കുസ്താവേളയിലാണല്ലോ ഉത്ഥിതനായ മിശിഹാ പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങൾ ശിഷ്യർക്കുമേൽ ചൊരിയുന്നത്. സഭയിലെ വിവിധ ശുശ്രൂഷകരും അജപാലകരും ജനങ്ങളെ വിശുദ്ധീകരിച്ചും സഭയിൽ ഐക്യം നിലനിറുത്തിയുമാണു തങ്ങളുടെ ഇടയധർമം നിർവഹിക്കേണ്ടത്. മിശിഹായുടെ അജപാലന ദൗത്യം നിർവഹിക്കുന്നവർ മിശിഹായെ അനുകരിക്കുന്നവരും എല്ലാ വിധത്തിലും അവിടുത്തെ സ്നേഹിക്കുന്നവരും അവിടുന്ന് നല്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളോടു സഹകരിക്കുന്നവരുമാകണം.

**മിശിഹായുടെ അജപാലനദൗത്യം നിർവഹിക്കുന്നവർ മിശിഹായെ അനുകരിക്കുന്നവരും എല്ലാ വിധത്തിലും അവിടുത്തെ സ്നേഹിക്കുന്നവരും അവിടുന്നു നല്കുന്ന പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളോടു സഹകരിക്കുന്നവരുമാകണം.**

നല്ലിടയനായ മിശിഹാ സ്വജീവൻ നല്കി വീണ്ടെടുത്ത സഭയുടെ ഇടയധർമം പത്രോസ് ശ്ലീഹായെ ഭരമേല്പിക്കുന്ന വചനഭാഗമാണു സുവിശേഷ പാഠം. ആടുകളുടെ ഇടയനായി ലോകത്തിലേക്കുവന്ന മിശിഹായുടെ പാത പിഞ്ചെല്ലാനാണ് പത്രോസ് ശ്ലീഹായോട് ഈശോ ആവശ്യപ്പെടുന്നത്. മിശിഹായുടെ ദൗത്യം ഏറ്റെടുക്കുന്നതിനു മിശിഹാ ചോദിക്കുന്ന ഏകചോദ്യം ‘എല്ലാറ്റിനുമുപരിയായി / എല്ലാവരെയുംകാൾ തന്നെ സ്നേഹിക്കുന്നുവോ’ എന്നതാണ്. എല്ലാറ്റിലും ഉപരിയായി ദൈവത്തെ സ്നേഹിക്കുക എന്ന കാര്യമാണ് ഇസ്രായേലിനെ ദൈവം തിരഞ്ഞെടുത്തപ്പോൾ നല്കിയ കല്പനയിലുള്ളത് (നിയമ. 6:5). മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞ പത്രോസിനോട് (യോഹ. 13:38; യോഹ. 18:15–25) ‘ഇവരെക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ’ എന്നു മൂന്നു പ്രാവശ്യം മിശിഹാ ചോദിക്കുമ്പോൾ മൂന്നു പ്രാവശ്യവും അവിടത്തോടുള്ള സ്നേഹം പത്രോസ് ഏറ്റുപറയുന്നു. ‘കർത്താവേ, നീ എല്ലാം അറിയുന്നു; ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ മനസ്സിലാക്കുന്നു’ എന്നാണു ശിഷ്യപ്രമുഖൻ മറുപടി പറയുന്നത്. ആ സ്നേഹത്തിന്റെ പ്രതിഫലനമാണു തുടർന്നു പത്രോസിന്റെ ജീവിതത്തിൽ നാം കാണുന്നത്. ശിഷ്യരിൽ പ്രധാനിയായ പത്രോസ് ഉത്ഥിതനായ ഈശോയെ പൂർണമായി അനുഗമിക്കുകയും പന്തക്കുസ്താ അനുഭവത്തിനുശേഷം പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളാൽ നിറഞ്ഞ് അവിടത്തെ സധൈര്യം സകല ജനതകളോടും പ്രഘോഷിക്കുകയും ചെയ്തു. ദൈവരാജ്യത്തിന്റെ താക്കോലുകൾ കർത്താവിൽ നിന്നു സ്വീകരിച്ച പത്രോസ് കുരിശുമരണത്തിലൂടെ തന്റെ ഗുരുനാഥനെ മഹത്ത്വപ്പെടുത്തുന്നു.

തന്റെ അജഗണത്തെ പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്വം ശ്ലീഹന്മാരുടെ തലവനായ പത്രോസിനെ ഏല്പിക്കുമ്പോൾ അവിടന്നാഗ്രഹിച്ചത് താൻ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കുക എന്നതാണ്. സ്നേഹത്തിന്റെ ഗൃഹപാഠങ്ങൾ ചെയ്ത ശ്ലീഹാ, മിശിഹായുടെ സഭയെ പടുത്തുയർത്തുകയും സധൈര്യം നയിക്കുകയും ചെയ്തു. പത്രോസിന്റെ മാതൃക പിഞ്ചെന്ന് ഉത്ഥിതനായ മിശിഹായെ പ്രഘോഷിക്കാനും സഭയെ സേവിക്കാനും സഹോദരങ്ങളെ സ്നേഹിക്കാനും നമുക്കു ശ്രമിക്കാം. സഭ അഭിമുഖീകരിക്കുന്ന ആന്തരികവും ബാഹ്യവുമായ ഭീഷണികളെ പ്രാർത്ഥനയിലൂടെയും കൂട്ടായ്മയിലൂടെയും നമുക്കു തോല്പിക്കാം. സഭയെ കാർന്നുതിന്നുന്ന തിന്മകളുടെ വൈറസുകൾക്കെതിരേ പത്രോസിന്റെ ഇടയമനോഭാവത്തോടെ സഭാമക്കൾ ജാഗ്രത പുലർത്തുകയും അവയെ പരാജയപ്പെടുത്തുകയും ചെയ്യണം. പിശാചിന്റെ സകല കെണികളിൽ നിന്നും സഭയെ കാത്തുകൊള്ളണമെന്നാണ് പത്രോസിന്റെ തിരുനാൾദിനത്തിലെ ഓനീസാദ് റാസേയിൽ നാം പ്രാർത്ഥിക്കുന്നത്. എല്ലാവരെയും ഉൾക്കൊള്ളുന്ന സഭ വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു.

■

# ഇടിയും മിന്നലുമായി ഇലക്ട്രിസിറ്റി ബോർഡ്

*(1-ാം പേജ് തുടർച്ച)*

ഓരോ തവണത്തെ ചാർജു വർദ്ധന ഉത്തരവിനോടൊപ്പം ചില നിർദേശങ്ങളും ബോർഡിനു കമ്മീഷൻ നൽകാറുണ്ട്. എന്നാൽ, ചാർജുവർദ്ധന ലഭിച്ചു കഴിഞ്ഞാൽ ബോർഡ് റെഗുലേറ്ററി കമ്മീഷന്റെ ഒരു നിർദേശവും പാലിക്കാറില്ല. ചെലവു നിയന്ത്രിക്കുന്നതിനോ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനോ ബോർഡ് നടപടി കൈക്കൊള്ളുന്നില്ല. ഗാർഹികോപയോക്താക്കളുടെ വൈദ്യുതിബിൽ കുടിശിക വന്നാലുടൻ ഫ്യൂസ് ഊരിക്കൊണ്ടു പോകുന്ന ബോർഡ് വൻകിടക്കാരുടെ ഫ്യൂസ് ഊരാറില്ലെന്നു മാത്രമല്ല, കുടിശിക പിരിക്കാൻ നടപടി സ്വീകരിക്കാറുമില്ല. ഇങ്ങനെയുള്ള തുക പിടിച്ചെടുത്താൽ ചാർജുവർദ്ധന വേണ്ടിവരികയില്ല.

ബോർഡിന്റെ ഒരു പദ്ധതി പോലും എസ്റ്റിമേറ്റ് തുകയ്ക്കും സമയബന്ധിതമായും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പള്ളിവാസൽ വിപുലീകരണപദ്ധതി, ചെങ്കുളം ഓഗ്മെന്റേഷൻ സ്കീം, തൊട്ടിയാർ ജലവൈദ്യുതപദ്ധതി, പഴശ്ശി സാഗർ ചെറുകിടപദ്ധതി, പെരുവണ്ണാമൂഴി ചെറുകിട പദ്ധതി ഇങ്ങനെയുള്ള ഒരു പദ്ധതിയും യഥാസമയം പൂർത്തിയാക്കാൻ കഴിയാത്തത് ചെലവു കൂടാനും വരുമാനനഷ്ടത്തിനും കാരണമാകുന്നു.

ഉദാഹരണത്തിനു പള്ളിവാസൽ വിപുലീകരണപദ്ധതി തന്നെ പരിശോധിക്കാം. 2007 ൽ പണി തുടങ്ങിയ പദ്ധതി 2011 മാർച്ചിൽ പൂർത്തിയാക്കി ഉത്പാദനം തുടങ്ങുമെന്നായിരുന്നു പ്രഖ്യാപനം. 220 കോടി എസ്റ്റിമേറ്റിൽ 60 മെഗാവാട്ട് ഉത്പാദനം പ്രതീക്ഷിച്ചു തുടങ്ങിയ പദ്ധതിയെക്കുറിച്ചു വിവരാവകാശനിയമപ്രകാരം 2012 ൽ അന്വേഷണം നടത്തിയപ്പോൾ കിട്ടിയ മറുപടി 157 കോടി രൂപ ചെലവഴിച്ചെന്നും ഇനി 218 കോടി രൂപകൂടി മുടക്കേണ്ടിവരുമെന്നുമായിരുന്നു. 2015 ൽ പദ്ധതി പൂർത്തിയാക്കുമെന്നായിരുന്നു അറിയിച്ചത്. 2016 ആയിട്ടും പദ്ധതി പൂർത്തിയായിട്ടില്ലെന്നറിഞ്ഞതുകൊണ്ട് വീണ്ടും വിവരാവകാശപ്രകാരം 2016 ഡിസംബറിൽ അന്വേഷണം നടത്തി. 72.77 ശതമാനം പണിപൂർത്തിയായെന്നും 246 കോടി രൂപ ചെലവഴിച്ചെന്നും 250 കോടി രൂപകൂടി പണി പൂർത്തിയാകാൻ വേണ്ടിവരുമെന്നുമാണു മറുപടി ലഭിച്ചത്. 2020 ആയപ്പോഴേക്കും 82.66 ശതമാനം പണിയേ പൂർത്തിയായുള്ളൂ. പദ്ധതിക്കുവേണ്ടി വാങ്ങിയ 42.55 കോടിയുടെ യന്ത്രസാമഗ്രികളിൽ 7.9 കോടിയുടേതു മാത്രമാണ് 2016 വരെ ഉപയോഗിച്ചത്. ബാക്കി യന്ത്രസാമഗ്രികൾ തുരുമ്പെടുത്തു നശിച്ചു.

ടണൽ പണിതു ചെന്നപ്പോൾ പാറ തീർന്നു മണ്ണുമാത്രമായി. പിന്നെ ആ പ്രദേശം കോൺക്രീറ്റ് ചെയ്തു ബലപ്പെടുത്തിയശേഷം അതിൽക്കൂടി തുരങ്കം നിർമിക്കുകയാണിപ്പോൾ. യഥാസമയം പദ്ധതി പൂർത്തിയായിരുന്നെങ്കിൽ എത്രകോടി രൂപയുടെ വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുമായിരുന്നു ഈ കാലത്തിനിടയിൽ?

ഭരണാനുമതി ലഭിക്കാത്ത പദ്ധതികൾക്കുവേണ്ടി വർഷങ്ങളായി ഓഫീസും ശമ്പളവും ചെലവഴിക്കുന്ന പ്രവണതയും ബോർഡിലുണ്ട്. നയപരമായ തീരുമാനം എടുത്തിട്ടില്ലാത്ത ആതിരപ്പള്ളി പദ്ധതിക്കുവേണ്ടി 1998 മാർച്ച് 21 മുതൽ കഴിഞ്ഞ 24 വർഷമായി ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള 22 അംഗ ഉദ്യോഗസ്ഥ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ ഇനത്തിൽ എത്ര കോടികളാണു നഷ്ടപ്പെടുന്നത്! ഇങ്ങനെ ധൂർത്തടിക്കുന്ന പണം വൈദ്യുതി ഉപഭോക്താക്കളുടെ തലയിലാണു വന്നു ചേരുന്നത്.

ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 0.7 ശതമാനം മാത്രമാണു കേരളത്തിനവകാശപ്പെടാനുള്ളത്. കേരളത്തിനാവശ്യമായ വൈദ്യുതിയുടെ 25 ശതമാനംമുതൽ 30 ശതമാനംവരെ വൈദ്യുതിയാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. ബാക്കി വൈദ്യുതി നമ്മൾ മറ്റു സംസ്ഥാനങ്ങളിൽനിന്നും കേന്ദ്രപൂളിൽനിന്നും വാങ്ങുകയാണ്. ഇടുക്കി പോലെയുള്ള ജലവൈദ്യുതപദ്ധതികളിൽനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് പത്തു പൈസയുടെ ഉത്പാദനച്ചെലവേ ഉണ്ടാകുന്നുള്ളൂ. ഈ വൈദ്യുതി ഉപഭോക്താവിന്റെ പക്കലെത്തുമ്പോൾ ആറു രൂപ ആകുന്നതെന്തുകൊണ്ട് എന്നു പരിശോധിക്കണം.

2018-19 സാമ്പത്തികവർഷം കേരളം വാങ്ങിയ ശരാശരി വൈദ്യുതിവില 3.49 രൂപ. 2020 -21 ൽ ഇത് 3.06 രൂപയായി കുറഞ്ഞു. യൂണിറ്റിന് 43 പൈസയുടെ ഈ കുറവ് ഗുണഭോക്താക്കൾക്കു ലഭിക്കുന്നില്ല. കാരണം, സർക്കാരിന്റെ അനുവാദമില്ലാതെയാണ് കഴിഞ്ഞ രണ്ടു ശമ്പളപരിഷ്കരണവും നടപ്പാക്കിയത്. അതിനുള്ള പണം കണ്ടെത്തുന്നത് ഇത്തരത്തിൽ കിട്ടുന്ന വരുമാനത്തിൽനിന്നാണ്. 2018-19 വർഷം വൈദ്യുതിവിതരണം ചെയ്യാനുള്ള ഓവർ ഹെഡ് ചാർജ് യൂണിറ്റിന് 2.85 രൂപ. ഈ കാലയളവിൽ ഇന്ത്യൻ ശരാശരി 1.68 മാത്രമാണ്. ദേശീയ ശരാശരി ഓവർഹെഡ് ചാർജിലാണ് കേരളത്തിലെ വൈദ്യുതിവിതരണം നടന്നിരുന്നതെങ്കിൽ ഇന്ന് നൂറു യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താവിന് 117 രൂപയുടെ കുറവ് ബില്ലിൽ ഉണ്ടായേനെ. കേരളത്തിൽ യൂണിറ്റിന് 2.85 രൂപ ചെലവാകുമ്പോൾ ഗുജറാത്തിൽ 58 പൈസയും കാഷ്മീരിൽ 86 പൈസയും യു.പി.യിൽ 1.3 രൂപയുമാണു ചെലവ്.

| *ഓവർ ഹെഡ് ചാർജിന്റെ ഘടകങ്ങൾ* | |
|---|---|
| *ജീവനക്കാരുടെ ശമ്പളവും പെൻഷനും* | *1.97* |
| *അറ്റകുറ്റപ്പണികളുടെ ചെലവും ഭരണനിർവഹണച്ചെലവും* | *0.22* |
| *ഫിനാൻസ് & ഇന്ററസ്റ്റ് ചാർജ്* | *0.24* |
| *തേയ്മാനം* | *0.19* |
| *റിട്ടേൺ ഓഫ് ഇക്വിറ്റി* | *0.23* |
| *ആകെ* | *2.85* |

ഓവർഹെഡ് കോസ്റ്റ് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെക്കാൾ കൂടാൻ കാരണം ജീവനക്കാരുടെ എണ്ണത്തിലെ വർദ്ധനതന്നെയാണ്. കേരളത്തിലെ ജീവനക്കാരുടെ എണ്ണം ഉപഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആന്ധ്രയെക്കാൾ 45 ശതമാനവും തെലുങ്കാനയെക്കാൾ 34 ശതമാനവും ദേശീയ ശരാശരിയെക്കാൾ 13 ശതമാനവും അധികമാണ്. കേരളത്തിൽ 1,23,84,523 ഉപഭോക്താക്കൾ 23149 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ഉപയോഗം നടത്തുന്നതിനായി 32780 ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുമ്പോൾ, ആന്ധ്രയിലെ 1,91,30,319 ഉപഭോക്താക്കൾ 57,219 ദശലക്ഷം യൂണിറ്റു വൈദ്യുതി ഉപയോഗിക്കാൻ 33,493 ജീവനക്കാരുടെ സേവനമേ ഉപയോഗിക്കുന്നുള്ളൂ. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ആളോഹരി ജീവനക്കാർ സേവനം നൽകുന്ന ഉപഭോക്താക്കളുടെ എണ്ണം കേരളത്തിൽ 363 ഉം ആന്ധ്രാപ്രദേശിൽ 571 ഉം തെലുങ്കാനയിൽ 527 ഉം ആണ്. അഖിലേന്ത്യാടിസ്ഥാനത്തിൽ നോക്കിയാൽ എണ്ണം കേരളത്തിനെക്കാൾ കൂടുതലാണ്. 444 ഉപഭോക്താക്കൾക്കു സേവനം ലഭിക്കുന്നുണ്ട്.

കെ.എസ്.ഇ.ബിയെക്കുറിച്ച് കോഴിക്കോട് ഐ.ഐ.എം. 2015-16 ൽ നടത്തിയ പഠനത്തിൽ കണ്ടെത്തിയതും ജീവനക്കാരുടെ അധികം എണ്ണം സംബന്ധിച്ചാണ്. ഇന്ത്യയിൽ വൈദ്യുതി വില കുറയുമ്പോഴും അതിന്റെ ഗുണം കേരളത്തിലെ ഉപഭോക്താക്കൾക്കു ലഭിക്കാതിരിക്കാനുള്ള കാരണം അധികശമ്പളച്ചെലവാണ്. 2016-17 വർഷത്തിൽ ശമ്പളച്ചെലവ് 3603.69 കോടിയായിരുന്നത് 17-18 ൽ 5134.34 കോടിയായി വർധിച്ചു. അധികച്ചെലവായി 1530.65 കോടിയുടെ ബാധ്യത ഉപഭോക്താക്കൾക്കായി. ഇക്കാലയളവിൽ വരവിന്റെ 42 ശതമാനം ശമ്പളത്തിനു മാത്രമായി ചെലവഴിച്ചു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ശമ്പളച്ചെലവ് വരുമാനത്തിന്റെ 15 മുതൽ 22 ശതമാനമാണ്. കുറഞ്ഞ വിലയ്ക്കു വാങ്ങുന്ന വൈദ്യുതി കേരളത്തിലെ ഉപഭോക്താക്കളിലേക്കെത്തുമ്പോൾ വില കൂടുന്നതിന്റെ കാരണമന്വേഷിച്ചു നടക്കേണ്ടതില്ല.

പവർ എക്സ്ചേഞ്ചുകളിലെ വൈദ്യുതിവില ക്രമാതീതമായി വർദ്ധിക്കാതിരിക്കാൻ കേന്ദ്രവൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി വില്ക്കുന്നതിനുള്ള പരമാവധി നിരക്ക് 20 രൂപയിൽനിന്നു പന്ത്രണ്ടു രൂപയായി 2022 ഏപ്രിൽ ഒന്നുമുതൽ നിശ്ചയിച്ചു. ഇന്ത്യയിലെ വൈദ്യതി ഉപഭോക്താക്കൾക്കു വലിയ ആശ്വാസം ലഭിക്കുന്ന തീരുമാനമാണിത്.

അടുത്ത അഞ്ചു വർഷത്തെ വൈദ്യുതി നിരക്കുവർദ്ധന ആവശ്യപ്പെട്ടുകൊണ്ട് ബോർഡ് റെഗുലേറ്ററി കമ്മീഷനിൽ നൽകിയ പെറ്റീഷന്റെ പബ്ലിക് ഹിയറിങ് പൂർത്തിയായി. ഗാർഹികോപഭോക്താക്കളെ വളരെ പ്രതികൂലമായി ബാധിക്കുന്ന ചാർജ് വർദ്ധനയാണ് ബോർഡ് ആവശ്യപ്പെട്ടിരിക്കുന്നത്. ആദ്യവർഷം 1180 കോടി രൂപയുടെ വർദ്ധനയാണു ചോദിച്ചിരിക്കുന്നത്. പിന്നീടുള്ള വർഷങ്ങളിൽ 521 കോടിയുടെയും 248 കോടിയുടെയും 323 കോടിയുടെയും അഞ്ചാം വർഷം 206 കോടിയുടെയും വർദ്ധന ഗാർഹിക ഉപഭോക്താക്കൾ നൽകേണ്ടിവരും.

ബോർഡിന്റെ ബജറ്റിലെ കണക്കും റെഗുലേറ്ററി കമ്മീഷനിൽ ചാർജ് വർദ്ധനയ്ക്കായി നൽകിയിരിക്കുന്ന കണക്കും തമ്മിൽ വലിയ വ്യത്യാസമുള്ള കാര്യം പാലക്കാട് നടന്ന ഹിയറിങ്ങിൽ ഈ ലേഖകൻതന്നെ കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. 2022-23 ബജറ്റിൽ 496.20 കോടി രൂപയുടെ ലാഭം ബോർഡ് പ്രതീക്ഷിക്കുന്നതായി പറഞ്ഞിട്ടുണ്ട്. എന്നാൽ, റെഗുലേറ്ററി കമ്മീഷനിൽ സമർപ്പിച്ച രേഖകളിൽ 2852.58 രൂപയുടെ നഷ്ടമാണു വിശദീകരിച്ചിരിക്കുന്നത്. വൈദ്യുതി ബോർഡിനും ജനങ്ങൾക്കും ബുദ്ധിമുട്ടില്ലാത്ത തീരുമാനമാകും ഉണ്ടാകുക എന്ന കമ്മീഷൻ ചെയർമാൻ പ്രേമൻ ദിനരാജിന്റെ പ്രഖ്യാപനത്തിലാണ് ഏകപ്രതീക്ഷ.

വൈദ്യുതിബോർഡിൽ സിപിഎം പിന്തുണയുള്ള ഓഫീസേഴ്സ് അസോസിയേഷനുമായുള്ള പോരിൽ ചെയർമാൻ ഡോ. ബി. അശോകിനെ പിന്തുണച്ച് ഐ.എ.എസ്. അസോസിയേഷൻ മുഖ്യമന്ത്രിക്കു കത്തു നൽകി. കെ.എസ്.ഇ.ബി.യിൽ ബോർഡിന്റെ നയങ്ങൾക്കെതിരേ ഓഫീസേഴ്സ് അസോസിയേഷൻ അനിശ്ചിതകാല സത്യാഗ്രഹം നടത്തിക്കൊണ്ടിരിക്കുകയാണ്. വൈദ്യുതിമന്ത്രി കെ. കൃഷ്ണൻകുട്ടിയെ പരിഹസിച്ച് സിഐടിയു നേതാവ് രംഗത്തെത്തി. കെ.എസ്.ആർ.ടി.സി. നേരിടുന്നതിലേറെയും, ഒരുപക്ഷേ, സംസ്ഥാനസർക്കാരിനു സഹായിക്കാൻ കഴിയുന്നതിലുമേറെ വലിയ പ്രതിസന്ധി, പെൻഷനും ശമ്പളവും മുടങ്ങിയാൽ വൈദ്യുതിബോർഡിനുണ്ടാകും. ഈ ചുവരെഴുത്തു വായിക്കാതെ കണ്ണടച്ച് ഇരുട്ടാക്കിയാണു ബോർഡിൽ പലരും പ്രവർത്തിക്കുന്നതെന്നാണ് ബി. അശോകിന്റെ മുന്നറിയിപ്പ്.

■

**ശ്രേഷ്ഠമലയാളം**

## തദ്ഭവം, തത്സമം

**ഡോ. ഡേവിസ് സേവ്യർ**



അന്യഭാഷകളിൽനിന്നു പദങ്ങൾ കടംകൊള്ളാതെ ഒരു ഭാഷയ്ക്കും വളരാനാവില്ല. നാമപദങ്ങളാണ് അധികവും സ്വീകരിക്കപ്പെടുന്നത്. ആദാനം ചെയ്യുമ്പോൾ പദങ്ങളെ ചില പ്പോൾ അല്പസ്വല്പം മാറ്റം വരുത്തിയും സ്വീകരിക്കേണ്ടതായി വരാം. സ്വന്തം ഭാഷയുടെ സ്വനിമഘടനയ്ക്കനുസരിച്ച് രൂപംമാറ്റി സ്വീകരിക്കുന്നതിനു തദ്ഭവം എന്നും അതേപടി ആദാനം ചെയ്യുന്നതിന് തത്സമം എന്നും വ്യവഹരിക്കുന്നു. ചങ്ങല (ശൃംഖല) തദ്ഭവത്തിനും കമ്പ്യൂട്ടർ തത്സമത്തിനും ഉദാഹരണമാണ്.

തത് + ഭവം = തദ്ഭവം. ഉത്തരപദാദിയിലെ വ്യഞ്ജനം ഘോഷമാണെങ്കിൽ, സന്ധിയിൽ പൂർവ്വപദാന്ത്യവ്യഞ്ജനം മൃദുവാകാം. അങ്ങനെ തത്+ഭവം, തദ്ഭവമാകുന്നു. തദ്ഭവത്തെ മലയാളരീതിയോട് ഇണക്കി തദ്ഭവം എന്ന് എഴുതാവുന്നതേയുള്ളൂ. ത്, ഭ ആകുമ്പോൾ ചേർത്തെഴുതാം (ത്ഭ) എന്നൊരു സൗകര്യവും ഉണ്ട്. തത്ഭവത്തിന്റെ ലിപിഭേദമാണ് തദ്ഭവം എന്ന മതമാണ് മലയാളമഹാനിഘണ്ടു കാരനുള്ളത്.*അന്യഭാഷയിൽനിന്ന് രൂപത്തിലും ഉച്ചാരണത്തിലും വേണ്ട മാറ്റങ്ങൾ ചെയ്ത് സ്വീകരിക്കുന്ന പദമാണ് തദ്ഭവം (a loan word adopted with necessary phonological changes) തത് + സമം = തത്സമം. സന്ധിയിൽ ചേർച്ച മാത്രമേയുള്ളൂ; വികാരമില്ല. പ്രത്യയാംശത്തിനുമാത്രം രൂപവ്യത്യാസം വരുത്തിയോ വരുത്താതെയോ മറ്റു ഭാഗത്തിനു മാറ്റം കൂടാത്ത പ്രകാരത്തിൽ പരഭാഷയിൽ നിന്നു പദം കടംകൊണ്ടാലത് തത്സമമായി. (a loan word used without any change expect for naturalising suffixes). “ഇതരഭാഷയിൽനിന്നു ശബ്ദമെടുത്ത് അതിന് സ്വഭാഷയിലെ വ്യാകരണശട്ടവട്ടങ്ങൾക്കനുസരിച്ച് ഉച്ചാരണത്തിലും രൂപത്തിലും മാറ്റങ്ങൾ ചെയ്ത് ദത്തുപുത്രനെപ്പോലെ തറവാട്ടിൽ ചേർത്തിട്ടുള്ള പദങ്ങൾക്കാണ് തദ്ഭവം എന്നു പേർ. യാതൊരു ഭേദവും ചെയ്യാതെ യാഥാസ്ഥിതികരീതിയിൽത്തന്നെ നിത്യനായ ഒരു അതിഥിയെപ്പോലെ സ്വഭാഷയിൽ പെരുമാറുന്ന ഭാഷാന്തരപദമാണ് തത്സമം. ഇങ്ങനെ രണ്ടുവകയിലുള്ള ബാഹ്യപദങ്ങളും ഉപയോഗാർഹങ്ങളാകുന്നു.”**രാജരാജവർമ്മയുടെ ഈ വ്യവച്ഛേദനം ലളിതവും സൂക്ഷ്മവുമാണെന്നു കരുതാം.

* ബാലകൃഷ്ണൻ, ബി.സി., മലയാള മഹാനിഘണ്ടു, വാല്യം VI, കേരള സർവകലാശാലാ പ്രസിദ്ധീകരണം 1988, പുറം - 80, 81.

*** രാജരാജവർമ്മ, ഏ.ആർ., സാഹിത്യസാഹ്യം, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1989, പുറം - 87.*

നോവൽ 10



# ദേവാങ്കണം

ഗിരീഷ് കെ. ശാന്തിപുരം

തിരുവിതാംകൂറുകാരനായി പരിണമിച്ചുവെങ്കിലും പാശ്ചാത്യ രീതിയിൽത്തന്നെയായിരുന്നു ക്യാപ്റ്റൻ ഡിലനായിയുടെയും കുടുംബത്തിന്റെയും ജീവിതം. ബൽജിയത്തിൽ ജനിച്ചുവളർന്ന ഡിലനായി തന്റെ നാടിന്റെ പൈതൃകങ്ങളൊന്നും ഉപേക്ഷിക്കാൻ തയ്യാറായിരുന്നില്ല.

വെള്ളാരംകണ്ണുകളും ചെമ്പൻമുടിയുമുള്ള ഡിലനായി കാൽശരായിയും കോട്ടും തലപ്പാവും ധരിച്ചിരുന്നു. അരപ്പട്ടയിൽ വാളും കൈത്തോക്കും അണിഞ്ഞിരുന്നു. ജന്മനാടിനൊത്ത വേഷഭൂഷാദികൾതന്നെയാണ് ഭാര്യ മാർഗരറ്റും മകൻ ജോഹന്നാസും തുടർന്നുപോന്നത്.

മാംസാഹാരികളായിരുന്ന അവർക്കു പന്നിമാംസവും പശുവിറച്ചിയും പഥ്യം. പാലും മുട്ടയും പച്ചക്കറിയും കഴിച്ചിരുന്നു. സസ്യാഹാരത്തിന്റെ രുചിമുകുളങ്ങൾ അവരുടെ നാവിൽ വിരിയിച്ചുകൊടുക്കുന്നത് നീലകണ്ഠന്റെ ഭാര്യ ഭാർഗവിയായിരുന്നു.

മരുതുകുളങ്ങര ദുർഗാക്ഷേത്രത്തിലെ തിരുവിഴാദിനത്തിനും പൊങ്കലിനും ദീപാവലിക്കുമൊക്കെ ഡിലനായിയും കുടുംബവും മരുതുകുളങ്ങരത്തറവാട്ടിൽ അതിഥികളായി എത്തും.

അതിഥിസൽക്കാരപ്രിയരായിരുന്ന ഭാർഗവിയും നീലകണ്ഠനും തങ്ങളുടെ അന്തസ്സിനൊത്തവണ്ണം അവരെ സ്വീകരിക്കുകയും വിശേഷരീതിയിലുള്ള ഭക്ഷണപദാർത്ഥങ്ങളുണ്ടാക്കിക്കൊടുത്ത് അവരെ സന്തോഷിപ്പിക്കുകയും ചെയ്തു.

തേച്ചുമിനുക്കി ക്ലാവു കളഞ്ഞു സ്വർണനിറം ചേർത്ത ഓട്ടുതളികയിൽ പകർന്ന ചെമ്പാവരിച്ചോറും സാമ്പാറും കാളനും തൊടുകറികളും പപ്പടം, പഴം, പായസം തുടങ്ങിയ വിഭവങ്ങളും ചേർന്നുള്ള ഭക്ഷണം ഏറെ പ്രിയപ്പെട്ടവതായിരുന്നു അവർക്ക്.

മാർഗരറ്റിനായിരുന്നു ഭാർഗവിയുടെ കൈപ്പുണ്യത്തോട് ഏറ്റവും വലിയ ആദരം. ഉദരത്തിനും മനസ്സിനും വല്ലാത്തൊരു സുഖം പകരുന്നുണ്ട് ഭാർഗവി പാകം ചെയ്യുന്ന ഭക്ഷണത്തിനെന്ന് മാർഗരറ്റ് പറയും. അതൊരു വെറും പറച്ചിൽ മാത്രമായിരുന്നില്ല. സത്യംതന്നെയായിരുന്നു.

വ്യക്തിപരമായും കുടുംബപരമായും നീലകണ്ഠന്റെയും ഡിലനായിയുടെയും സൗഹൃദം നാൾക്കുനാൾ വർദ്ധിച്ചുവന്നു. ഹൃദയപരമായി ഇഴയടുപ്പമുള്ള ഒരു സൗഹൃദമായിരുന്നത്. അവർ പങ്കുവയ്ക്കാത്ത രഹസ്യങ്ങളില്ല.

ക്യാപ്റ്റൻ ഡിലനായിക്ക് ആരാധന നടത്താനും പ്രാർത്ഥിക്കാനുംവേണ്ടി പണിയുന്ന മിഖായേൽ മാലാഖയുടെ നാമധേയത്തിലുള്ള ദൈവാലയത്തിന്റെ പണി പൂർത്തിയായിരുന്നു. മഹാരാജാവിനു തിരുവിതാംകൂറിന്റെ വലിയ കപ്പിത്താനോടുള്ള ആദരവിന്റെ ബഹിർസ്ഫുരണമായിരുന്നു ആ ദൈവാലയം.

ദൈവാലയത്തിൽ കുർബാനയർപ്പിക്കാൻ വരുന്ന വൈദികനു നൂറു പണം വീതം പ്രതിഫലം നല്കാൻ മഹാരാജാവ് കല്പിച്ചുത്തരവായി.

അത്രമേൽ മതസൗഹൗർദം നിലനിന്നിരുന്നു അക്കാലത്ത് തിരുവിതാംകൂറിൽ. പ്രജാക്ഷേമതത്പരനായിരുന്നു മാർത്താണ്ഡവർമ മഹാരാജാവ്. നാമമാത്രമായി ക്രിസ്ത്യാനികളും വിരലിലെണ്ണാവുന്ന മുസ്ലീം കുടുംബങ്ങളുമായിരുന്നു അന്നു തിരുവിതാംകൂറിൽ പാർത്തിരുന്നത്. ബഹുഭൂരിപക്ഷവും ഹിന്ദുക്കൾ.

ഒരു മതവിഭാഗക്കാരും തിരുവിതാംകൂറിൽ ഹനിക്കപ്പെടില്ല. എല്ലാവരും സോദരത്വേന വാഴുന്ന നാടായിരുന്നു തിരുവിതാംകൂർ.

അങ്ങനെയിരിക്കെയാണ് നായ്ക്കൻപടയുടെ ഒരാക്രമണത്തിനു സാധ്യതയുണ്ടെന്നുള്ള രഹസ്യവിവരം കൊട്ടാരത്തിലെത്തിയത്. അതറിഞ്ഞ നിമിഷംതന്നെ കൊട്ടാരത്തിൽനിന്ന് ഉദയഗിരിയിലേക്കു ഡിലനായിക്കുള്ള ദൂതുപോയി.

ഉടനെതന്നെ ഡിലനായി കൊട്ടാരത്തിലെത്തി. ഒപ്പം നീലകണ്ഠനുമുണ്ടായിരുന്നു. നീലകണ്ഠന്റെ സാന്നിധ്യത്തിൽ യുദ്ധകാര്യങ്ങൾ ചർച്ച ചെയ്യുന്നതിനു മഹാരാജാവിനു വൈമുഖ്യമൊന്നുമുണ്ടായിരുന്നില്ല.

മഹാരാജാവിൽനിന്നു കാര്യങ്ങൾ മനസ്സിലാക്കിയ ഡിലനായി പറഞ്ഞു:

"മഹാരാജൻ, താങ്കൾ ആകുലപ്പെടേണ്ടതായ ഒരു സംഗതിയുമില്ല. നമ്മുടെ സൈന്യം സുസജ്ജമാണ്, ആൾബലംകൊണ്ടും ആയുധക്കരുത്തുകൊണ്ടും. നായ്ക്കൻപടയുടെ ഏഴു സമുദ്രങ്ങളും ഒരുമിച്ചിളകിവന്നാലും നാം അവരെ തടഞ്ഞുനിറുത്തും പരാജയപ്പെടുത്തുകയും ചെയ്യും. ഇതു സത്യം. താങ്കൾ സമാധാനമായി ഇരുന്നാലും."



ഡിലനായിയുടെ ആത്മവിശ്വാസം ജ്വലിക്കുന്ന വാക്കുകൾ കുറച്ചൊന്നുമല്ല മഹാരാജാവിന് ആശ്വാസമായത്. തിരുവിതാംകൂറിന് ഇനിയൊരു പരാജയം ഹിതകരമല്ല. വിജയങ്ങളല്ലാതെ ഒന്നും തിരുവിതാംകൂർ ആഗ്രഹിക്കുന്നില്ല.

മടക്കത്തിൽ നീലകണ്ഠൻ ഡിലനായിയോടു ചോദിച്ചു:

"ഇനിയും ഒരു യുദ്ധം. എന്തിന്? ആർക്കുവേണ്ടി." ഡിലനായി ചിരിച്ചു. എന്നിട്ടു പറഞ്ഞു:

"ഇതു രാജനീതിയാണ്. സ്വന്തം രാജ്യത്തിന്റെ അതിരുകളും തന്റെ പ്രജകളെയും സംരക്ഷിക്കേണ്ടത് രാജാവിന്റെ കർത്തവ്യം. നീലകണ്ഠനറിയാമോ ഒരു രാജാവ് സ്വപ്നം കാണുന്നതു തന്റെ രാജ്യത്തിന്റെ അതിരുകൾ വികസിച്ചു ലോകത്തിന്റെ അതിരുകളോളം എത്തുന്നതാണ്."

"എന്നിട്ടോ...?"

"അതിനൊരുത്തരമില്ല. ധീരനായ ഒരു യോദ്ധാവിന്റെ സ്വപ്നങ്ങളിൽ യുദ്ധം മാത്രമാണുള്ളത്. പടക്കളങ്ങളും പടനീക്കങ്ങളും വിജയങ്ങളും മാത്രമേ അയാൾക്കു സ്വപ്നം കാണാൻ കഴിയൂ.

നീലകണ്ഠൻ സന്ദേഹത്തോടെ, നേരിയൊരദ്ഭുതത്തോടെ ഡിലനായിയെ നോക്കി. ഡിലനായിയുടെ കണ്ണുകളപ്പോൾ പത്മനാഭപുരത്തിന്റെ ആകാശത്തിൽ ചിറകനക്കാതെ പറക്കുന്ന ഒരു കഴുകനിലായിരുന്നു. അല്പനേരം കഴിഞ്ഞ് ഡിലനായി പറഞ്ഞു:

"ഒരു കർഷകൻ സമൃദ്ധമായ വിളവെടുപ്പുകാലം സ്വപ്നം കാണുന്നതുപോലെയാണത്. ഒരു കർഷകനും ശുഷ്കമായ കൊയ്ത്തുകാലം സ്വപ്നം കാണാൻ ആഗ്രഹിക്കുകയില്ല." ഡിലനായി തുടർന്നു: "ഇതിനൊരു മറുവശംകൂടിയുണ്ട്, നീലകണ്ഠൻ. അലക്സാണ്ടർ ചക്രവർത്തിയെ കേട്ടിട്ടുണ്ടോ? മാസിഡോണിയയിലെ രാജാവ് ഫിലിപ്പ് രണ്ടാമന്റെ മകൻ അലക്സാണ്ടർ."

നീലകണ്ഠൻ അതിനു മറുപടി പറഞ്ഞില്ല. ഡിലനായി തുടർന്നു:

"ഇരുപത്തൊന്നാമത്തെ വയസ്സിൽ ഊരിപ്പിടിച്ച വാളുമായി യൂസിഫലസ് എന്ന തന്റെ കുതിരപ്പുറത്ത് നാല്പത്തിരണ്ടായിരം പടയാളികൾക്കൊപ്പം ലോകം കീഴടക്കാനിറങ്ങിയ മാസിഡോണിയായിലെ രാജകുമാരൻ."

രാമനെയും കൃഷ്ണനെയും ശ്രീശങ്കരനെയുമൊക്കെ പഠിച്ച നീലകണ്ഠൻ അലക്സാണ്ടറെ പഠിച്ചില്ല. മാസിഡോണിയയുടെ അതിർത്തി കടന്ന് പേർഷ്യ കീഴടക്കി, മെഡിറ്ററേനിയൻ തീരംവഴി ടയറും കോമ്പയും കടന്ന് ഈജിപ്തിലെത്തി. മഹാവിജയങ്ങളുടെ ഒരു പടയോട്ടമായിരുന്നത്. ഈജിപ്തുകാർ സീയൂസ് ദേവന്റെ പുത്രനെന്ന് അലക്സാണ്ടറെ പുകഴ്ത്തി. ഈജിപ്തിൽ അലക്സാണ്ട്രിയ സ്ഥാപിച്ച അകല്സാണ്ടർ അസീറിയായും ബാബിലോണും കീഴടക്കി സ്പാർട്ട, ത്രേസ്, അനടോമിയ, സിറിയ, ഫിനീഷ്യ, ഗാസ എന്നീ രാജ്യങ്ങൾ കടന്ന് ഇന്ത്യയിലുമെത്തി. കാറി മൈതാനത്തുവച്ചു നടന്ന യുദ്ധത്തിൽ പോറസിനെ തോല്പിച്ചു. പക്ഷേ, പോറസിനു രാജ്യവും അധികാരവും തിരിച്ചുകൊടുത്തു മഹാനായ അലക്സാണ്ടർ. അതു മറ്റൊരു കഥ.

"പക്ഷേ, അതിനുമുമ്പ് അലക്സാണ്ടർ പറഞ്ഞു, എന്റെ മരണശേഷം മൃതശരീരം അടക്കം ചെയ്യാനായി കൊണ്ടുപോകുമ്പോൾ എന്റെ കരങ്ങൾ ശവപ്പെട്ടിയുടെ പുറത്തേക്കിടണം. അങ്ങനെ എനിക്കു ലോകത്തോടു പറയണം ഞാൻ ഒന്നും കൊണ്ടുപോകുന്നില്ലെന്ന്, ഒന്നും."

'എന്നിട്ടോ' എന്ന ചോദ്യമുന്നയിച്ച നീലകണ്ഠനോട് അതിനൊരുത്തരമില്ല എന്നു പറഞ്ഞെങ്കിലും ഒരുത്തരം പറയുകയായിരുന്നു അലക്സാണ്ടറുടെ കഥയിലൂടെ.

"എല്ലാ യുദ്ധങ്ങളും അപകടകരങ്ങളും അനാശാസ്യങ്ങളുമാണ്. പക്ഷേ, ചിലപ്പോഴത് അനിവാര്യമായി വരികയും ചെയ്യും."

ലോകനീതിയുടെ ചെമ്പോലച്ചുരുളുകൾ നീലകണ്ഠനുമുമ്പിൽ നിവർത്തപ്പെടുകയാണ്. അതു സാവധാനം വായിച്ചെടുക്കാൻ നീലകണ്ഠനു കഴിയുന്നുണ്ട്. പിന്നെ കുറെ ദിവസങ്ങൾ നീലകണ്ഠൻ അലക്സാണ്ടറുടെ ചരിത്രത്തിലൂടെ യാത്ര ചെയ്യുകയായിരുന്നു.

മധുരനായ്ക്കൻപടയുടെ ആഗമനം പ്രതീക്ഷിച്ച് ഡിലനായിയുടെ പട്ടാളം തിരുവിതാംകൂറിന്റെ അതിർത്തികളിൽ തമ്പടിച്ചു. വാളും പരിചയുമേന്തിയ പടയാളികൾ. ഉന്നംതെറ്റാതെ ശരം പായിക്കുന്ന വില്ലാളികൾ. വെടിക്കോപ്പുകൾ പ്രയോഗിക്കാൻ പരിശീലനം സിദ്ധിച്ചവർ. രാപകൽ കണ്ണിമയ്ക്കാതെ തിരുവിതാംകൂർ പട അതിർത്തികളിൽ ജാഗ്രതയോടെ നിന്നു. ദിവസങ്ങൾ... ആഴ്ചകൾ... മധുരനായ്ക്കൻപടയുടെ കാറ്റുപോലും തിരുവിതാംകൂറിന്റെ മണ്ണിലേക്കെത്തിയില്ല.

ക്യാപ്റ്റൻ ഡിലനായി തന്റെ സൈന്യത്തെ പടയാളിത്താവളത്തിലേക്കു തിരിച്ചുവിളിച്ചു. എങ്കിലും തിരുവിതാംകൂറിന്റെ അതിർത്തികളിൽ നിരീക്ഷകർ കൂടാരങ്ങളടിച്ചിരുന്നു. ഏതു നിമിഷവും നായ്ക്കൻപടയുടെ ആക്രമണം ഉണ്ടായിക്കൂടെന്നില്ല.

രണ്ടാഴ്ചകൾക്കുശേഷമാണ് ക്യാപ്റ്റൻ ഡിലനായി നീലകണ്ഠനെ കാണുന്നത്. അതിർത്തിയിലെ പടയൊരുക്കം അവസാനിപ്പിച്ചു വന്ന ദിവസങ്ങളിലായിരുന്നത്.

നീലകണ്ഠൻ ആകെ മുഷിഞ്ഞുപോയിരുന്നു. ആ മുഖത്ത് സദാ തിളങ്ങിനിന്നിരുന്ന മന്ദഹാസം വറ്റിപ്പോയിരുന്നു. കണ്ണുകളിലെ പ്രതീക്ഷാനിർഭരമായ തിളക്കം മങ്ങിപ്പോയിരുന്നു.

ശേഷം 12-ാംപേജിൽ

# ഈശോ FROM THE BIBLE 15




ഫാ. തോമസ് പാട്ടത്തിൽചിറ CMF

## ആനന്ദം

അവഗണനയും തെറ്റുധാരണയും വിശപ്പും ദാഹവുമൊക്കെ ജീവിതത്തെ അലട്ടിയിരുന്നപ്പോഴും അവൻ ആത്മാവിൽ ആനന്ദിച്ച നിമിഷങ്ങളുണ്ടായിരുന്നു. നശ്വരമായ സുഖങ്ങളിൽനിന്നുള്ള സന്തോഷമായിരുന്നില്ല അവന്റേത്. മറിച്ച്, അനശ്വരമായ ആത്മാവിലുള്ള ആനന്ദമായിരുന്നു. പിതാവിന്റെ അഭീഷ്ടം നിറവേറപ്പെട്ടപ്പോഴും അതിലൂടെ അവിടുത്തെ അറിയാൻ കഴിഞ്ഞപ്പോഴും അവൻ അനുഭവിച്ച ആത്മീയമായ ആമോദം. ക്രിസ്തീയജീവിതം നിർമലമായ ആനന്ദത്തിലേക്കുള്ള വിളിയാണ്. കന്യാംബികയെപ്പോലെ കർത്താവിൽ നിരന്തരം സന്തോഷിക്കാനുള്ള ആഹ്വാനമാണത്. ക്രിസ്ത്യാനികളായ നമുക്കു മ്ലാനവദനരായി ജീവിക്കാനവകാശമില്ല. കാരണം, ആത്മീയമായ ആനന്ദത്തിന്റെ അലയാഴിയായവനെയാണു നാം അനുഗമിക്കുന്നത്. ആനന്ദം പരിശുദ്ധ റൂഹായുടെ ഫലങ്ങളിലൊന്നാണ്. ഹൃദയം ദൈവാത്മാവിന്റെ ആലയമാകുമ്പോഴേ അതിൽ ആനന്ദമുണ്ടാകൂ. അന്തരംഗത്തിൽ ആനന്ദം അനുഭവിക്കുന്നവർക്കു മാത്രമേ അനർത്ഥങ്ങളെ നോക്കി പുഞ്ചിരിക്കാൻ സാധിക്കൂ. അല്ലാത്തവർക്കു നിസ്സാരസങ്കടങ്ങൾവരെ കഠിനനിരാശയ്ക്കു നിദാനമാകാം.

നമ്മുടെ സന്തോഷങ്ങളും അവയുടെ കാരണങ്ങളും അവയിലേക്കുള്ള മാർഗങ്ങളും എപ്രകാരമുള്ള



വയാണെന്നു വിലയിരുത്തേണ്ടതുണ്ട്. സ്വകാര്യവും കുടുംബപരവും സൗഹൃദപരവുമായിട്ടുള്ള സന്തോഷങ്ങൾ യഥാർത്ഥത്തിൽ സ്വർഗവും സ്വർഗീയരും ആഗ്രഹിക്കുന്ന വിധത്തിലുള്ളവയാണോ? അശ്ലീലവും അരുതാത്തവയുമൊക്കെയാണു നമ്മെ സന്തോഷിപ്പിക്കുന്നതെങ്കിൽ നാം ഭയക്കണം. മദ്യവും മയക്കുമരുന്നും മ്ലേച്ഛതയും അസഭ്യഭാഷണവും ഇനിമേൽ നമ്മുടെ ഒത്തുചേരലുകളിലും ആഘോഷങ്ങളിലും ആനന്ദത്തിന്റെ രുചിക്കൂട്ടുകളാകാതിരിക്കട്ടെ. നമ്മുടെ സന്തോഷങ്ങളുടെ പന്തലിലും പന്തിയിലും കർത്താവുണ്ടെന്ന് ഉറപ്പുവരുത്തണം. വിശുദ്ധമായവയിലുള്ള ആനന്ദമാണ് ദൈവാത്മാവ് അനുവദിക്കുന്നത്. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്നുള്ളതാണോ, അതോ ഓരോരുത്തരും അടച്ചിട്ട മുറികളിൽ ഇരുന്നുള്ളതാണോ നമ്മുടെ ഭവനങ്ങളിലെ സന്തോഷങ്ങൾ? മറിയത്തെപ്പോലെ നാമും മറ്റുള്ളവർക്ക് ആഹ്ലാദഹേതുക്കളായി മാറണം. സന്തോഷദായകമാകട്ടെ നമ്മുടെയും സാമീപ്യവും സംസാരവും. നാം ക്രിസ്തുവാഹകരാകുമ്പോഴാണു യഥാർത്ഥസന്തോഷം നമ്മിൽ ഉദ്ഭവിക്കുക. നല്ലവ കാണുകയും കേൾക്കുകയും പ്രവർത്തിക്കുകയും സംസാരിക്കുകയും അനുഭവിക്കുകയും ചെയ്യുമ്പോൾ ലഭിക്കുന്ന സ്ഥായിയായ സന്തോഷം. അല്ലാത്തവയൊക്കെ വെറും നൈമിഷികരസം മാത്രം. നാമായിരിക്കുന്ന സദസ്സുകളിലും ഇടങ്ങളിലും സത്യമായ സന്തോഷം കണ്ടെത്താം. വിണ്ണു വിലക്കിയിട്ടുള്ള സന്തോഷങ്ങൾ മണ്ണിൽ നമുക്കു വേണ്ടാ. നമ്മുടെ സന്തോഷങ്ങളെ സംശുദ്ധമാക്കണേ എന്നു പ്രാർത്ഥിക്കാം. നമ്മുടെ കൊച്ചുജീവിതങ്ങൾ കർത്താവിനു വലിയ ആമോദത്തിനു കാരണമാകട്ടെ. അങ്ങനെ, ആയുസ്സ് അനുവദിക്കുംവരെ പാർത്തലത്തിൽ ആത്മീയമായ ആനന്ദത്തിന്റെ അടയാളങ്ങളായി ജീവിക്കാം. ■




മാത്യൂസ് ആർപ്പൂക്കര

## ചിറകടിച്ചു പറക്കുന്ന പ്രാവുകൾ

ഒരിടത്തരം പക്ഷിയാണ് പ്രാവ്. അതിന്റെ തൂവലുകൾ മൃദുവാണ്. ചെറുതും കുറുകിയതുമായ ചുണ്ടാണ് പ്രാവിന്റേത്. തല ഉരുണ്ടതും ചെറുതുമാണ്. ചുരുങ്ങിയ കഴുത്തും നീണ്ട വാലുമുണ്ട്. അതിവേഗം പറക്കാൻ പ്രാവിനു കഴിയും. ധാന്യമണികളും വിത്തുകളും പഴങ്ങളുമാണ് അതിന്റെ ആഹാരം. തികച്ചും നിർദോഷിയായ ഈ പക്ഷി സമാധാനത്തിന്റെ അടയാളമാണ്.

മനുഷ്യരും പക്ഷികളും തമ്മിലുള്ള സൗഹൃദത്തിന്റെ മഹത്തായ പ്രതീകമാണ് പ്രാവ്. അമ്പലപ്രാവ് (Pigeon), അരിപ്രാവ് (Dove) എന്നിങ്ങനെ പൊതുവേ തരംതിരിവുണ്ട്. ലോകത്തിലാകെ 170 ലധികം പ്രാവിനങ്ങളുള്ളതായാണു കണക്ക്. ഇവയിൽ മുപ്പതോളം ഇനങ്ങൾ ഇന്ത്യയിൽ കാണപ്പെടുന്നു. കേരളത്തിൽ കണ്ടുവരുന്ന പ്രധാനയിനങ്ങൾ അരിപ്രാവ്, അമ്പലപ്രാവ്, മണ്ടിപ്രാവ്, പൊട്ടൻ ചെങ്ങാലി, മേനിപ്രാവ് എന്നിവയാണ്. ഇവയിൽ ഏറ്റവും വലിപ്പമുള്ള മേനിപ്രാവിനു (Southern green imperial Pigeon) ഒരു ബലിക്കാക്കയുടെ വലിപ്പം വരും.

മിക്കവാറും കൊല്ലംമുഴുവൻ കൂടൊരുക്കി മുട്ടയിടുന്നവയാണ് കേരളത്തിലെ പ്രാവുകൾ. മിനു



പ്പാർന്ന തൂവെള്ള മുട്ടകൾ രണ്ടെണ്ണമുണ്ടാകും. നമ്മുടെ നാട്ടിൽ അരിപ്രാവുകളുടെ എണ്ണം വളരെ വേഗം കുറഞ്ഞുവരുന്നതായി പഠനങ്ങൾ കാണിക്കുന്നു. പ്രാവുകളിൽ ദേശാടനക്കാരും കുടികിടപ്പുകാരുമുണ്ട്. തിളങ്ങുന്ന പച്ചകലർന്ന തൂവലുകൾ മാറിലും കഴുത്തിലുമുള്ള ഇനമാണ് അമ്പലപ്രാവുകൾ. ജനവാസമേഖലയോടു ചേർന്നു ഇവ പറ്റമായി കൂടുവയ്ക്കുന്നു. ചിറകിലെ രണ്ടു കറുത്ത വരകൾ ഇവയെ വേഗം തിരിച്ചറിയാനാവും. ഇവയുടെ കുറുകൽസ്വരം കേൾക്കാൻ ഇമ്പകരമാണ്. ആണും പെണ്ണും ഒരേപോലെയിരിക്കും. തറയിൽ കൊത്തിക്കൊത്തി പെറുക്കിനടക്കാൻ ഇഷ്ടപ്പെടുന്ന കൂട്ടരാണ് അരിപ്രാവുകൾ. പിങ്കുകലർന്ന തവിട്ടുനിറമോ ചാരനിറമോ ഉള്ള ഇവയുടെ ശരീരത്തിൽ വെള്ളപ്പൊട്ടുകൾ കാണാം. ചിറകിനും പിൻകഴുത്തിനും മധ്യേയുള്ള വെള്ളക്കളങ്ങൾ ദൂരെനിന്നും ഇവയെ തിരിച്ചറിയാനാകുന്നു. ആണിനും പെണ്ണിനും സമാനഘടനയാണ്.

ചില പക്ഷികൾ കുഞ്ഞുങ്ങൾക്ക് അല്പം ദഹിച്ച ആഹാരമാണു കൊടുക്കുക. പ്രാവിൻകുഞ്ഞുങ്ങൾ തള്ളയുടെ വായ്ക്കുള്ളിലേക്കു ചുണ്ടുകൾ കടത്തി പ്രാവിൻപാൽ വലിച്ചെടുക്കുന്നു. അല്പം ദഹിച്ച ആഹാരവും തള്ളയുടെ ഉള്ളിൽനിന്നുള്ള സ്രവവും ചേർന്നതാണ് ഈ പാൽ. കുഞ്ഞുങ്ങൾക്കു തന്നത്താൻ തീറ്റി തേടാൻ പറ്റുംവരെ ഈ തീറ്റിപ്പോറ്റൽ മുറയ്ക്കുന്ന നടക്കുന്നതാണ് കാഴ്ച. ■



## ദേവലോകം

11-ാം പേജ് തുടർച്ച

"പ്രിയമിത്രമേ, താങ്കൾക്ക് എന്താണു സംഭവിച്ചത്...?" ഡിലനായി ചോദിച്ചു. "താങ്കൾ ആളാകെ മാറിപ്പോയിരിക്കുന്നു. ഏതോ കൊടിയ വ്യാധി താങ്കളെ ബാധിച്ചിരിക്കുന്നതുപോലെ. സംസാരംപോലും ഒന്നോ രണ്ടോ വാക്കുകളിൽ ഒതുക്കുന്നു. എന്താണു സംഭവിച്ചത്? എന്താണെങ്കിലും പറയൂ."

തനിക്ക് എന്താണു സംഭവിച്ചതെന്നു നീലകണ്ഠൻ ആലോചിച്ചു നോക്കി. ആളുകളെക്കൊണ്ട് ഇങ്ങനെ ചോദിപ്പിക്കാൻ തക്കവണ്ണം തന്റെ രൂപംപോലും മാറിപ്പോയോ... തന്റെ ഹൃദയത്തിന്റെ നിയന്ത്രണങ്ങളുടെ കടിഞ്ഞാൺ തനിക്കു കൈമോശം വന്നുവോ?

നിനച്ചിരിക്കാതെയാണു മരുതുകുളങ്ങരത്തറവാട്ടിൽ അശുഭകരങ്ങളായ ചിലതൊക്കെ സംഭവിച്ചത്. കാരണവരുടെ ദീനം സുഖപ്പെട്ടിരുന്നില്ല. ജീവിതത്തിനും മരണത്തിനുമിടയിലൂടെയുള്ള നൂൽപ്പാലത്തിലൂടെയായിരുന്നു കാരണവരുടെ യാത്ര. ചികിത്സാവിധികളും ശുശ്രൂഷകളും നേരാംവണ്ണം പാലിക്കപ്പെടുന്നുണ്ടെങ്കിലും ഇനി എത്രകാലം എന്ന് ഏവർക്കും സന്ദേഹമുണ്ടായിരുന്നു.

അതിനിടയിലാണ് തറവാട്ടിൽ രണ്ടുമൂന്നുപേർക്കുകൂടി ദീനം പിടിപെട്ടത്. ഒപ്പം തറവാട്ടിലെ എല്ലാക്കാര്യങ്ങൾക്കും സഹായി ആയിരുന്ന കുമരനും രോഗബാധിതനായി.

തറവാട് ശാപഗ്രസ്തമാകുന്നതുപോലെ എല്ലാവർക്കും തോന്നി. അസുഖങ്ങൾ വന്നു ഭവിക്കാനുള്ള കാരണങ്ങളൊന്നും ആർക്കും വ്യക്തമല്ല. തിരുവിതാംകൂറിന്റെ വിവിധഭാഗങ്ങളിൽനിന്നും എത്തിയ വൈദ്യശ്രേഷ്ഠന്മാർക്ക് എന്താണു രോഗമെന്നു ഗണിക്കാനും കഴിഞ്ഞില്ല. എങ്കിലും ഭിഷഗ്വരവിധികൾക്കൊത്തവണ്ണം ചികിത്സകൾ നിറവേറ്റുന്നതിൽ ലോഭമൊന്നും വരുത്തിയതുമില്ല.

തുടരെത്തുടരെയായിരുന്നു ദുരന്തങ്ങൾ. ദേശത്താകെ വളർത്തുമൃഗങ്ങൾക്കു നടപ്പുദീനം പിടിപെട്ടു. മരുതുകുളങ്ങരത്തറവാട്ടിലെ തൊഴുത്തിൽ ഉരുക്കളോരോന്നും പിടഞ്ഞുവീണു ചത്തു. വയലുകളിൽ വിളവു മോശമായി. മോശമായി എന്നല്ല പതിരു മാത്രമാണു ലഭിച്ചത്.

എന്തുകൊണ്ടാണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നതെന്ന് എത്ര ചിന്തിച്ചിട്ടും നീലകണ്ഠനു മനസ്സിലായില്ല. ദുരന്തങ്ങളുടെ ഒരു കാർമേഘനിഴൽ തറവാടിനു മുകളിൽ വിരിഞ്ഞുകിടക്കുന്നു. ദുരന്തങ്ങൾ ഓരോന്നോരോന്നായി വരികയാണ്, ഇടതടവില്ലാതെ.

നീലകണ്ഠനാണെങ്കിൽ ഒന്നിനും സമയം തികയുന്നില്ല. കോട്ടകളുടെ ജോലികൾ തീർന്നിട്ടില്ല. നീലകണ്ഠസ്വാമിക്ഷേത്രകാര്യങ്ങൾക്ക് ഒരു വിഘ്നവും വന്നുകൂടാ. അതൊക്കെ മുറതെറ്റാതെ നടക്കുന്നുണ്ട്. പക്ഷേ, നീലകണ്ഠസ്വാമിയും കടാക്ഷിക്കുന്നില്ല.

ഭാർഗവിയുടെ അവസ്ഥയും മറിച്ചായിരുന്നില്ല. ദീനം പിടിപെട്ടു കിടക്കുന്നവർ നാലഞ്ചുപേർ. അവരെ കാര്യമായിത്തന്നെ പരിചരിക്കണം. ഊണും ഉറക്കവുമുപേക്ഷിച്ച് കാവലിരിക്കണം. ഇതിനിടയിൽ വീട്ടുകാര്യങ്ങൾ. വേലക്കാരുണ്ടെങ്കിലും എല്ലായിടത്തും തന്റെ നോട്ടമെത്തണമെന്നു ഭാർഗവിക്കു നിർബന്ധം.

"ദേവീകോപം. അല്ലാതൊന്നുമല്ല." അസുഖം ബാധിച്ചു കിടക്കുന്ന കാരണവർ ഒരു ദിവസം പറഞ്ഞു.

തിരുവിതാംകൂറിന്റെ വിവിധപ്രദേശങ്ങളിൽനിന്നു പ്രശസ്തരായ ജ്യോതിഷികളെ കണ്ടെത്തി. ഗ്രഹനില നോക്കി. മനനംകൊണ്ടും മൗനംകൊണ്ടും കാരണങ്ങൾ ചികഞ്ഞു.

"ദേവീകോപംതന്നെ. കാളീദേവി മുഖം തിരിച്ചു നില്ക്കുന്നു. പ്രതിവിധി വേണം."

അതിനും ലോഭം വരുത്തിയില്ല. പുനഃപ്രതിഷ്ഠ നടത്തി. വിശേഷാൽ പൂജകൾ, അഭിഷേകങ്ങൾ. ഏറെ ദ്രവ്യങ്ങളും ചെലവായി.

പക്ഷേ, അതുകൊണ്ടൊന്നും ഫലമുണ്ടായില്ല. ആപത്തുകളും നാശനഷ്ടങ്ങളും തുടരുകയാണ്.

സംഭവിച്ചതൊക്കെയും ഡിലനായിയോടു പറഞ്ഞുകഴിഞ്ഞപ്പോൾ ഹൃദയത്തിന്റെ ഭാരം കുറഞ്ഞതുപോലെ നീലകണ്ഠനു തോന്നി.

"താങ്കളോടു സംസാരിക്കുമ്പോൾ എനിക്ക് ഇത്തിരി സമാധാനം കിട്ടുന്നുണ്ട്." നീലകണ്ഠൻ പറഞ്ഞു.

"അതു നല്ലതുതന്നെ." ഡിലനായി പറഞ്ഞു.

അന്നു രാത്രി പാർക്കാൻ ഡിലനായി നീലകണ്ഠനെ തന്റെ മാളികയിലേക്കു കൂട്ടി.

(തുടരും)

## ഡോക്ടറേറ്റ്



കോട്ടയം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്നു രസതന്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ സി. പ്രിൻസി ഫിലിപ്പ് (സി. മരിയ തെരേസ് എഫ്. സി. സി). ഇടുക്കി മങ്കുവ വാഴപ്പിള്ളിൽ ഫിലിപ്പോസിന്റെയും ത്രേസ്യാമ്മയുടെയും മകൾ. എഫ്.സി.സി. പാലാ അൽഫോൻസാ പ്രൊവിൻസ് അംഗവും പാലാ സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ രസതന്ത്രം അധ്യാപികയുമാണ്.



സിൽജി ജെ ടോം



# ആനവണ്ടിയുടെ കഷ്ടകാലം തുടരുമ്പോൾ

**കെ**എസ്ആർടിസി ഒരു മലയാളിയെ സംബന്ധിച്ചിടത്തോളം വെറുമൊരു വാഹനസർവീസല്ല, അവന്റെ നിത്യജീവിതവുമായി ഇഴുകിച്ചേർന്നതാണ്. സിനിമയിലും, സാഹിത്യത്തിലും ഉൾപ്പെടെ നമ്മുടെ സാംസ്കാരികജീവിതത്തിൽ ഈ പൊതുഗതാഗതസംവിധാനത്തിന്റെ ഓർമപ്പൊട്ടുകൾ തെളിഞ്ഞു കിടക്കുന്നു.

കേരളത്തിലെ പൊതുഗതാഗതസംവിധാനത്തിന്റെ അവസാനവാക്കായ 'ആനവണ്ടി'യെന്ന ചെല്ലപ്പേരിൽ അറിയപ്പെടുന്ന കെഎസ്ആർടിസി, പക്ഷേ, ഇന്നു തകർച്ചയുടെ വക്കിലാണ്. നഷ്ടങ്ങളുടെ കണക്കുപുസ്തകം മാത്രമാണ് ആനവണ്ടിക്ക് ഇന്നു സ്വന്തം. എന്തുകൊണ്ടാണിങ്ങനെ?

അക്രമാസക്തമായ ട്രേഡ് യൂണിയനിസം, അലസരായ ജീവനക്കാർ, അഴിമതിയിലും നിസ്സംഗതയിലും കാര്യക്ഷമതയില്ലായ്മയിലും അഭിരമിക്കുന്ന മാനേജ്മെന്റ്, ദീർഘവീക്ഷണമില്ലാത്ത നേതൃത്വം, നിക്ഷിപ്ത താത്പര്യങ്ങൾ, രാഷ്ട്രീയ ഇടപെടലുകൾ എന്നിവയാണ് കെഎസ്ആർടിസിയുടെ പ്രതിസന്ധിക്കു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

രണ്ടരപ്പതിറ്റാണ്ടായി സംസ്ഥാനസർക്കാരുകളുടെ ഏറ്റവും വലിയ വെല്ലുവിളിയാണ് കെഎസ്ആർടിസിയെ കടക്കെണിയിൽനിന്നു കരകയറ്റുക എന്നത്. പുനരുദ്ധാരണ പാക്കേജുകൾ പലതും പ്രഖ്യാപിച്ചെങ്കിലും സ്ഥാപനം നഷ്ടത്തിൽനിന്നു നഷ്ടത്തിലേക്കു കൂപ്പുകുത്തുകയാണ്.

നവീകരണനിർദ്ദേശങ്ങൾക്കെതിരേ പലപ്പോഴും എതിർപ്പും പ്രതിഷേധവുമാണ് ഉയരുന്നത്. ഏറ്റവുമൊടുവിൽ കെഎസ്ആർടിസിയുടെ കീഴിൽ സ്വിഫ്റ്റ് കമ്പനി രൂപവത്കരിച്ചതും പ്രതിഷേധത്തിന് ആക്കം കൂട്ടി - സ്വിഫ്റ്റ് കെഎസ്ആർടിസിയെ രക്ഷപ്പെടുത്താനെന്നാണു പറയപ്പെടുന്നത്. പക്ഷേ, സ്വിഫ്റ്റിലൂടെ കെഎസ്ആർടിസി സ്വകാര്യകമ്പനിയായി മാറുമെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.

സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ടു വർഷത്തിനുള്ളിൽ കെഎസ്ആർടിസിയെ നഷ്ടത്തിൽനിന്നു കരകയറ്റുമെന്നാണു കഴിഞ്ഞ തവണ അധികാരത്തിലേറിയപ്പോൾ പിണറായി സർക്കാർ പ്രഖ്യാപിച്ചത്. എന്നാൽ, അഞ്ചു വർഷത്തെ ഭരണം പൂർത്തിയായപ്പോൾ മാസശമ്പളം നൽകാൻ പ്രയാസപ്പെടുന്ന അവസ്ഥയിലായിരുന്നു കെഎസ്ആർടിസി. വീണ്ടും അധികാരമേറ്റിട്ടും നഷ്ടത്തിൽത്തന്നെയാണു സ്ഥാപനം. ഇത്തവണ വിഷുവും ഈസ്റ്ററും കഴിഞ്ഞിട്ടുപോലും ശമ്പളം കൊടുക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ മാസവും ഏറെ താമസിച്ചാണു ശമ്പളം കൊടുത്തത്. ഇങ്ങനെ പോയാൽ ഈ സ്ഥാപനത്തിന്റെ നിലനില്പ് എങ്ങനെയാവും? കഴിഞ്ഞ അഞ്ചു വർഷത്തിനിടെ 5000 കോടി കെഎസ്ആർടിസിക്കായി ചെലവാക്കിയിട്ടും കാര്യങ്ങൾ എങ്ങുമെത്തിയില്ല.

2019 ഫെബ്രുവരി 28 ന് മുഖ്യമന്ത്രിക്കു റിപ്പോർട്ട് സമർപ്പിച്ച സുശീൽ ഖന്ന കമ്മിറ്റി ചൂണ്ടിക്കാണിച്ച പിഴവുകൾ ഇതുവരെ തിരുത്തിയിട്ടില്ല. ജീവനക്കാരുടെ നിഷേധാത്മകമനോഭാവം കാരണം ഹാജരാകാതിരിക്കൽ, ജീവനക്കാരുടെ കുറഞ്ഞ ഉത്പാദനക്ഷമത, ഷെഡ്യൂൾ റദ്ദാക്കൽ, വർക്ക് ഷോപ്പ് നവീകരണം, കമ്പ്യൂട്ടർവത്കരണം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിച്ചിട്ടില്ല.

**കെഎസ്ആർടിസിയുടെ ചരിത്രത്തിലേക്ക്**

തിരുവിതാംകൂറിലെ അവസാനത്തെ രാജാവായിരുന്ന ശ്രീചിത്തിരതിരുനാൾ 1937 സെപ്റ്റംബർ 20ന് സ്ഥാപിച്ച് 1938 ഫെബ്രുവരി 20ന് ഉദ്ഘാടനം ചെയ്ത തിരുവിതാംകൂർ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റാണ് 1965 ഏപ്രിൽ ഒന്നിന് സ്വയംഭരണാധികാരത്തോടെയുള്ള ട്രാൻസ്പോർട്ട് കോർപ്പറേഷനായി മാറിയത്. 1970 വരെ നല്ല നിലയിലായിരുന്നു സ്ഥാപനം പ്രവർത്തിച്ചുവന്നത്.

പിന്നീട് പൊതുജനങ്ങൾക്കു ചെലവു കുറഞ്ഞ സുരക്ഷിതയാത്ര നൽകുക എന്ന ലക്ഷ്യം വിട്ട് ലാഭത്തോടുകൂടി മുതൽ തിരിച്ചുപിടിക്കുക എന്ന ലക്ഷ്യത്തിലേക്കു മാറിയത് കെഎസ്ആർടിസി. ഇന്നു കടന്നുപോകുന്ന പ്രതിസന്ധികളിലേക്കുള്ള തുടക്കമായി. കേരളത്തിന്റെ അഭിമാനവും സാധാരണക്കാരന്റെ ആശ്രയവുമായ കെഎസ്ആർടിസി, സർക്കാരിന്റെ വെള്ളാനയാകുന്ന കാഴ്ചയാണ് ഇപ്പോൾ കാലങ്ങളായി കാണുന്നത്.

കോമറ്റ് ഷാസിയിൽ പെർകിൻസ് ഡീസൽ എൻജിൻ ഘടിപ്പിച്ച, ഇംഗ്ലണ്ടിൽനിന്ന് ഇറക്കുമതി ചെയ്ത 60 ബസുകളായിരുന്നു കേരളം കീഴടക്കിയ ആദ്യ മോഡൽ കെഎസ്ആർടിസി ബസുകൾ. ഇന്ന് പക്ഷേ കെഎസ്ആർടിസിക്ക് അശോക് ലെയ്‌ലാൻഡ്, ടാറ്റാ മോട്ടോർസ്, ഐഷർ, വോൾവോ, സ്കാനിയ തുടങ്ങി ഏറ്റവും പുതിയ കെ സ്വിഫ്റ്റ് ആഡംബരമോഡലുകൾ വരെ ഏറെയുണ്ട്. ലളിതമായിരുന്നു തുടക്കമെങ്കിലും, നഷ്ടക്കഥകളാണ് ബാക്കിയെങ്കിലും 29 ഡിപ്പോകളും 43 സബ് ഡിപ്പോകളും 21 ഓപ്പറേറ്റിങ് ഡിപ്പോകളുമായി വലിയ സ്ഥാപനംതന്നെയാണ് കെഎസ്ആർടിസി ഇന്ന്. 6241 കെഎസ്ആർടിസി ബസുകളാണ് സർവീസ് നടത്തുന്നത്.

പൊതുമേഖലാസ്ഥാപനമെന്ന നിലയിൽ, കെഎസ്ആർടിസിക്ക് സർക്കാർ മാസംതോറും ഗ്രാന്റായി നൽകുന്ന 100 കോടിയിലാണ് ഇപ്പോൾ സ്ഥാപനം നിലനിന്നുപോകുന്നത്.

ആറായിരത്തിലധികം ബസുകൾ ഉണ്ടെങ്കിലും കാലപ്പഴക്കംമൂലം പല ബസുകളും മോശം നിലയി




ലാണ്. കഴിഞ്ഞ ആറു വർഷംകൊണ്ട് വെറും 110 ബസ് മാത്രമാണ് കെഎസ്ആർടിസിക്കു വാങ്ങാനായത്, കടംകേറി നശിക്കുന്ന അവസ്ഥയിൽ പുതിയ ബസുകൾ വാങ്ങുന്നതെങ്ങനെ? ഇതിനിടയിലും 2,885 ബസുകൾ വെറുതേ കിടന്നു നശിക്കുന്നുമുണ്ട്. എല്ലാം കെടുകാര്യസ്ഥതയുടെ ഫലം! ബസ് വാടകയ്ക്കെടുത്താണ് പല സർവീസും നടത്തുന്നത്. കൊവിഡ് കാലം പ്രതിസന്ധിക്ക് ആക്കം കൂട്ടി. കൊവിഡിനുമുമ്പ് പ്രതിദിനം 17 ലക്ഷം കിലോമീറ്റർ ഓടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ ഓട്ടം 10 ലക്ഷം കിലോമീറ്റർ മാത്രം.

**മോശം പ്രകടനവുമായി കെഎസ്ആർടിസി**

കോർപ്പറേഷനെ അലട്ടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കാൻ രണ്ടു വർഷത്തെ സമഗ്രമായ പഠനം നടത്തിയ സുശീൽ ഖന്ന പാനൽ, കെഎസ്ആർടിസിയെ ലാഭകരമായ സ്ഥാപനമാക്കി മാറ്റുന്നതിന് നയങ്ങളിൽ മാറ്റം വരുത്താൻ നിർദേശിച്ചു. ദക്ഷിണേന്ത്യയിലെ മറ്റ് എസ്ടിസികളെ അപേക്ഷിച്ച് കെഎസ്ആർടിസിയുടെ മോശം പ്രകടനത്തിന്റെ കാരണങ്ങൾ സുശീൽ ഖന്ന പാനൽ നടത്തിയ സ്ട്രാറ്റജിക് ഓഡിറ്റ് വെളിപ്പെടുത്തി. എപിഎസ്ആർടിസിയുടെ ഫ്ളീറ്റ് വിനിയോഗം 92.80 ശതമാനമായപ്പോൾ, 83 ശതമാനം ഫ്ളീറ്റ് ഉപയോഗവുമായി കെഎസ്ആർടിസിയാണ് ഏറ്റവും മോശം പ്രകടനം കാഴ്ചവച്ചത്. എപിഎസ്ആർടിസിയിൽ ഒരു ബസിൽ 4.85 ജീവനക്കാരുണ്ടായിരുന്നപ്പോൾ കെഎസ്ആർടിസിയുടെ അനുപാതം 8.37 ആയി. ആവശ്യത്തിലധികം ജീവനക്കാരുണ്ടായിട്ടും കെഎസ്ആർടിസിയുടെ ജീവനക്കാരുടെ ഉത്പാദനക്ഷമത പ്രതിദിനം 36.80 കിലോമീറ്ററാണ്. എപിഎസ്ആർടിസിയുടെ ഉത്പാദന അനുപാതം ഒരു സ്റ്റാഫിന് 70 കി.മീ. ആയിരുന്നു, അതേസമയം തമിഴ്നാട്ടിലെ സ്റ്റേറ്റ് എക്സ്പ്രസ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഒരു സ്റ്റാഫിന് 93.90 കി.മീ എന്ന മികച്ച പ്രകടനമാണു കാഴ്ചവച്ചത്.

കെഎസ്ആർടിസി ബസുകൾ അറ്റകുറ്റപ്പണികൾക്കായി ദീർഘനേരം റോഡിൽ നിർത്തിയിരുന്നതായി സുശീൽ ഖന്ന സമിതി കണ്ടെത്തി. അയഞ്ഞ തൊഴിൽ മാനദണ്ഡങ്ങൾ, മോശം തൊഴിലന്തരീക്ഷം, ഹാൻഡ് പെയിന്റിങ് പോലുള്ള പുരാതന സാങ്കേതികവിദ്യ, മോശം ഇൻവെന്ററി മാനേജ്മെന്റ് എന്നിവയാണ് ഉത്പാദനക്ഷമത കുറയാനുള്ള കാരണങ്ങളായി ചൂണ്ടിക്കാട്ടുന്നത്.

പണ്ട് സ്വകാര്യ ബസുകളേറെയുണ്ടായിരുന്ന ദീർഘദൂരറൂട്ടുകൾ മുഴുവൻ സർക്കാർ നയപ്രകാരം ഇപ്പോൾ കെ.എസ്.ആർ.ടി.സിയുടെ സ്വന്തമാണ്. 140 കിലോമീറ്ററിനു മുകളിലുള്ള റൂട്ടുകളെല്ലാം കെഎസ്ആർടിസി ഏറ്റെടുത്തെങ്കിലും ഓടിക്കാൻ ബസില്ലാത്തതിനാൽ ഭൂരിഭാഗം റൂട്ടുകളിലും സർവീസ് തുടങ്ങിയിട്ടില്ല.

പുതിയ ബസുകൾ വേണമെന്നുണ്ടെങ്കിൽ കുറഞ്ഞത് 50 ലക്ഷം വരെ ചെലവാകും. വാങ്ങിയ പണം മുതലായില്ലെങ്കിൽ സ്ഥാപനം വീണ്ടും കടക്കെണിയിലാകും. ഇനിയും കൂടുതൽ ഭാരം കെഎസ്ആർടിസിക്കു താങ്ങാനാകില്ല.

കെഎസ്ആർടിസി എന്ന പേരും ആനവണ്ടി എന്ന ലോഗോയും സംസ്ഥാന സർക്കാർ നിയമപരമായിത്തന്നെ സ്വന്തമാക്കിക്കഴിഞ്ഞതു മാത്രമാണൊരു നേട്ടം പറയാനുള്ളത്. കർണ്ണാടകയുടെ ട്രാൻസ്പോർട്ട് കോർപ്പറേഷനെ തറപറ്റിച്ചാണ് കെഎസ്ആർടിസി എന്ന പേര് കേരളം സ്വന്തമാക്കിയത്.

അനുദിനം കടത്തിൽനിന്നു കടത്തിലേക്കു കൂപ്പുകുത്തുന്ന, കെഎസ്ആർടിസിക്ക് ആരാണ് രക്ഷകനാകുക, കാത്തിരിക്കുകതന്നെ.

# ഒരു ഗ്രാമീണവികാരിയുടെ ഡയറിക്കുറിപ്പുകൾ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

***കർദിനാൾ റോബർട്ട് സറായുടെ 'എന്നന്നേക്കും' (For the Eternity) എന്ന ഗ്രന്ഥം പങ്കുവയ്ക്കുന്ന പൗരോഹിത്യചിന്തകളുടെ ഒരു അവലോകനം***

**X**



**ഉ**ത്തമ കത്തോലിക്കനായ ഒരു ഫ്രഞ്ച് സാഹിത്യകാരനും നോവലിസ്റ്റുമാണ് ജോർജ് ബെർണനോസ് (1888–1948). 1936ൽ അദ്ദേഹം പാരീസിൽ പ്രസിദ്ധീകരിച്ച നോവലാണ് 'ഒരു ഗ്രാമീണവികാരിയുടെ ഡയറിക്കുറിപ്പുകൾ.' അടുത്തവർഷംതന്നെ അതിന്റെ ഇംഗ്ലീഷ് പതിപ്പ് ഇറങ്ങി. വളരെയധികം വായനക്കാരെ ആകർഷിച്ച ഈ നോവലിനു പ്രധാനപ്പെട്ട പല പുരസ്കാരങ്ങളും ലഭിച്ചു. 1951 ൽ റൊബേർ ബ്രസ്സോൺ എന്ന ചലച്ചിത്രസംവിധായകൻ ഈ നോവൽ ഇതേ പേരിൽ സിനിമയാക്കി.

2022 ഫെബ്രുവരി 17 മുതൽ 19 വരെ വത്തിക്കാനിൽ പൗരോഹിത്യത്തെപ്പറ്റി നടന്ന ഒരു സിമ്പോസിയത്തിൽ കാർഡിനൽ തൊളെന്തീനോ ദെമെന്ദോസ തന്റെ കോൺഫറൻസ് ആരംഭിക്കുന്നതുതന്നെ ജോർജ് ബർണനോസിന്റെ ഈ നോവലിനെക്കുറിച്ചു പറഞ്ഞുകൊണ്ടാണ്. അദ്ദേഹത്തിന്റെതന്നെ മറ്റൊരു നോവലിനെയും കർദിനാൾ പരാമർശിക്കുന്നുണ്ട്. 'സാത്താന്റെ സൂര്യനു കീഴിൽ' എന്നതാണ് പ്രസ്തുത നോവൽ.

Diary of a Country Priest ൽ കത്തോലിക്കാസഭയുടെ അടിസ്ഥാനവിശ്വാസസത്യങ്ങളാണ് ഒരു ഡയറിയുടെ രൂപത്തിൽ പ്രതിപാദിക്കുന്നത്. നിത്യരക്ഷ, പാപം, മാനസാന്തരം, ദൈവവരപ്രസാദം, പൗരോഹിത്യം, സന്ന്യാസം തുടങ്ങിയ എല്ലാ വിഷയങ്ങളും ഈ ഡയറിക്കുറിപ്പുകളിൽ കണ്ടെത്താം.

നോവലിൽ കഥാനായകന്റെ പേര് അപ്രധാനമാണ്. ഒന്നുരണ്ടിടത്ത് 'അംബ്രിക്കൂറി'ലെ വികാരി എന്നു പറയുന്നുണ്ട്.

ഉദരത്തിൽ കാൻസറുമായി ജീവിക്കുന്ന മെലിഞ്ഞു ശോഷിച്ച ഈ യുവവൈദികന് ഉണങ്ങിയ റൊട്ടി റെഡ്വൈനിൽ മുക്കിക്കഴിക്കാനേ പറ്റൂ. മറ്റൊന്നും ദഹിക്കില്ല. പരാജയമെന്നു സ്വയം എഴുതിത്തള്ളിയ ഈ യുവവൈദികൻ കൈവയ്ക്കുന്നിടത്തെല്ലാം പരാജയം ഏറ്റുവാങ്ങുകയാണെന്നു വായനക്കാരനു തോന്നും. ഈ പാവം വൈദികനെ ഇടവകക്കാരും വെറുക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് അയൽവികാരിയുടെ വാക്കുകൾ പ്രസക്തമാകുന്നത്. അദ്ദേഹം ഉള്ളിന്റെയുള്ളിൽ ബഹുമാനത്തോടും സ്നേഹത്തോടുമാണു കൊച്ചച്ചനോടു സംസാരിക്കുന്നത്. എന്നാൽ, ശാസിക്കുകയാണന്നേ തോന്നൂ. 'നീ ആവശ്യത്തിനു പ്രാർത്ഥിക്കുന്നില്ല, നീ ലോകത്തിന്റെ തേനാണെന്നല്ല ഈശോ പറഞ്ഞത്, ഉപ്പാണെന്നാണ്. ജനത്തിന്റെ സ്നേഹമല്ല ആഗ്രഹിക്കേണ്ടത്; അവരുടെ ആദരവും അനുസരണവും ആർജിക്കുക; ഒരു യഥാർത്ഥവൈദികൻ സന്ദേഹിക്കപ്പെടുന്നില്ല എന്ന കാര്യം ശരിക്കും മനസ്സിലാക്കണം തുടങ്ങിയ ഉപദേശങ്ങൾ.

നോവൽ തീരുമ്പോൾ മനസ്സിലാകും, പലരുടെയും മാനസാന്തരത്തിനു വഴിതെളിച്ച ഈ ഇടയൻ വീരോചിതമായി ജീവിച്ചെന്ന്. ഡയറിയിലെ സമാപനവാക്യം ഇതാണ്: "ദൈവദാനങ്ങളിൽ വച്ച് ഏറ്റവും വലിയ ദാനം എളിമയോടെ തന്നെത്തന്നെ സ്നേഹിക്കുക എന്നതാണ്." (ഈ നോവലിന്റെ ഇംഗ്ലീഷ് തർജമ ഇന്റർനെറ്റിൽ ലഭ്യമാണ്.)

'തോർസി' എന്ന ഇടവകയുടെ വയോധികനായ വികാരിയച്ചൻ ഈ നോവലിലെ പ്രധാന കഥാപാത്രമായ ചെറുപ്പക്കാരനായ വികാരിയച്ചനു നല്കുന്ന ഉപദേശങ്ങളുടെ സംഗ്രഹം.

കൊച്ചച്ചനെ സശ്രദ്ധം ശ്രവിച്ചശേഷമാണ് തന്റെ അഭിപ്രായങ്ങൾ അനുഭവസമ്പന്നനായ 'തോർസി'യിലെ വികാരി മുന്നോട്ടു വയ്ക്കുന്നത്.

**പ്രാർത്ഥന കുറയരുത്**

ഒന്നാമതായി, ആശങ്കകളും വേവലാതികളും വെടിഞ്ഞ് പ്രാർത്ഥനയിൽ കൂടുതലായി ശ്രദ്ധിക്കുക. ക്ലേശങ്ങളും കഷ്ടപ്പാടുകളും വർദ്ധിക്കുമ്പോൾ പ്രാർത്ഥനയും വർദ്ധിപ്പിക്കുക.

അതാണു ദുഷ്കരമെന്നു പ്രത്യുത്തരിക്കുന്ന യുവവൈദികനോടു പരിചയസമ്പന്നനായ വികാരിയച്ചൻ തനിക്കും പ്രാർത്ഥന ഭഗീരഥപ്രയത്നമായിരുന്ന കാലമുണ്ടായിരുന്നുവെന്നും ഒരു കൊന്ത ചൊല്ലി മുഴുമിപ്പിക്കാൻ നന്നേ ക്ലേശിച്ചിട്ടുണ്ടന്നും പ്രസ്താവിക്കുന്നു. അതു സാത്താന്റെ തന്ത്രമാണെന്നും പ്രാർത്ഥന ഉപേക്ഷിക്കരുതെന്നും അദ്ദേഹം മുന്നറിയിപ്പു നല്കുന്നു.

**ദൈവവിളിയുടെ മുഹൂർത്തം**

ഓരോ പുരോഹിതനും തന്റെ ദൈവവിളിയെക്കുറിച്ചു ചിന്തിച്ച്, മിശിഹായുടെ ജീവിതത്തിലെ ഏതു സന്ദർഭവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു കണ്ടെത്തണമെന്ന് 'തോർസി'യിലെ വികാരി നിർദേശിച്ചു. അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കേ യുവവൈദികൻ കണ്ണുനീർ വാർത്തുതുടങ്ങി. കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "ഞാനെന്റെ ദൈവവിളിയുടെ മുഹൂർത്തം കണ്ടെത്തുന്നത് എപ്പോഴും ഗദ്സേമിനിയിലാണ്. കർത്താവു വന്നു തോളിൽത്തട്ടി പത്രോസിനോട്, 'നിങ്ങൾ ഉറങ്ങുകയാണോ?' എന്നു ചോദിക്കുന്ന സന്ദർഭം! ഇതിനു 'തോർസിയിലെ' വികാരി നല്കുന്ന ഉത്തരം: "താങ്കൾക്കെന്തുപറ്റി സ്നേഹിതാ, ദിവാസ്വപ്നം കാണുകയാണോ? പ്രാർത്ഥന ദിവാസ്വപ്നമായിത്തീരരുത്. അതു പ്രാർത്ഥനയല്ല."

ഗദ്സേമിനിയിലെ ദിവ്യമായ മരണവേദനയുടെ തടവുകാരനാണു താനെന്നു ചിന്തിച്ചുകൊണ്ട് ആ യുവവൈദികൻ കണ്ണുതുടച്ചു ഗുരുതുല്യനായ തന്റെ സീനിയർ വൈദികന്റെ വാക്കുകൾക്കായി കാതോർത്തു നിവർന്നിരുന്നു. അദ്ദേഹം തുടർന്നു: സ്നേഹിതാ, ചെറിയ ചെറിയ കാര്യങ്ങൾ സശ്രദ്ധം നിർവഹിക്കുക. ചെറിയ കാര്യങ്ങൾക്കായി പ്രാർത്ഥിക്കുക. ഓരോ കുഞ്ഞു കാര്യത്തിലും ഒരു മാലാഖയുണ്ട്. അതുകൊണ്ട് മാലാഖാമാരോടു പ്രാർത്ഥിക്കുക. പരിശുദ്ധ കന്യകാമാതാവിനോടും പ്രാർത്ഥിക്കുക. പരിശുദ്ധ അമ്മയുടെ ശിശുസഹജമായ കടാക്ഷം അങ്ങയുടെ മേൽ ഉണ്ടാകട്ടെ എന്ന ആശംസയോടെയാണ് ഈ സംഭാഷണം ഉപസംഹരിക്കുന്നത്.

ബർണനോസിന്റെ നോവലിലെ ഈ സംഭാഷണത്തിലെ ആശയങ്ങളെ അധികരിച്ചു കർദിനാൾ സറാ നല്കുന്ന വിചിന്തനങ്ങൾ താഴെ കുറിക്കട്ടെ.

**1. കത്തോലിക്കാപൗരോഹിത്യം**

കത്തോലിക്കാപൗരോഹിത്യത്തെ വിശ്വാസികൾ അവരിലൊരാളെ ഭരമേല്പിക്കുന്ന ഒരു ചുമതലയായിക്കാണരുത്. പ്രോട്ടസ്റ്റന്റുകാരുടെ തെറ്റായ കാഴ്ചപ്പാടുകളിലൊന്നാണിത്. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ, രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം (എന്നാൽ, കൗൺസിൽ അല്ല അതിനു കാരണം) സഭയിലുണ്ടായ വിശ്വാസപ്രതിസന്ധി പൗരോഹിത്യത്തെയും ബാധിക്കുകയുണ്ടായി. ഇപ്പോഴും സഭ ആ പ്രതിസന്ധിയിൽനിന്നു കരകയറിയിട്ടില്ല.

നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരവും അതിലൂടെ കൈവന്ന നിത്യരക്ഷയുംവഴി ദൈവവും മനുഷ്യനുമായുള്ള ബന്ധം സ്രഷ്ടാവും സൃഷ്ടിയും എന്ന നിലയിൽനിന്നു പിതാവും ദത്തുമക്കളും എന്ന അവസ്ഥയിലേക്കു രൂപാന്തരം പ്രാപിച്ചു. അതിനാൽ, ക്രൈസ്തവജീവിതത്തെയും പ്രത്യേകമായി പൗരോഹിത്യത്തെയും ദൈവവരപ്രസാദത്തിന്റെ പ്രകൃത്യതീതമായ മണ്ഡലത്തിൽ ഉൾപ്പെടുത്തി ദർശിക്കാൻ നമുക്കു സാധിക്കണം.

ഈ ഗ്രന്ഥത്തിൽ പല പ്രാവശ്യം കർദിനാൾ സറാ ഊന്നിപ്പറഞ്ഞിട്ടുള്ളതുപോലെ, നിത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യത്തിലുള്ള പങ്കുചേരലാണു കത്തോലിക്കാപൗരോഹിത്യം. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ അയയ്ക്കുന്നവനെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവൻ, എന്നെ അയച്ചവനെ സ്വീകരിക്കുന്നു" (യോഹ. 13:20). സ്വന്തം നിലയിൽ ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ തിരുപ്പട്ടസ്വീകരണം വഴി ലഭിക്കുന്ന പരിശുദ്ധമായ ശക്തിയാൽ പുരോഹിതൻ നിർവഹിക്കുന്നു. കർത്താവിനു മാത്രം ചെയ്യാവുന്ന കാര്യങ്ങളായ പാപമോചനവും വിശുദ്ധകുർബാനയും കർത്താവിന്റെ നാമത്തിൽ പുരോഹിതൻ പരികർമം ചെയ്യുന്നു.

**പൗരോഹിത്യവും പരിശുദ്ധ അമ്മയും**

സ്ലീവാ, ദിവ്യകാരുണ്യം, പരിശുദ്ധ കന്യക എന്നീ ത്രിവിധകാര്യങ്ങളാണ് പൗരോഹിത്യജീവിതത്തെ പരിപോഷിപ്പിക്കുന്നതും പടുത്തുയർത്തുന്നതും. കുരിശ് ദൈവത്തിന്റെ പരമോന്നത സ്നേഹത്തിന്റെ അടയാളമാണ്. ദിവ്യകാരുണ്യം കൂടാതെ സഭയില്ല. അതാണു ദൈവികജീവനിൽ നമ്മെ പങ്കുകാരാക്കുന്നത്. കർദിനാൾ സറാ തുടർന്ന് എഴുതുന്നു: "മാതാവ് നമ്മളെ വളരെ എളുപ്പം ഈശോയിലേക്കു നയിക്കുകയും അവിടുത്തെ സ്നേഹിക്കാനും സവിനയം മുഴുഹൃദയത്തോടെ ശുശ്രൂഷിക്കാനും പഠിപ്പിക്കുകയും ചെയ്യുന്നു."

വിശുദ്ധ ഗ്രിഞ്ഞിയോൻ ദ് മോൺ ഫോർ പറയുന്നത് ഈശോയിലേക്കു മാതാവിനൊപ്പമുള്ള യാത്ര ശാന്തവും സുഗമവുമാണെന്നാണ്.

ജോർജ് ബർണനോസ് മാതാവിന്റെ ശിശുസഹജമായ കടാക്ഷത്തെക്കുറിച്ചു പറഞ്ഞതിനെ സംബന്ധിച്ച് കർദിനാൾ സറാ വിശദീകരിക്കുന്നുണ്ട്. മാതാവിന്റെ അനുകമ്പാർദ്രമായ കടാക്ഷം നമ്മുടെമേലുണ്ടെന്നുള്ള അറിവ് നമ്മളെ നന്നായി പ്രാർത്ഥിക്കാൻ പ്രാപ്തരാക്കും.

കർദിനാൾ തുടരുന്നു: ഒരു കുടുംബത്തിൽ സ്ത്രീകളാണ് ഏതു കാര്യത്തിന്റെയും വിശദാംശങ്ങൾ ശ്രദ്ധിക്കുന്നത്. പരിശുദ്ധ കന്യകാമാതാവ്, ജീവിതത്തിലെ ഓരോരോ വിശദാംശവും ശ്രദ്ധിക്കാൻ പുരോഹിതനെ സഹായിക്കുന്നു. വൈദികന്റെ ജീവിതത്തിലെ മാതൃസാന്നിധ്യമാണ് പരിശുദ്ധ മറിയം. മറിയത്തോടും മറിയത്തോടൊപ്പവുമുള്ള ജപമാല അനുദിനം പ്രാർത്ഥിക്കുന്നതിലൂടെ ഈ സാന്നിധ്യം ഉറപ്പാക്കണം.

"നീ ആവശ്യത്തിനു പ്രാർത്ഥിക്കുന്നില്ല." അതായത്, പ്രാർത്ഥന പോരാ എന്ന് യുവവൈദികനോട് 'തോർസി'യിലെ വികാരി ശാസനാരൂപേണ പറയുന്ന കാര്യവും കർദിനാൾ ഓർമിപ്പിക്കുന്നു.

■






ജസ്റ്റിൻ തോമസ്

# നിന്റെ അപ്പനാടാ അപ്പൻ

മനുവിന്റെ കൂട്ടുകാരൻ അവധിക്കാലത്ത് അവന്റെ വീട്ടിൽ എത്തിയപ്പോൾ സന്തോഷകരവും അവനു തീർത്തും പരിചിതമല്ലാത്തതുമായ ചില അനുഭവങ്ങളുണ്ടായി. മനുവിന്റെ പിതാവ് രാവിലെ മുറ്റം അടിക്കുന്നു, അടുക്കളയിൽ സഹായിക്കുന്നു, മനുവിന്റെകൂടെ കുറച്ചുസമയം കളിക്കുന്നു, മുതിർന്ന കുടുംബാംഗങ്ങളോടു സംസാരിക്കുന്നു, വീട്ടുസാധനങ്ങൾ കടയിൽനിന്നു വാങ്ങുന്നു, മനുവിന്റെ അമ്മയുമായി ആശയവിനിമയം നടത്തുന്നു; ചുരുങ്ങിയത് ഒരു നേരമെങ്കിലും എല്ലാവരും ഒരുമിച്ചു ഭക്ഷണം കഴിക്കുന്നു, പ്രാർത്ഥനയിൽ പങ്കുചേരുന്നു. എല്ലാവരുമായി സംസാരിച്ച് തീരുമാനങ്ങളെടുക്കുന്നു (മിക്ക തീരുമാനങ്ങളും), മനുവിന്റെ ഭാവിപഠനത്തെക്കുറിച്ചു ചർച്ച ചെയ്യുന്നു, തന്റെ ജോലി ഏകാഗ്രതയോടെ ചെയ്യുന്നു. ചുരുക്കത്തിൽ, മനുവിന്റെ അപ്പനും അമ്മയും വീട്ടിലുള്ള മറ്റുള്ളവരും എല്ലാക്കാര്യങ്ങളിലും ഒരുപോലെ ശ്രദ്ധ ചെലുത്തുന്നു.



മനുവിന്റെ കൂട്ടുകാരൻ കണ്ടു പഴകിയത് വളരെ വ്യത്യസ്തമായ ഒരു കുടുംബാന്തരീക്ഷമായിരുന്നു. രാവിലെ എണീറ്റ് ചൂടുകാപ്പിക്കുവേണ്ടി അക്ഷമനായി കാത്തിരിക്കുന്ന, കാപ്പിക്കൊപ്പം ദിനപത്രം ലഭിച്ചില്ലെങ്കിൽ രോഷാകുലനാകുന്ന, മക്കളുടെ ശബ്ദം ഉയർന്നാൽ പൊട്ടിത്തെറിക്കുന്ന, തന്നെ ചോദ്യം ചെയ്യുന്നത് ഇഷ്ടമില്ലാത്ത, താൻ ജോലി ചെയ്തു പണമുണ്ടാക്കുന്നതിനാൽ തന്റെ ഇഷ്ടങ്ങൾ വീട്ടിൽ നടക്കണമെന്നു വാശിപിടിക്കുന്ന, വളരെക്കുറച്ചു മാത്രം സംസാരിക്കുന്ന, പ്രകോപനമില്ലാതെ അസഭ്യം പറയുകയും അരിശം പ്രകടിപ്പിക്കുകയും ചെയ്യുന്ന, താനൊഴിച്ച് മറ്റാരും നല്ലതല്ല എന്നു വാദിക്കുന്ന ഒരു പിതാവിനെയാണ് മനുവിന്റെ കൂട്ടുകാരനു പരിചയം. അതാണ് ഈ കുട്ടിയെ മനുവിന്റെ വീട്ടിലെ കുടുംബാംഗങ്ങളുടെ പ്രവൃത്തികൾ അദ്ഭുതപ്പെടുത്തിയത്. ഒപ്പം, മനുവിനെ വിളിച്ച് ഒരു കാര്യംകൂടി അവൻ പറഞ്ഞു: "എടാ, നമ്മളു പ്രായമായി അപ്പൻമാരൊക്കെ ആകുമ്പോൾ നിന്റെ അപ്പനെപ്പോലെ ആകണം. നിന്റെ അപ്പനാടാ അപ്പൻ."

ഒരിക്കൽ ഒരു വീട്ടിൽ ചെന്നപ്പോൾ അവിടത്തെ എട്ടുവയസ്സുകാരൻ പ്രാർത്ഥനാമുറിയിൽ കണ്ണടച്ചിരുന്ന് ഈശോ, ഈശോ എന്നു തുടർച്ചയായി ഉരുവിടുന്നു. കാര്യം തിരക്കിയപ്പോൾ അവന്റെ അമ്മ പറഞ്ഞു: "അപ്പൻ എത്രയും പെട്ടെന്ന് പുറത്തു പോകാൻ ഇളയ സന്തതി പ്രാർത്ഥിക്കുകയാണ്." കുളിച്ചൊരുങ്ങി സുമുഖനായി എത്തിയ ആ അപ്പനായ എന്റെ സുഹൃത്തിനോട്, സഹതാപമല്ലാതെ എന്തു തോന്നാൻ! എന്റെ കൗൺസലിങ് അനുഭവത്തിൽ അപ്പനെ വെറുക്കുന്ന മക്കളും, ഭർത്താവിന്റെ പ്രവൃത്തികൾമൂലം നരകിക്കുന്ന ഭാര്യമാരും, മകൻ ജനിക്കാതിരുന്നെങ്കിൽ എന്നു പ്രാർത്ഥിച്ചു കാലം കഴിക്കുന്ന മാതാപിതാക്കളും ധാരാളമുണ്ട്.

ആരായിരിക്കണം ഒരു അപ്പൻ? എന്തായിരിക്കണം അപ്പന്റെ ചുമതലകൾ?

മേൽസൂചിപ്പിച്ച രണ്ടു ചോദ്യങ്ങൾക്കും ഉത്തരം മനുവിന്റെ അപ്പനിൽ പ്രതിഫലിക്കുന്നുണ്ട്. മനുവിന്റെ അപ്പന്റെ സവിശേഷതകൾ താഴെ ചേർക്കാം:

1. സ്നേഹത്തിനു മുൻതൂക്കം നൽകുന്നു. 2. ഒരുമയെ പ്രോത്സാഹിപ്പിക്കുന്നു. 3. തുല്യതയ്ക്കു പ്രാധാന്യം നല്കുന്നു. 4. ആശയവിനിമയത്തിന്റെ അനിവാര്യത മനസ്സിലാക്കുന്നു. 5. സമാധാനാന്തരീക്ഷം സൃഷ്ടിക്കുന്നു. 6. മൂല്യങ്ങളെ മുറുകെപ്പിടിക്കുന്നു. 7. കുടുംബജീവിതത്തിന്റെ മഹത്ത്വവും അർത്ഥവും മനസ്സിലാക്കുന്നു. 8. പാരമ്പര്യവും പുരോഗമനചിന്തയും ഒരുപോലെ ഉൾക്കൊള്ളുന്നു. 9. വികാരത്തിനപ്പുറം വിചാരത്തിനും പ്രാധാന്യം നല്കുന്നു. 10. എല്ലാവർക്കും മാതൃകയാവുന്നു. 11. സ്വയം തിരുത്തി മറ്റുള്ളവരെ തിരുത്തുന്നു.

അപ്പൻ മരിച്ച വീടുകളും (നിർജീവമായ പ്രവൃത്തികൾകൊണ്ട്) അപ്പൻ കൊല്ലപ്പെടാൻ ആഗ്രഹിക്കുന്ന വീടുകളും (ദുഷ്കർമങ്ങൾകൊണ്ട്) ഇന്ന് നമ്മുടെ നാട്ടിൽ വർദ്ധിക്കുന്നു. എന്തുകൊണ്ടാണ് ഇത്തരം അപ്പന്മാർ ജനിക്കുന്നത് എന്നതു മനഃശാസ്ത്രപരമായി മനസ്സിലാക്കേണ്ട വസ്തുതയാണ്. ഇത്തരത്തിലുള്ള പിതാക്കൾ ഒരുപക്ഷേ, താഴെ പറയുന്ന അവസ്ഥകളിലൂടെ കടന്നുപോയിട്ടുണ്ടാവാം.

1. ഇവരുടെ ഇപ്പോഴത്തെ സ്വഭാവങ്ങൾ പ്രകടിപ്പിച്ചിരുന്ന മാതാപിതാക്കളാൽ വളർത്തപ്പെട്ട അവസ്ഥ. ഉദാ. വളരെ ക്രൂരനായ പിതാവിന്റെ മകൻ ഒരു പിതാവാകുമ്പോൾ ക്രൂരനോ കഴിവില്ലാത്തവനോ ആകുവാനുള്ള സാധ്യത കൂടുതലാണ്. 2. പാരമ്പര്യം. 3. മാനസിക അസുഖങ്ങൾ. 4. വിദ്യാഭ്യാസമില്ലായ്മ. 5. ശാരീരിക അസുഖങ്ങൾ. 6. മേൽ സൂചിപ്പിച്ച പ്രശ്നങ്ങളുള്ള പങ്കാളിക്കൊപ്പം ജീവിക്കേണ്ടിവരുക. 7. മദ്യം, മയക്കുമരുന്ന് തുടങ്ങിയ അടിമത്തങ്ങൾമൂലം. 8. ഒരു പുരുഷൻ എന്ന നിലയിൽ അവന് മനഃശാസ്ത്രപരമായും ശാരീരികമായും ലഭിക്കേണ്ട കാര്യങ്ങൾ പങ്കാളിയിൽനിന്നു ലഭിക്കാതെ വരുമ്പോൾ (ലൈംഗികസംതൃപ്തി, ബഹുമാനം, മാനസിക സ്വസ്ഥത, പരിഗണന, സ്നേഹം, പ്രോത്സാഹനം, സഹായഹസ്തം മുതലായവ.) 9. ജോലിസ്ഥലത്തെ സമ്മർദങ്ങളും സാമ്പത്തികബുദ്ധിമുട്ടുകളും. 10. പൂർത്തീകരിക്കപ്പെടാത്ത ആഗ്രഹങ്ങളും സഫലമാകാത്ത പ്രതീക്ഷകളും. 11. മോശം കൂട്ടുകെട്ടുകൾ/ ബന്ധങ്ങൾ.

മേൽ സൂചിപ്പിച്ചവയും അല്ലാത്തതുമായ അനേകം കാരണങ്ങളാൽ നിർജീവരായ, ക്രൂരരായ അപ്പന്മാർ കൗൺസലിങ് സ്വീകരിക്കാൻ എത്താറുണ്ട്. ആ ഒരു തുറവിയുണ്ടെങ്കിൽ, മാറണമെന്ന ഉൾവിളിയുണ്ടെങ്കിൽ ഏതൊരപ്പനും മനുവിന്റെ അപ്പനെപ്പോലെ യാകാം. ഒറ്റയ്ക്കു കഴിയുന്നില്ലായെങ്കിൽ മറ്റൊരാളുടെ സഹായം തീർച്ചയായും സ്വീകരിക്കാം. നല്ല പുസ്തകങ്ങൾ, നല്ല വ്യക്തികളുമായുള്ള സംസർഗം, ക്ലാസുകൾ, ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന യൂറ്റ്യൂബ് ചാനലുകൾ ഇവയൊക്കെ നിങ്ങൾക്ക് ആശ്രയിക്കാം.

# ആശയങ്ങളുടെ തമ്പുരാൻ

**2022 ഏപ്രിൽ 12**

**മഹാകവി കുമാരനാശാന്റെ നൂറ്റമ്പതാം ജന്മവാർഷികം**



സി. ഡോ. തെരേസ് ആലഞ്ചേരി SABS

ആ കണ്ടുമുട്ടൽ ഒരു വഴിത്തിരിവിനു നിമിത്തമായി. ശ്രീനാരായണഗുരുവുമായുള്ള കൂടിക്കാഴ്ചയാണ് കുമാരനാശാന്റെ ജീവിതത്തെ മാറ്റിമറിച്ചത്. അറിവും പാണ്ഡിത്യവും ബുദ്ധിവൈഭവവും നിറഞ്ഞ തിളക്കമുള്ള ജീവിതമായിരുന്നു ആശാന്റേത്. അസൂയാലുക്കളും ശത്രുക്കളും ആ ജീവിതപരിസരങ്ങളിൽ ആവോളമുണ്ടായിരുന്നു. ധ്യാനമനനങ്ങൾകൊണ്ട് എല്ലാറ്റിനെയും അദ്ദേഹം അതിജീവിച്ചു. മാത്രമല്ല, പ്രക്ഷുബ്ധമായ അനേകം മനസ്സുകളെ ശാന്തതയുടെയും സംയമനത്തിന്റെയും തുറമുഖത്തെത്തിക്കാൻ അദ്ദേഹത്തിന്റെ ചിന്തകൾക്കു കഴിഞ്ഞു.



വായനക്കാരന്റെ മനസ്സിന് അതിജീവനത്തിന്റെ കരുത്തേകുന്ന തരത്തിലുള്ളതാണ് ആശാന്റെ കവിതകൾ. വിശ്വമഹാകവി രവീന്ദ്രനാഥടാഗോറിന്റെയും വിവേകാനന്ദസ്വാമികളുടെയും ശ്രീനാരായണഗുരുവിന്റെയും സാന്നിധ്യവും പ്രോത്സാഹനവും ആശാനെ ആശയങ്ങളുടെ ചക്രവർത്തിയായി ഉയർത്തി. സംസ്കൃതം, ബംഗാളി, ഇംഗ്ലീഷ് ഭാഷകൾ അദ്ദേഹം സ്വായത്തമാക്കിയിരുന്നു.

ജീവിതസമഗ്രതയിലുണ്ടായ ആത്മീയ മാനസിക സംഘർഷങ്ങളിൽനിന്നു കടഞ്ഞെടുത്ത ആശയങ്ങളുടെ പ്രവാഹം അദ്ദേഹത്തിന്റെ കവിതകളുടെ പൊതുസ്വഭാവമായിരുന്നു.

മലയാളസാഹിത്യം പ്രമേയദാരിദ്ര്യം അനുഭവിച്ചിരുന്ന കാലത്താണ് 'വീണപൂവ്' എന്ന ഖണ്ഡകാവ്യവുമായി ആശാൻ സാഹിത്യലോകത്തു രംഗപ്രവേശം ചെയ്തത്. വീണു കിടക്കുന്ന പൂവിലൂടെ ജീവിതവേദാന്തത്തെ സംക്ഷിപ്തമായി ചിത്രീകരിക്കുകയായിരുന്നു ആശാൻ. 'ഹാ! പുഷ്പമേ...' എന്ന സംബോധനയിലാരംഭിക്കുന്ന വീണപൂവ് എന്ന കവിത ക്ഷണികമായ മനുഷ്യജീവിതത്തെ സമഗ്രമായി വിശകലനം ചെയ്ത് 'അവനിവാഴ്‌വു കിനാവു കഷ്ടം!' എന്ന വരികളിൽ അവസാനിക്കുമ്പോൾ വായനക്കാരന്റെ ചിന്തകളിലെ വേലിയേറ്റങ്ങൾ നിസ്സാരങ്ങളല്ല.

രാജ്ഞി യാചികയെപ്പോലെ അധഃപതിക്കുന്നതിന്റെ ചിത്രവും ആശാന്റെ മിക്ക കവിതകളിലും വായിച്ചെടുക്കാനാകും. അതുപോലെതന്നെ പതനത്തിൽനിന്ന് ഉയർച്ചയിലേക്കുള്ള ഒരു സഞ്ചാരവും ആ കവിതകളുടെ പ്രത്യേകതയാണ്. 'ചണ്ഡാലഭിക്ഷുകി'യിലെ മാതംഗിയും 'ദുരവസ്ഥ'യിലെ സാവിത്രിയും 'കരുണ'യിലെ വാസവദത്തയും ഉയിർത്തെഴുന്നേറ്റ സ്ത്രീബിംബങ്ങളാണ്. പാതിവ്രത്യത്തിന്റെ അവതാരമായി ജീവിച്ചിട്ടും കുലടയെന്നു പറഞ്ഞ് സീതയെ ആക്ഷേപിച്ചപ്പോൾ സീത കരഞ്ഞില്ല. ആത്മാഭിമാനത്തോടെ അവൾ രാജസിംഹാസനത്തിലിരിക്കുന്ന രാമന്റെ അടുക്കലെത്തി രാമനെ നോക്കി, വിധിക്കും വിചാരണയ്ക്കും നിൽക്കാതെ

'നെടുനാൾ വിപിനത്തിൽ വാഴുവാ-
നിടയായ് ഞങ്ങളെതെന്റെ കുറ്റമോ,
പടുരാക്ഷസചക്രവർത്തിയെ-
ന്നുടൽ മോഹിച്ചതു ഞാൻ പിഴച്ചതോ?'

എന്ന വിങ്ങലോടെ അപ്രത്യക്ഷയാകുകയായിരുന്നു. സ്ത്രീത്വത്തിന്റെ മഹത്ത്വവും ഔന്നത്യവും ഈ കവിതയിലൂടെ ആശാൻ പൊതുസമൂഹത്തിലെത്തിച്ചു; ഒരു ഫെമിനിസത്തിന്റെയും കൂട്ടില്ലാതെ. രാജകീയ പ്രൗഢിയെക്കാൾ ആത്മാഭിമാനത്തിനു തിളക്കമുണ്ടെന്ന് സീതയിലൂടെ അന്ന് ആശാൻ പ്രഖ്യാപിക്കുകയായിരുന്നു.

ജാതീയമായ വേർതിരിവുകളും ഉച്ചനീചത്വങ്ങളും കൊണ്ട് ജീർണിച്ച കേരളത്തിന്റെ സംസ്കാരത്തിന്റെ മുഖത്തേറ്റ പ്രഹരമായിരുന്നു അദ്ദേഹത്തിന്റെ ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ തുടങ്ങിയ കൃതികൾ. സാവിത്രി അന്തർജനം ചാത്തൻപുലയന്റെ കരംപിടിച്ചു ജീവിതത്തിലേക്കു നടന്നടുക്കുമ്പോൾ ജാതിശ്രേണിയുടെ രണ്ടറ്റങ്ങളെ തമ്മിൽ ആശാൻ കൂട്ടിമുട്ടിക്കുകയാണുണ്ടായത്. മാപ്പിളലഹളയുടെ പശ്ചാത്തലത്തിൽ എഴുതിയതാണ് ദുരവസ്ഥ. ജാതിപ്പേക്കൂത്തുകൾകൊണ്ടു പൊറുതിമുട്ടിയ ലോകത്തോടു തന്റെ കവിതകളിലൂടെ അദ്ദേഹം കലഹിച്ചുകൊണ്ടിരുന്നു.

ജീവിതപരിസരങ്ങളിൽനിന്ന് ഏല്ക്കേണ്ടി വന്ന പരിക്കുകൾ ആ മനസ്സിലേല്പിച്ച പോറലുകളാണ് ഉജ്ജ്വലമായ ചിന്തകളായി കാവ്യരൂപത്തിൽ ഒഴുകിയിറങ്ങിയത്. പലരും അദ്ദേഹത്തെ കുറ്റപ്പെടുത്തുകയും ഒറ്റപ്പെടുത്തുകയും ചെയ്തപ്പോൾ അദ്ദേഹം തളർന്നില്ല. മറിച്ച്,

"ഒരുവേള പഴക്കമേറിയാലിരുളും
മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ"

എന്നു ലോകത്തോട് ഉറക്കെ വിളിച്ചു പറയുകയാണുണ്ടായത്.

ബുദ്ധമതത്തിന്റെയും ബ്രഹ്മസമാജത്തിന്റെയും ബംഗാളിലെ നവോത്ഥാനത്തിന്റെയും സ്വാധീനം ആശാന്റെ ചിന്തകളെ പ്രബുദ്ധമാക്കി. മഹാകാവ്യം എഴുതാതെതന്നെ മഹാകവിയായി അംഗീകരിക്കപ്പെട്ട ആശാനെ ഇംഗ്ലണ്ടിലെ വെയിൽസ് രാജകുമാരൻ പട്ടും വളയും നൽകി ആദരിച്ചു.

തിരുവനന്തപുരം കായിക്കര തൊമ്മൻവിളാകത്തു വീട്ടിൽ നാരായണന്റെയും കാളിയമ്മയുടെയും ഒൻപതു മക്കളിൽ രണ്ടാമനായി 1873 ഏപ്രിൽ 12 നു ജനിച്ച കുമാരു എന്ന കുമാരാനാശാൻ മലയാള കാവ്യലോകത്തെ വെള്ളിനക്ഷത്രംതന്നെ. വീണപൂവ്, നളിനി, ലീല, ചണ്ഡാലഭിക്ഷുകി, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, പ്രരോദനം തുടങ്ങിയ കവിതകളെല്ലാം മനോചികിത്സയ്ക്കുതകുന്ന ദിവ്യൗഷധങ്ങൾതന്നെ.

Deepanalam Weekly

RNI No : 16998/68
Vol. 55 No. 8 Date of Publication 21 April 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org